Uncorrected/Not for publication
29-09-2025

# നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

## ട്രഷറി നിയന്ത്രണം

ഡോ. മാത്യു കുഴൽനാടൻ: സർ, നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: എല്ലാ അംഗങ്ങളും ചെയറുമായി സഹകരിക്കുകയും സമയകൃത്യത പാലിക്കുകയും ചെയ്യണം.

ഡോ. മാത്യു കുഴൽനാടൻ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തതിലുള്ള നന്ദി ഞാൻ അറിയിക്കുകയാണ്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഞങ്ങൾ കൊണ്ടുവന്നത്. ഇന്നത്തെ ഉപക്ഷേപത്തിൽ പ്രധാനമായും ഞാൻ ഉന്നയിച്ചിരിക്കുന്നത് വെയ്സ് ആൻഡ് മീൻസിൽ സർക്കാർ വരുത്തിയിട്ടുള്ള റെസ്ട്രിക്ഷൻ സംബന്ധിച്ചാണ്. ട്രഷറിയിലൂടെ ഇരുപത്തിയഞ്ച് ലക്ഷം രൂപവരെയുള്ള ബില്ലുകൾ മാറാമായിരുന്നെങ്കിലും

ഇപ്പോൾ പത്തുലക്ഷം രൂപവരെ മാറിയാൽ മതിയെന്നുള്ള പുതിയ ഉത്തരവ് സർക്കാർ കൊണ്ടുവന്നിരിക്കുകയാണ്. ഈ വർഷം സർക്കാരിന് കടമെടുക്കാൻ അനുമതിയുള്ള 39,876 കോടി രൂപയിൽ 25,988 കോടി രൂപ ഇതിനോടകം കടമെടുത്ത് കഴിഞ്ഞിട്ടുണ്ട്. രണ്ടായിരം കോടി രൂപകൂടി ഈ മാസം സർക്കാർ കടമെടുക്കുമ്പോൾ മുന്നോട്ടുള്ള പ്രയാണത്തിന് സർക്കാരിന്റെ കൈയിൽ പണമില്ലെന്നുള്ളത് മുൻകൂട്ടിക്കണ്ടുകൊണ്ടാണ് പദ്ധതി ചെലവും ബില്ലുമാറുന്നതും വെട്ടിക്കുറച്ച് കുറുക്കുവഴിലൂടെ സമ്പദ്ഘടനയെ കൊണ്ടുപോകാൻ സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയമാണ് ഞങ്ങൾ ഇന്ന് ഈ ഉപക്ഷേപത്തിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. ഇതുമാത്രമല്ല, നമ്മൾ നേരിടുന്ന നിരവധി വെല്ലുവിളികളിലൊന്നാണ് കേന്ദ്രസർക്കാർ കൊണ്ടുവന്ന ജി.എസ്.ടി. റിവിഷൻ. 12 ശതമാനം, 28 ശതമാനം നികുതി നിരക്കുകൾ abolish ചെയ്യതോടുകൂടി ജി.എസ്.ടി. വരുമാനത്തിൽ കുറവുണ്ടാകുമോയെന്നുള്ള ഒരു ചോദ്യം നമ്മുടെ മുന്നിലുണ്ട്. കൂടാതെ അമേരിക്കയിൽ കൊണ്ടുവന്ന ട്രംപ് താരിഫും എച്ച്-വൺ ബി വിസയ്ക്ക് ഫീസ് വർധിപ്പിച്ചതും നമ്മുടെ സമ്പദ്ഘടനയിലും പ്രതിഫലനങ്ങളുണ്ടാക്കുന്നതാണ്. അതിനെ

സംബന്ധിച്ച് ആഴത്തിലുള്ള പഠനമോ പ്രഖ്യാപനമോ സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുവരെയുണ്ടായിട്ടില്ല. അടിസ്ഥാനപരമായ കാര്യങ്ങളിലേക്ക് നാം ശ്രദ്ധപതിപ്പിക്കാൻ ശ്രമിച്ചാൽ ഇതിന്റെയെല്ലാം കാരണം ധനകാര്യ വകുപ്പിന്റെ പ്രവർത്തനത്തിലെ പോരായ്മകളാണെന്ന് കാണാൻ കഴിയും. നികുതി പിരിവിൽ സർക്കാരിനുണ്ടാകുന്ന പരാജയത്തെ സംബന്ധിച്ച് ബഹുമാന്യനായ പ്രതിപക്ഷ നേതാവും ഞാനുൾപ്പെടെയുള്ള മറ്റ് അംഗങ്ങളും പല പ്രാവശ്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സാധാരണക്കാർക്ക് മനസ്സിലാകാൻവേണ്ടി ഒന്നോരണ്ടോ കാര്യംമാത്രം പരിശോധിച്ചാൽ, കേരളം സ്വർണ്ണത്തിന്റെ ഏറ്റവും വലിയ മാർക്കറ്റാണ്. 2020-ൽ കേരളത്തിൽ സ്വർണ്ണത്തിനുണ്ടായിരുന്ന വില ഇപ്പോൾ ഇരട്ടിയായി വർധിച്ചെങ്കിലും സ്വർണ്ണത്തിൽനിന്നും പിരിച്ചെടുക്കുന്ന നികുതി അതേപടി നിലനിൽക്കുകയാണ്. സ്വർണ്ണത്തിന്റെ വില്പന കുറഞ്ഞു എന്നല്ല, നികുതി പിരിക്കുന്നതിൽ നാം പരാജയപ്പെടുന്നു എന്നാണ് വ്യക്തമാകുന്നത്. സർക്കാർ ഏറ്റവും കൂടുതൽ ആരംഭിച്ചു എന്ന് അവകാശപ്പെടാവുന്ന സ്ഥാപനങ്ങൾ ബാറുകളാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 177 ബാറുകൾ പുതുതായി ആരംഭിച്ചു. ലിക്വറിന്റെ വിലയും വർധിപ്പിച്ചിട്ടുണ്ട്.

എന്നാൽ ബാറുകളുടെ എണ്ണം വർധിപ്പിക്കുകയും ലിക്വറിന്റെ വിലയിൽ വർധനവുണ്ടാക്കുകയും ചെയ്തിട്ടും നികുതി പിരിക്കുന്നതിൽ കാര്യമായ കുറവാണുണ്ടായിട്ടുള്ളത്. അതുമാത്രം വളരുന്നില്ല. നികുതി പിരിക്കുന്നതിൽ സർക്കാരിന് ലഭിക്കേണ്ടത് കിട്ടുന്നുമില്ല; ബാക്കിയുള്ളവർക്കെല്ലാം ലഭിക്കേണ്ടത് കിട്ടുന്നുമുണ്ട്. കഴിഞ്ഞതവണ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചപ്പോൾ പ്രയോഗിച്ച ഏറ്റവും നല്ല വാക്ക് കേരളത്തിന്റെ സമ്പദ്ഘടന ഒരു 'ടേക്ക് ഓഫ് -ലാണെന്നാണ്. അങ്ങത് ഓർക്കുന്നുണ്ടാകും. അത് വലിയൊരു സ്റ്റേറ്റ്മെന്റായി ഘോഷിക്കപ്പെട്ടിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ തന്നെ വകുപ്പ് ഈ കഴിഞ്ഞ ദിവസം ഒരു GST fact sheet പുറത്തുകൊണ്ടുവന്നിരുന്നു. സാധാരണഗതിയിൽ ഓരോ വർഷവും ജി.എസ്.ടി. കളക്ഷനിൽ വളർച്ചയാണുണ്ടാകുന്നത്. എന്നാൽ ഏറ്റവും ഒടുവിൽ പുറത്തുവന്ന GST fact sheet-ന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. വളർച്ചയിൽ 2.52 ശതമാനത്തിന്റെ കുറവ് വന്നിരിക്കുകയാണ്. 2023-24-ൽ ജി.എസ്.ടി.-യുടെ വളർച്ച 6.59 ശതമാനമായിരുന്നത് 2024-25-ൽ 4.07 ശതമാനമായി കുറഞ്ഞുവെന്നാണ് GST fact sheet-ൽ പറയുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ടേക്ക് ഓഫിനെ

സംബന്ധിച്ച് എനിക്ക് തോന്നുന്നത് അഹമ്മദാബാദിലെ എയർ ഇന്ത്യ ടേക്ക് ഓഫ് ചെയ്തതു പോലെയായിപ്പോയി എന്നാണ്. ടേക്ക് ഓഫ് ചെയ്ത ഉടൻ കൂപ്പുകുത്തി താഴേയ്ക്ക് പോയ സ്ഥിതിയാണ് ഇക്കാര്യത്തിലുണ്ടായിരിക്കുന്നത്. പ്രധാനപ്പെട്ട വകുപ്പുകളുടെ പദ്ധതി ചെലവുകളുടെ പ്രോഗ്രസ്സോ പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയോ പരിശോധിച്ചാൽ അഗ്രികൾച്ചർ ഡിപ്പാർട്ടിമെന്റിൽ 20 ശതമാനവും അർബൻ ഡെവലപ്മെന്റിൽ 23 ശതമാനവും സഹകരണ മേഖലയിൽ 11 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 15.7 ശതമാനവും ഇൻഡസ്ട്രി വിഭാഗത്തിൽ 23 ശതമാനവും ഊർജ്ജ വകുപ്പിൽ പൂജ്യം ശതമാനവുമാണ് ചെലവഴിച്ചിട്ടുള്ളത്. നാം എവിടെയെത്തി നിൽക്കുന്നു എന്നുകാണിക്കുന്നതിന്റെ ചെറിയൊരു സൂചനയാണിത്. ഇതിന്റെയെല്ലാം പ്രയാസം അനുഭവിക്കേണ്ടി വരുന്നത് സാധാരണക്കാരായ ജനങ്ങളാണ്. കേരള സമൂഹത്തിലെ ഏത് വിഭാഗത്തിലുള്ള ജനങ്ങളെയാണ് കഴിഞ്ഞ കാലത്തെ ഭരണംകൊണ്ട് നിങ്ങൾക്ക് മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്? ഒരുപക്ഷെ ഞാൻ അങ്ങയോട് കൂടുതലും സംസാരിച്ചിട്ടുള്ളത് കാർഷിക മേഖലയുമായി ബന്ധപ്പെട്ടാണ്. അങ്ങ് മിനിസ്റ്ററായി വന്നതിനുശേഷം

പാഡി പ്രൊക്യൂർമെന്റിൽ മാത്രം 359 കോടി രൂപ കൊടുക്കാനുണ്ട്. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുമെന്ന് വലിയൊരു പ്രഖ്യാപനം നടത്തിയിരുന്നെങ്കിലും അതുസംബന്ധിച്ച് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കാർഷിക മേഖലയിലെ ഓരോ വിളകളെടുത്താലും എല്ലാവർക്കും നിരാശയാണ്. അങ്ങ് വളരെ ambitious ആയി, കിഫ്ബി അടക്കമുള്ള കാര്യങ്ങൾ ചേർത്തുകൊണ്ട് 14 അഗ്രോ പാർക്കുകളുണ്ടാക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഒരു അഗ്രോ പാർക്കുപോലും പുതുതായി കൊണ്ടുവന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾക്കുള്ള തുക നൽകുകയോ അവരുടെ welfare measures- നെ സംബന്ധിച്ച് ഒരു നടപടിയും എടുക്കുകയോ നിങ്ങൾ ചെയ്തിട്ടില്ല. കഴിഞ്ഞ ദിവസം ഈ സർക്കാരിന്റെ താൽപര്യക്കാരായിട്ടുള്ള 256 പേരെ സ്ഥിരപ്പെടുത്താനുള്ള ഫയലുമായി ഹൈക്കോടതിയെ സമീപിച്ചപ്പോൾ കോടതി പറഞ്ഞത് നിങ്ങൾ ആദ്യം അവർക്ക് കൊടുത്തുതീർക്കാനുള്ള തുക കൊടുത്തു തീർത്തിട്ട് ജോലി സ്ഥിരപ്പെടുത്തിയാൽ മതിയെന്നാണ്. ഗവൺമെന്റ് ജീവനക്കാർ സമരം ചെയ്യുന്നത് സ്ഥിരമായി നാം കാണുന്നതാണ്. ഡി.എ കുടിശ്ശിക, മറ്റ്

ആനുകൂല്യങ്ങളുടെ കുടിശ്ശിക, പേ റിവിഷൻ എന്നിവയെല്ലാം ചേർത്ത് ഏകദേശം ഒരുലക്ഷം കോടി രൂപയോളമാണ് ഗവൺമെന്റ് ജീവനക്കാർക്ക് കുടിശ്ശിക നൽകാനുണ്ട്. ഗസ്റ്റ് ലക്ചറർമാർക്കുള്ള തുക കോളേജുകൾക്ക് യഥാസമയം കൊടുക്കുന്നില്ല. അതുമാത്രമല്ല, ഹയർ സെക്കൻഡറി സ്കൂളുകളിലെ ടീച്ചേഴ്സിനും ഒരു വർഷം പഠിപ്പിച്ചിട്ട് ഒരുരൂപപോലും കിട്ടാത്ത അവസ്ഥയാണുള്ളത്. വിദ്യാർഥികൾക്ക് പി.എച്ച്.ഡി. ചെയ്യുന്നതിനുള്ള സർക്കാർ ഗ്രാന്റ് കാലങ്ങളായി കിട്ടുന്നില്ലെന്ന് ഒരു വിദ്യാർഥി ഹൈക്കോടതിയെ ബോധ്യപ്പെടുത്തിയപ്പോൾ ഹൈക്കോടതി ഉത്തരവിട്ടത് ഗ്രാൻഡ് അനുവദിച്ചതിനുശേഷം വി.സി.-യും രജിസ്ട്രാറും ശമ്പളം വാങ്ങിയാൽ മതിയെന്നാണ്. ഇതിനെക്കാളുമൊക്കെ എനിക്ക് വിഷമം തോന്നിച്ച മറ്റൊരുകാര്യം, പല തവണ ഞങ്ങൾ പറഞ്ഞിട്ടും നിങ്ങൾ നിസ്സാരമായി കാണുകയും തള്ളിക്കളയുകയും ചെയ്ത എസ്.സി./എസ്.ടി വിഭാഗങ്ങളുള്ള ഗ്രാന്റ് സംബന്ധിച്ചാണ്. ഇത്രയും സർക്കാരുകൾ മാറിമാറി വന്നിട്ടും എസ്.സി./എസ്.ടി വിഭാഗങ്ങൾക്കുള്ള ഗ്രാന്റിലോ അവരുടെ ആനുകൂല്യങ്ങളിലോ ഇതുവരെ കൈവച്ചിട്ടുണ്ടായിട്ടില്ല. എന്നാൽ ചരിത്രത്തിൽ ആദ്യമായി അവർക്കുള്ള ആനുകൂല്യങ്ങളുടെമേൽ കൈവെച്ച

സർക്കാരെന്ന ഖ്യാതിയാണ് നിങ്ങൾ നേടിയിരിക്കുന്നത്. കോളേജുകൾക്ക് ഇ-ഗ്രാന്റ്സ് നൽകാത്തതിന്റെ പേരിൽ പല എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികളും harass ചെയ്യപ്പെടുകയും അവരിൽ പലരും പാതി വഴിയിൽ പഠനം ഉപേക്ഷിച്ചുപോകേണ്ട സ്ഥിതിയുമാണുള്ളത്. ഫുൾ എ-പ്ലസ് വാങ്ങുന്ന വിദ്യാർഥികൾക്ക് കാലാകാലങ്ങളായി നൽകിവന്നിരുന്ന അരപ്പവന്റെ മെഡൽ നിങ്ങൾ നിഷേധിച്ചിരിക്കുകയാണ്. അത് അവർക്ക് വലിയ പ്രോത്സാഹനമായിരുന്നു. അതിനെ സംബന്ധിച്ച് ഏറ്റവും ഒടുവിൽ വന്നൊരു വാർത്ത ഇതാണ് - 'അരപ്പവൻ മെഡലും കാത്ത് ഇരുപതിനായിരം പട്ടികജാതി വിദ്യാർഥികൾ'. നിങ്ങൾ 2010 മുതൽ അത് കൊടുക്കുന്നില്ല. എസ്.സി./എസ്.ടി വിഭാഗങ്ങളുടെ പതിനായിരം പവനാണ് നിങ്ങൾ പിടിച്ചുവച്ചിരിക്കുന്നത്. ഇരുപതിനായിരം കുട്ടികൾക്ക് അരപ്പവൻ വച്ച് കിട്ടേണ്ടിയിരുന്നത് സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ നിങ്ങൾ അവരിൽനിന്നും കവർന്നെടുത്തിരിക്കുകയാണ്. "നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ, നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ' എന്നെഴുതിയ പ്രശസ്ത കവി കടമ്മനിട്ട രാമകൃഷ്ണൻ ഇപ്പോഴുണ്ടായിരുന്നെങ്കിൽ അതേ പേന കൊണ്ട് "നിങ്ങളവരുടെ ഇറ്റ് സ്വർണ്ണം കവർന്നെടുക്കുന്നോ"

എന്ന് നിങ്ങളെ നോക്കി ചോദിക്കുമായിരുന്നു. അവരുടെ പതിനായിരം പവൻ സ്വർണ്ണം നിങ്ങൾ പിടിച്ചുവച്ചിരിക്കുകയാണ്. കൂടാതെ യുവജനോത്സവത്തിൽ ജയിക്കുന്ന മികച്ച പ്രതിഭാശാലികളായ കുട്ടികൾക്ക് കൊടുത്തിരുന്ന പതിനായിരം രൂപയുടെ ഗ്രാന്റ് 2019 മുതൽ അവർക്ക് കൊടുക്കുന്നില്ലെന്നുമാത്രമല്ല, അതിനുള്ള അപേക്ഷപോലും വാങ്ങുന്നില്ല. ഇനി അപേക്ഷിക്കേണ്ട എന്നു പറയുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെയായിരിക്കുമ്പോഴും സർക്കാരിന്റെ ധൂർത്തിനും ചെലവിനും ഒരു മയവും മടിയുമില്ല. അതിനെ സംബന്ധിച്ച് മറ്റ് അംഗങ്ങൾ സംസാരിക്കുമെന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. ബഹുമാന്യനായ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. ബഹുമാന്യയായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയും ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും ഇവിടെയുണ്ട്. കഴിഞ്ഞ കുറേക്കാലമായി ഞങ്ങൾ നിയമസഭയിൽ കാണുന്ന ഒരു രീതിയെന്നത് കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന താമ്ര പത്രം ഏറ്റുവാങ്ങി അതിനെ ഉയർത്തിക്കാണിക്കുന്ന സർക്കാരിനെയും മന്ത്രിമാരെയുമാണ്. അടുത്തകാലത്ത് വന്ന C&AG സ്റ്റേറ്റ്

ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് (2022-23)-ൽ കേരളത്തിന്റെ ഫിനാൻഷ്യൽ ഹെൽത്തിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് നമ്മൾ aspirational കാറ്റഗറിയിലാണെന്നു മാത്രമല്ല നിരവധി കാര്യങ്ങളിൽ ഏറ്റവും പിന്നിലാണെന്നാണ്. അത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ; അത് ഏറ്റെടുക്കുന്നുണ്ടോയെന്നുള്ള ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്. കഴിഞ്ഞ ദിവസം കേരളം നമ്പർ വണ്ണാണ്; കേരളം അച്ചീവറാണ്; ബാക്കിയെല്ലാവരും aspirational കാറ്റഗറിയിൽ മാത്രമാണെന്നു പറഞ്ഞ് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ഞങ്ങളും തമ്മിൽ തർക്കമുണ്ടായിരുന്നു. കേരളത്തിന്റെ കടം 2015-16-ൽ 165272 കോടി രൂപയായിരുന്നത് കേവലം പത്ത് വർഷം കൊണ്ട് ഏകദേശം മൂന്നിരട്ടിയിലേക്ക് നിങ്ങൾ വർധിപ്പിച്ചു. ഇപ്പോൾ കേരളത്തിന്റെ കടം 426020 കോടി രൂപയാണ്. ഇത്രയും പണം കടമായി വാങ്ങിയപ്പോഴും, പ്രധാന ഡെവലപ്മെന്റ് നടക്കുന്ന പ്രോജക്ടിനെ അസസ്സ് ചെയ്താൽ, പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 4.12-ൽ മേജർ വർക്ക്സ് എന്ന കാറ്റഗറിയിൽ പറഞ്ഞിരിക്കുന്നത് പ്രകാരം കേരളം നിൽക്കുന്നത് 28-ാമത്തെ

പൊസിഷനിലാണെന്നാണ്. ഇത് ഞാൻ പറയുന്നതല്ല, കേന്ദ്രസർക്കാരിന്റെ ഈ താമ്ര പത്രം കൂടി നിങ്ങൾ ഏറ്റെടുക്കണം. അതായത്, ഈ സർക്കാർ ഉണ്ടാക്കുന്ന പണം കൊണ്ട് ഇവിടുത്തെ ശമ്പളവും പെൻഷനും കൊടുക്കുന്നതല്ലാതെ വികസനം നടക്കുന്നില്ലായെന്നും വികസന പ്രക്രിയ ഇല്ലായെന്നും കേന്ദ്ര സർക്കാർ തന്നെ നിങ്ങളോട് പറഞ്ഞിരിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അംഗീകരിക്കുമോയെന്നറിയില്ല. തദ്ദേശസ്ഥാപനങ്ങളെ ഇതുപോലെ ഞെരിച്ചുകൊന്ന സമയം ഇതിനുമുമ്പുണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്ട്രെംഗ്തൻ ചെയ്യുമെന്ന് ഒരു വഴിയിൽകൂടി പറയുമ്പോൾ മറുവഴിയിലൂടെ അവർക്കുള്ള ഗ്രാന്റും അലോക്കേഷനും വെട്ടിക്കുറയ്ക്കുകയാണ്. കഴിഞ്ഞ വർഷം പദ്ധതികളിൽ 50 ശതമാനം വെട്ടിക്കുറയ്ക്കാനുള്ള ഉത്തരവാണ് പുറപ്പെടുവിച്ചതെങ്കിൽ ഇപ്പോൾ ഇവരുടെ ആനുകൂല്യങ്ങളും വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഇഴയുന്നതിന്റെ കാരണം അതുമാത്രമല്ല. ഫെയർനെസ് എന്നുപറയുന്ന ഒരു കാര്യമുണ്ട്. ഗുഡ് ഗവേർണൻസ് മാറ്റി വച്ചാൽപോലും

എത്തിക്കൽ ഗവേർണൻസിൽ ഒരു സർക്കാർ സത്യസന്ധമായി പെരുമാറണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പണം സാമ്പത്തിക പ്രതിസന്ധികാരണം യഥാസമയം ലഭ്യമാകാത്തതിനാൽ ചെലവഴിക്കാൻ കഴിയാതെ വരുന്ന 10 ശതമാനമോ 20 ശതമാനമോ അടുത്ത വർഷത്തേക്ക് carry over ചെയ്യുന്ന, സ്പിൽ ഓവർ പ്രക്രിയ മുൻ കാലങ്ങളിൽ ഉണ്ടായിരുന്നു. അതിന്റെയർത്ഥം അടുത്ത വർഷം ആ പൈസ ചെലവഴിച്ചാൽ സർക്കാർ തരുമെന്നാണ്. പക്ഷെ ഇപ്പോൾ പുതിയൊരു നിബന്ധന കൊണ്ടുവന്നിരിക്കുകയാണ്. സ്പിൽ ഓവർ ഉണ്ടെങ്കിലും അത് അടുത്ത വർഷത്തേയ്ക്കുള്ള പൈസയിൽനിന്നും ചെലവഴിക്കണമെന്നാണ് പറയുന്നത്. തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഫണ്ട് നൽകുക എന്നത് ഭരണഘടനാപരമായ ബാധ്യതയാണ്, ഇവരുടെയാരുടെയും ഔദാര്യമല്ല. ഡെവല്യൂഷൻ ഓഫ് ഫണ്ട്സ് സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയിൽ പറയുന്നത് കേന്ദ്രം സംസ്ഥാനങ്ങൾക്ക് കൊടുക്കണമെന്നും സംസ്ഥാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കണമെന്നുമാണ്. കൊടുക്കാമെന്ന് പറഞ്ഞ തുക ആ വർഷം കൊടുക്കാതെ വരുന്ന സ്പിൽ ഓവർ അടുത്ത വർഷത്തിൽനിന്ന് കുറവ് ചെയ്യണമെന്ന് പറയുന്നതിന്റെ

അർത്ഥം കഴിഞ്ഞ വർഷത്തെ പൈസ കട്ട് ചെയ്തുവെന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഒന്നിനുപിറകെ ഒന്നായി കട്ട് ചെയ്യുന്നതിനാൽ അവ പദ്ധതി നിർവഹണത്തിൽ അങ്ങേയറ്റം പരാജയപ്പെട്ടിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ടാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപം സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്.

എന്തിനാണ് ഇതുപോലുള്ള കള്ളത്തരങ്ങൾ കാണിക്കുന്നത്? യഥാർത്ഥത്തിൽ, വെള്ളമില്ലാത്തിടത്ത് മുങ്ങി ചാവാൻ പറയുന്നതുപോലെയാണ് പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ഇവർ ചെയ്യുന്നത്. മാർച്ച് മാസത്തിലെ അവസാന ദിവസം ഫണ്ട് അലോക്കേറ്റ് ചെയ്യുന്നതിനുള്ള പേപ്പർ വയ്ക്കും. അതേ സമയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ട്രഷറി നിയന്ത്രണവും അടുത്ത കൈകൊണ്ട് എഴുതി പ്രഖ്യാപിച്ചിട്ടുണ്ടാകും. വിശന്ന് നട്ടംതിരിഞ്ഞിരിക്കുന്നവന്റെ കൈ രണ്ടും പുറകിൽ കെട്ടിയിട്ട്, ബിരിയാണി മുമ്പിൽ വിളമ്പിവച്ചിട്ട് എടുത്തുകൊണ്ടുപോകും പോലെയാണ് ധനകാര്യവകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

കൊടുക്കാനുള്ള പൈസ കടലാസിൽ കാണിച്ചുകൊടുത്തിട്ട് അവർ പിന്നാക്കം കൊണ്ടുപോവുകയാണ്. ഈ സർക്കാരിന്റെ സമസ്ത മേഖലയിലുമുള്ള കെടുകാര്യസ്ഥത, ധൂർത്ത്, പിടിപ്പുകേട്, നികുതി പിരിവിലെ പരാജയം എന്നിവ കാരണം സാധാരണക്കാരാണ് പ്രയാസപ്പെടുന്നത്.

ഇന്ന് സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ സ്ഥിതിയെന്താണ്? ഏറ്റവും ഒടുവിലായി കിട്ടിയ വാർത്ത മരുന്ന് സപ്ലൈ ചെയ്തിരുന്ന നിരവധി കമ്പനികൾ അത് നിർത്തിയെന്നതാണ്. അതുകൂടാതെ, ഏറ്റവും ഒടുവിലായി വന്നിരിക്കുന്നത് ഉപകരണങ്ങൾ സപ്ലൈ ചെയ്തിരുന്ന കമ്പനി സപ്ലൈ നിർത്തുകയാണെന്നാണ്. ഹൃദ്രോഗത്തിന് നടത്തേണ്ട ചികിത്സ/ ശസ്ത്രക്രിയ ഉപകരണങ്ങൾ ഇല്ലാത്തതിനാൽ വേണ്ടായെന്ന് വച്ചാൽ ഹൃദയമിടിപ്പ് നിന്ന് ആളുകൾ മരിച്ച് പോവുകയില്ലേ? എന്നിട്ടും ഈ സർക്കാർ ഹൃദയമില്ലാത്ത സർക്കാരാണെന്ന് ബോധ്യപ്പെടുത്തുന്ന നിലയിലാണ് മുന്നോട്ടുപോകുന്നത്. ഇന്ന്, ഈ ഹൃദയദിനത്തിൽ ഞങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നത്, സാധാരണക്കാരനുവേണ്ടി ഹൃദയമുള്ള സർക്കാരായി മാറാൻ നിങ്ങൾ തയ്യാറാകണമെന്നാണ്. അല്ലാത്തപക്ഷം ഈ സർക്കാരിനെതിരായുള്ള ജനരോഷം ആഞ്ഞടിക്കുന്ന നാളുകൾ

അതിവിദൂരമല്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കായി വെച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, പൊട്ടക്കിണറ്റിൽവീണ തവളയെപ്പോലെ ഇതാണ് ലോകമെന്ന് കരുതി നടക്കുന്ന കുറേപേർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ മനസ്സ് അത്ര സങ്കുചിതമാണ്. അതുകൊണ്ട് അവരെ ഉപദേശിക്കാൻ ഞങ്ങളാരും നിൽക്കുന്നില്ല. ട്രഷറി പൂട്ടിയവരാണ് നിയന്ത്രണത്തെപ്പറ്റി പറയുന്നത്. ഇന്നത്തെ ലോക മുതലാളിത്ത വ്യവസ്ഥയുടെ അവസ്ഥ സംബന്ധിച്ച് പ്രധാന പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെപ്റ്റംബർ 22-ലെ എക്കണോമിക്സ് ടൈംസിൽ വന്ന ഒരു ലേഖനം പ്രതിപക്ഷത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മുതലാളിത്ത വ്യവസ്ഥയുടെ അപ്പോസ്തലനായ അമേരിക്കയുടെ ട്രഷറി പൂട്ടുമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഇങ്ങനെയൊരു സാഹചര്യത്തിൽ, ആ വിഷയങ്ങളൊന്നും ചർച്ച ചെയ്യാതെ ഇവിടേയ്ക്ക് മാത്രം നോക്കുകയാണ്. ഡോ. മാത്യു കുഴൽനാടൻ അടക്കമുള്ള പ്രതിപക്ഷാംഗങ്ങൾ കൊട്ടിഘോഷിച്ച നവലിബറൽ നയം അസ്തമിച്ചുവെന്ന് അമേരിക്കൻ പ്രസിഡന്റ് ശ്രീ. ഡോണാൾഡ് ട്രംപ് പോലും പറഞ്ഞിരിക്കുകയാണ്. ലോകരാഷ്ട്രങ്ങൾ

ഭൂരിപക്ഷവും കടക്കെണിയിലാണ്. അത്തരം ഒരു അവസ്ഥയിൽ കേരളത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ, അത് കേരളത്തിൽ മാത്രം പരിഹരിക്കാവുന്ന പ്രശ്നമാണോ? ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ അവസ്ഥകൂടി നമുക്ക് പരിശോധിക്കാം. അടുത്തിടെ ജാതി സർവെ നടന്ന സംസ്ഥാനമാണ് ബീഹാർ. ജനസംഖ്യയിൽ 34.1 ശതമാനവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നാണ് റിപ്പോർട്ട്. കേരളം അങ്ങനെയാണോ; നവലിബറൽ നയത്തിന്റെ വക്താക്കളാണല്ലോ നിങ്ങളൊക്കെ? ഈ നവംബർ മാസം 1-ാം തീയതി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. അതാണ് കേരളം. ഇന്ത്യയിലെ 64 ശതമാനം കുടുംബങ്ങൾക്കും പതിനായിരം രൂപ പോലും മാസവരുമാനമില്ല. മോദി സർക്കാർ പറയുന്നത് 5 ട്രില്യൺ ഇക്കാണമിയിലേയ്ക്ക് ഇന്ത്യ മാറുമെന്നാണ്. എനിക്കും എന്റെ യജമാനനും എന്ന കണക്കാണത്. ആഗോള വിശപ്പ് സൂചികയനുസരിച്ച് 125 രാജ്യങ്ങളിൽ 111-ാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. എല്ലാ മേഖലയും തകർന്നടിഞ്ഞുകൊണ്ടിരിക്കുകയാണ്. കുത്തക മുതലാളിമാർക്ക് എല്ലാ ഉത്തേജനവും നൽകുന്ന ഒരു സമ്പദ്‌വ്യവസ്ഥയിൽ ഇതൊക്കെ മാത്രമേ

നടക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ ഈ നയത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിച്ചപ്പോൾ അതിൽനിന്ന് മാറി നിന്നവരാണ് ഇവിടുത്തെ കോൺഗ്രസ്സുകാർ, അത് മറക്കേണ്ട. ഈ നയത്തിന്റെ ബദലാണ് കേരള മാതൃക. വസ്ത്രം, ചെരുപ്പ്, കൺസ്യൂമർ ഉൽപന്നങ്ങൾ തുടങ്ങി എല്ലാത്തിന്റെയും ഉപഭോഗം കുറഞ്ഞുവരുന്നതിന്റെ കണക്കാണ് ബ്ലൂം വെഞ്ചേഴ്സ് നടത്തിയ പഠനറിപ്പോർട്ടുവഴി പുറത്തുന്നത. ഇത്തരമൊരു സാഹചര്യത്തിൽ, നമ്മുടെ ഓണവിപണി കണ്ട് മറ്റ് സംസ്ഥാനങ്ങളിലെ ഭരണകർത്താക്കൾ ഞെട്ടിയിരിക്കുകയാണ്. 20,000 കോടി രൂപയാണ് സംസ്ഥാനം ഈ വിപണിയിലേക്ക് പമ്പ് ചെയ്തത്. അതിന്റെ ഫലമായാണ് മറ്റു സംസ്ഥാനങ്ങൾ ഞെട്ടുന്ന രൂപത്തിലുള്ള വിപണി നേട്ടമുണ്ടായത്. ഇത് പറഞ്ഞത് ഞങ്ങളാരുമല്ല, ചേംബർ ഓഫ് കൊമേഴ്സാണ്. അതാണ് കേരള സമ്പദ്ഘടനയുടെ നേട്ടം. സ്വന്തം കാലിൽ നിൽക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ചില കണക്കുകൾ ഉദ്ധരിച്ചുവല്ലോ? കംപ്ട്രോളർ & ആഡിറ്റ് ജനറലിന്റെ കണക്കും തെറ്റാണെന്ന് നിങ്ങൾ പറയുമോയെന്ന് എനിക്കറിയില്ല. കംപ്ട്രോളർ & ആഡിറ്റ് ജനറലിന്റെ ലേറ്റസ്റ്റ് റിപ്പോർട്ടുപ്രകാരം മൊത്തം ആഭ്യന്തര

ഉൽപാദനത്തിന്റെ 30 ശതമാനത്തിലധികം പൊതുകടമുള്ള എട്ട് സംസ്ഥാനങ്ങളുടെ പട്ടികയിലും 25 ശതമാനത്തിലധികം പൊതുകടമുള്ള 14 സംസ്ഥാനങ്ങളുടെ പട്ടികയിലും കേരളമില്ല. കേരളത്തിന്റെ പൊതുകടം 21.7 ശതമാനമാണ്. അതിനേക്കാളും കൂടുതലാണ് മറ്റു പല സംസ്ഥാനങ്ങളുടേതുമെന്നത് മറക്കേണ്ട. നികുതി പിരിവ് പരമാവധി വർധിപ്പിക്കുകയും പ്രധാനമായും ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിൽ ചെലവഴിക്കുകയും ചെയ്തതിന്റെ ഫലമായി വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞതിനാലാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്ന കാര്യവും മറക്കേണ്ടതില്ല.

മറ്റു ചില കണക്കുകൾ കൂടി പരിശോധിക്കാം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2011-2016-ൽ മൂലധന ചെലവ് 29689 കോടി രൂപയും ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 56432 കോടി രൂപയും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 76286 കോടി രൂപയുമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ആകെ ചെലവ് 340144 കോടി രൂപ. ഒന്നാം പിണറായി സർക്കാർ - 585959 കോടി രൂപ, ഇപ്പോൾ ഇതുവരെ 732580 കോടി രൂപ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്ക് ഞാൻ

പറയുന്നില്ല. മറ്റ് സുഹൃത്തുക്കൾ ഇവിടെ സംസാരിക്കുന്നതാണ്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചല്ലോ? ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് 162018 രൂപയും കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്ത് 237264 രൂപയുമാണ്. ഇതുവരെയുള്ള നികുതി വരുമാനം 313520 രൂപയാണ്. സ്വർണ്ണമടക്കമുള്ള എല്ലാ ഉൽപന്നങ്ങളുടേയും നികുതി പിരിച്ചുകൊണ്ടുതന്നെയാണ് സംസ്ഥാനത്തിന് നികുതി വരുമാനമുണ്ടാക്കിയത്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം ഓരോ വർഷവും എടുത്തു നോക്കാവുന്നതാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് 28074 രൂപയും ഒന്നാം പിണറായി സർക്കാർ 52275 കോടി രൂപയും ഈ സർക്കാരിന്റെ കാലത്ത് 63976 രൂപയുമാണ്. സബ്സിഡിയുടെയും മറ്റുമുള്ള വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് നിങ്ങൾക്കെല്ലാവർക്കും വായിക്കാവുന്നതാണ്. ഇവിടെ വാസ്തവ വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. സ്വന്തം കാലിൽ നിന്നുകൊണ്ടാണ് സർക്കാരിന് ഈ നേട്ടമുണ്ടാക്കാൻ കഴിഞ്ഞത് എന്നതാണ് പ്രധാന കാര്യം. ഒരു ക്ഷേമപദ്ധതിയിൽനിന്നും സർക്കാർ

പിന്നോട്ട് പോയിട്ടില്ല. യു.ഡി.എഫ്. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ കണക്ക് സമയക്കുറവുള്ളതിനാൽ പറയാൻ ആഗ്രഹിക്കുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ക്ഷേമപദ്ധതികൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ ക്ഷേമപദ്ധതികളെ സംബന്ധിച്ച കണക്ക് നമുക്കറിയാമല്ലോ. സാധാരണക്കാർക്ക്, ഏറ്റവും പാവപ്പെട്ടവർക്ക് കൊടുക്കുന്ന ഒരു ക്ഷേമപദ്ധതിയാണ് പെൻഷൻ. നായനാർ സർക്കാർ 1980-ൽ പ്രതിമാസം 45 രൂപ നൽകിക്കൊണ്ട് സാമൂഹ്യ ക്ഷേമപെൻഷൻ ആരംഭിച്ചു. തുടർന്ന് അധികാരത്തിൽവന്ന കരുണാകരൻ സർക്കാർ അത് 45 രൂപയായിത്തന്നെ നിലനിർത്തി. പിന്നീട് അധികാരത്തിൽ വന്ന ഇ.കെ നായനാർ സർക്കാർ ക്ഷേമപെൻഷൻ 60 രൂപയാക്കി ഉയർത്തി. തുടർന്നുവന്ന ആന്റണി സർക്കാർ അതേ തുക തന്നെ നിലനിർത്തി. ഇ.കെ. നായനാർ സർക്കാർ വീണ്ടും അധികാരത്തിൽ വന്നപ്പോൾ ക്ഷേമപെൻഷൻ 120 രൂപയാക്കി. പിന്നീട് അധികാരത്തിലെത്തിയ ആന്റണി സർക്കാർ അതുതന്നെ തുടർന്നു. ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിലിരുന്നപ്പോൾ ക്ഷേമപെൻഷൻ 18 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. വി.എസ്. അച്യുതാനന്ദൻ സർക്കാർ

ക്ഷേമപെൻഷൻ 500 രൂപയും പിന്നീട് 600 രൂപയുമാക്കി വർധിപ്പിച്ചു. പിണറായി സർക്കാർ 1600 രൂപ വീതമാണ് നിലവിൽ നൽകിവരുന്നത്. ആ തുക വർധിപ്പിക്കണം എന്നാണ് സർക്കാരിന്റെ ആഗ്രഹം, അത് നടക്കുമെന്നാണ് വിശ്വസിക്കുന്നത്. ഇതാണ് കേരളത്തിലെ സ്ഥിതി. യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ ക്ഷേമപെൻഷൻ ഇനത്തിൽ ഒരു രൂപ പോലും വർധിപ്പിച്ചിട്ടില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ സംസ്ഥാനത്തിന്റെ വരുമാനകാര്യത്തിൽ കോൺഗ്രസിന്റെ അഭിപ്രായം എന്താണ്; ഇവിടെ എന്റെ സുഹൃത്ത് ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് നയത്തെക്കുറിച്ച് ഒരക്ഷരമെങ്കിലും ശബ്ദിച്ചോ; ജി.എസ്.ടി. വരുമാനം എത്രയാണ് വെട്ടിക്കുറച്ചത്? 80,000 കോടി രൂപയുടെ നഷ്ടം അവരുടെ സംസ്ഥാനത്തിനുണ്ടെന്ന് മുഖ്യമന്ത്രി ശ്രീ. സിദ്ദരാമയ്യ സൂചിപ്പിക്കുകയുണ്ടായി. ഈ സംസ്ഥാനത്തിന് 8111 കോടി രൂപയുടെ നഷ്ടമുണ്ട്. അതിനെക്കുറിച്ച് നിങ്ങൾ എന്തെങ്കിലും സംസാരിച്ചോ? 8 സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഈ നയത്തെ എതിർത്തിട്ടുണ്ട്. എന്നാൽ ഇവിടുത്തെ യു.ഡി.എഫ്.-കാർ സംസ്ഥാനത്തെയാണ് കുറ്റപ്പെടുത്തുന്നത്. 'മകൻ മരിച്ചാലും മരുമകളുടെ കണ്ണീർ കണ്ടാൽ മതി'

എന്ന സമീപനമാണ് കോൺഗ്രസിനുള്ളത്. കേന്ദ്ര വരുമാനത്തിന്റെ 20 ശതമാനമാണ് ജി.എസ്.ടി. എന്നാൽ അത് സംസ്ഥാന വരുമാനത്തിന്റെ 70 ശതമാനമാണ്. എട്ട് സംസ്ഥാന മുഖ്യമന്ത്രിമാർ അതാണ് ചൂണ്ടിക്കാണിച്ചത്. 'പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല' എന്നൊരു പഴഞ്ചൊല്ലുണ്ട്. അതുപോലെയാണ് ഇവിടുത്തെ യു.ഡി.എഫ്.-ന്റെ സമീപനം. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുടെ അവസ്ഥയെപ്പറ്റി ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന ആന്ധ്രാപ്രദേശിന്റെ സ്ഥിതിയെന്താണ്? ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്തതിനാൽ അവിടുത്തെ ക്ലാസ്സ് 4 ജീവനക്കാർ മരംമുറിക്കുന്ന തൊഴിലിലേക്ക് പോവുകയുണ്ടായി. അത്തരം ഒരു ഘട്ടത്തിൽ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി അസംബ്ലിയിൽ വായിച്ച ഒരു പ്രസ്താവന ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. Expressing deep concern over the state' s grim financial condition. Himachal Pradesh Chief Minister Sukhvinder Singh Sukhu on Thursday announced that he, his Ministers, Chief Parliamentary Secretaries and Chairpersons and vice chairpersons of boards and corporations would defer drawing their salaries and allowances for

two months. ഹിമാചൽപ്രദേശിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കാതിരുന്ന അവസരത്തിൽ പണിമുടക്കും പ്രക്ഷോഭവും വന്നപ്പോൾ, ഗത്യന്തരമില്ലാതെ അവിടുത്തെ മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് ഞങ്ങളുടെ ശമ്പളം കുറച്ചു കാലത്തേക്ക് വാങ്ങുന്നില്ലെന്നാണ്. ദയവുചെയ്ത് ആ പാവങ്ങൾക്ക് കുറച്ച് ഫണ്ട് അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടിക്കൊണ്ട് പ്രമേയാവതാരകൻ കേരളത്തിന്റെ ധനകാര്യ സ്ഥിതിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞത് പ്രതിസന്ധികൾക്കിടയിലും കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പറയാൻ ഈ ഗവൺമെന്റിന് കിട്ടിയ അവസരം സ്വീകരിക്കുന്നു എന്നാണ്. അതൊരു യാഥാർത്ഥ്യമാണ്. കേരളം വലിയ കടക്കെണിയിലാണെന്ന് പ്രചരിപ്പിക്കാനുള്ള ശ്രമം നടക്കുകയാണ്. മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് പ്രതിപക്ഷം നടത്തുന്ന ആ പരിശ്രമത്തിന്റെ ഭാഗമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപം. ശരാശരി ആരോഗ്യമുള്ള ഒരു മനുഷ്യനെ, രക്ഷിക്കേണ്ടവർ തന്നെ കൈയും കാലും കെട്ടിയിട്ട് മർദ്ദിച്ച് അവശനാക്കി നിലത്തിടുമ്പോൾ

മനുഷ്യത്വമില്ലാത്ത ചിലർ കണ്ടുകൊണ്ട് നിൽക്കുന്ന ഒരു ചിത്രമാണ് പ്രതിപക്ഷത്തെ കാണുമ്പോൾ നമുക്ക് തോന്നുന്നത്. കേന്ദ്രഗവൺമെന്റ് കേരളത്തെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുന്നതുകണ്ട് സന്തോഷിക്കുകയാണ് കോൺഗ്രസ്. അത് ബി.ജെ.പി.-യെ സപ്പോർട്ട് ചെയ്യുന്ന സമീപനമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കേരളത്തെയാണവർ ബുദ്ധിമുട്ടിക്കുന്നത്. രാഷ്ട്രീയ വിവേചനമായി അതിനെ കാണാൻ കഴിയില്ല. 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. ഭരണകാലത്തെ വിലയിരുത്തുമ്പോൾ, ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും സംസ്ഥാനത്തിന്റേതല്ലാത്ത പലവിധ പ്രശ്നങ്ങൾകൊണ്ടുണ്ടാകുന്ന പ്രതിസന്ധികളെയെല്ലാം അഭിമുഖീകരിച്ചുകൊണ്ട് നടത്തുന്ന അതിജീവന തന്ത്രങ്ങളെ എങ്ങനെയാണ് കാണാതിരിക്കാൻ കഴിയുക? 2018-19 കാലഘട്ടത്തിലെ പ്രളയം, നിപ്പ രോഗബാധ, 2020-21 കാലഘട്ടത്തിലെ കോവിഡ് മഹാമാരി, 2024-ലെ വയനാട് ദുരന്തം, ഫെഡറൽ തത്വങ്ങളെ മാനിക്കാതെ കേന്ദ്രസർക്കാർ എടുക്കുന്ന നയങ്ങൾ, ചരക്കുസേവന നികുതി നടപ്പാക്കിയതിലെ അപാകതകൾ, തിരഞ്ഞെടുപ്പ് ലക്ഷ്യം വച്ചുകൊണ്ടുള്ള ജി.എസ്.ടി.

പരിഷ്കരണങ്ങൾ, കിഫ്ബി, പെൻഷൻ കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകളെ കണക്കിൽപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയത്, ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് വെട്ടിക്കുറച്ചത്, ദേശീയപാത വികസനത്തിന് 25 ശതമാനം പണമാവശ്യപ്പെട്ടത് തുടങ്ങിയ പ്രതിസന്ധികൾ എല്ലാം സർക്കാർ നേരിടുകയാണ്. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പങ്കിടൽ കേരളം എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്? കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈഫ് മിഷൻ കേരളത്തിൽ നടപ്പാക്കുമ്പോൾ വീട് നിർമ്മാണത്തിന് നാല് ലക്ഷം രൂപയും ഫ്ലാറ്റ് നിർമ്മാണത്തിന് 25 ലക്ഷം രൂപയുമാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. കേവലം 75000 രൂപമാത്രം ലൈഫ് മിഷൻ പദ്ധതിക്കായി കേന്ദ്രവിഹിതം അനുവദിക്കുമ്പോൾ 4 ലക്ഷം രൂപ നൽകുന്ന സംസ്ഥാന ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനം പ്രതിപക്ഷം കാണാത്തത് എന്തുകൊണ്ടാണ്? അതുപോലെ 64 ലക്ഷം പേർക്ക് കേരളത്തിൽ 1600 രൂപ വീതം ക്ഷേമപെൻഷൻ നൽകുമ്പോൾ കേവലം 5.88 ലക്ഷം ആളുകൾക്ക് 500 രൂപ, 300 രൂപ, 200 രൂപ (ശരാശരി 300 രൂപ) എന്നീ ക്രമത്തിലാണ്

കേന്ദ്ര ഗവൺമെന്റ് സഹായിക്കുന്നത് എന്നുള്ളത് കേരളത്തിന്റെ സാമ്പത്തിക സുരക്ഷയെ സ്നേഹിക്കുന്നവർ മനസ്സിലാക്കേണ്ടതല്ലേ? അതുപോലെ സംസ്ഥാന സർക്കാർ പ്രതിവർഷം 12000 കോടി രൂപ സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി ചെലവിടുമ്പോൾ കേന്ദ സർക്കാർ തരുന്നത് 300 കോടി രൂപയിൽ താഴെയാണ്. ഈ ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ മുഖമുദ്രയാണ് ഇത് കാണിക്കുന്നത്. ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് വേതനമായി സംസ്ഥാന സർക്കാർ കൊടുക്കുന്നത് ശരാശരി 12500 രൂപയാണ്. 600 രൂപയാണ് ഇതിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതെന്ന കാര്യം പ്രതിപക്ഷം മനസ്സിലാക്കണം. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനം ശരാശരി 1600 കോടി രൂപ ചെലവഴിക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ വിഹിതമായി കിട്ടുന്നത് 150 കോടി രൂപ മാത്രമാണ്. കേരളത്തിൽ 42 ലക്ഷം ആളുകൾക്ക് പ്രതിശീർഷം 2800 രൂപ വീതം ചെലവിടുമ്പോൾ അതിൽ 22 ലക്ഷം ആളുകൾക്ക് 600 രൂപ വച്ച് മാത്രമാണ് കേന്ദ്രസർക്കാർ നൽകുന്നത്. അതുപോലെ കേരളത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനം നടക്കുന്നതെങ്ങനെയാണ്? കേന്ദ്രസർക്കാർ ഈ ഇനത്തിൽ 45 ശതമാനം

തുക നൽകുമ്പോൾ ബാക്കിയുള്ളതിൽ 10 ശതമാനം തുക ഗുണഭോക്താക്കളും 15 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബാക്കി 30 ശതമാനം സംസ്ഥാനവുമാണ് വഹിക്കുന്നത്. അങ്ങനെ 55 ശതമാനം തുക ചെലവ് വഹിച്ചുകൊണ്ടാണ് കേരളത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നത്. അതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വരുന്ന മാറ്റത്തെക്കുറിച്ച് നമ്മൾ അറിയേണ്ടതുണ്ട്. സർക്കാർ പാവപ്പെട്ടവനെ ഉപേക്ഷിക്കുകയല്ല, ചേർത്തു പിടിക്കുകയാണ് ചെയ്യുന്നത്. പാവപ്പെട്ട ആളുകൾക്ക് വേണ്ടിയാണ് ഗവൺമെന്റ് പണം ചെലവഴിക്കുന്നത്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് 532 കോടി രൂപ നൽകിയത് വായ്പയാണ്; അല്ലാതെ സഹായമല്ല ഈ തുക നൽകിയത്. കൈയും കെട്ടിയിട്ട് മർദ്ദിച്ച് അവശനാക്കുമ്പോൾ അവന്റെ ശേഷികൊണ്ട് എഴുന്നേറ്റ് വരികയാണ്. പിടിച്ചെഴുന്നേൽപ്പിക്കാൻപോലും പ്രതിപക്ഷത്തിന് കഴിയുന്നില്ല. കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റിന്റെ വൈദഗ്ധ്യം കൊണ്ടുമാത്രം കേരളം രക്ഷപ്പെട്ട് വരികയാണ്. പ്രളയദുരന്തകാലത്ത് ഹെലികോപ്റ്ററിന്റെ വാടക വാങ്ങിയപ്പോൾ എന്തുമനുഷ്യത്വമില്ലാത്ത പ്രവർത്തനമാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തതെന്ന് പ്രതിപക്ഷം പറഞ്ഞോ? ഒരക്ഷരം പോലും മിണ്ടിയില്ല. എങ്ങനെയാണ്

ഇതിനെ ന്യായീകരിക്കുന്നത്. സഭ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തതുകൊണ്ടാണ് ഞങ്ങൾക്കിതെല്ലാം പറയാൻ അവസരം ലഭിക്കുന്നത്. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ ഇതിന്റെ ഉദ്ദേശ്യശുദ്ധിയെയാണ് ഞങ്ങൾ സംശയത്തോടെ കാണുന്നത്. ജനങ്ങളോട് സത്യസന്ധമായി കാര്യങ്ങൾ പറയാനാണെങ്കിൽ പ്രശ്നമില്ല. സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര വരുമാനങ്ങളിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകി പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനം കടക്കെണിയിലാണെന്ന വാദം ശരിയല്ല. എല്ലാ കാലത്തും ഇരട്ടിയിലധികം കടം വർധിക്കുന്ന അവസ്ഥയുണ്ടായിരുന്നു. വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ അവസാന കാലയളവിൽ കേരളത്തിന്റെ പൊതുകടം എൺപതിനായിരം കോടി രൂപയായിരുന്നത് ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് 1.60 കോടി രൂപയായി വർധിച്ചു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അത് 2.90 കോടി രൂപയായി. ഇത്തരത്തിലുള്ള വർധനയനുസരിച്ച് ഈ ഗവൺമെന്റിന്റെ കാലത്ത് ആറ് ലക്ഷം കോടി രൂപയാകേണ്ടതാണ്. പക്ഷേ ഇപ്പോൾ കേരളത്തിന്റെ

യഥാർഥ കടം 4.7 ലക്ഷം കോടി രൂപയിൽ താഴെയാണെന്ന് മനസ്സിലാക്കണം. കേരളത്തിന്റെ കടം ഗണ്യമായി കുറയുകയാണ്. ജി.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ 2020-21-ൽ കേരളത്തിന്റെ കടം 38.47 ശതമാനമായിരുന്നുവെങ്കിൽ 2021-22-ൽ 36.3 ശതമാനമായും 2022-23-ൽ 35.38 ശതമാനമായും കുറഞ്ഞു. ഇപ്പോൾ അത് 33.8 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ കടം 57 ശതമാനമാണ്. 57 ശതമാനം കടമുള്ള ആളുകളാണ് 33 ശതമാനം കടമുള്ള സംസ്ഥാനത്തെ വരിഞ്ഞുമുറുക്കാൻ ശ്രമിക്കുന്നത്. ഞങ്ങൾ ഈ വിഷയങ്ങളാണ് സഭയിൽ കൊണ്ടുവരുന്നത്. ട്രഷറി പൂട്ടി എന്ന് പറയുന്നവരോട് 7,32,580 കോടി രൂപ ചെലവഴിച്ച ഗവൺമെന്റാണിത് എന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് കോവിഡും പ്രളയവും വന്നപ്പോൾപോലും 5,85,959 കോടി രൂപ ധനകാര്യ മാനേജ്മെന്റിനായി ചെലവഴിച്ചു. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് 3,40,000 രൂപയായിരുന്നു ആകെ ചെലവ്. പാവപ്പെട്ടവന്റെ ജീവിതക്ഷേമ പ്രവർത്തനങ്ങൾക്ക് 7,32,580 കോടി രൂപയാണ് ഈ ഗവൺമെന്റ് ചെലവഴിച്ചത്. ജീവനക്കാരുടെ കാര്യം

ഇവിടെ പറഞ്ഞു. കേന്ദ്ര സർവീസിലെ നിയമന നിരോധനംമൂലം 25 ശതമാനം അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. പ്രാഥമിക വിദ്യാലയ മേഖലയിൽ ഏതാണ്ട് 7.5 ലക്ഷം ഒഴിവുകളുണ്ട്. കേന്ദ്രീയ വിദ്യാലയങ്ങളിൽപോലും ഇതുപോലെ ഒഴിവുകളുണ്ട്. കേരളത്തിൽ എന്താണ് സ്ഥിതി? കേരളത്തിൽ മൂന്ന് ലക്ഷം പി.എസ്.സി. നിയമനം നടത്തിയിരിക്കുകയാണ്. രാജ്യത്താകമാനം നടക്കുന്ന പി.എസ്.സി. നിയമനങ്ങളിൽ 60 ശതമാനവും കേരളത്തിലാണ്. ഈ ഗവൺമെന്റ് 2,89,936 നിയമന ശിപാർശ നടത്തിയിട്ടുണ്ട്. സാധാരണക്കാരനെയും പാവപ്പെട്ടവനെയും സർക്കാർ ജീവനക്കാരെയും എല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ട് ഈ സർക്കാർ കേരളത്തെ മുന്നോട്ട് നയിക്കുമ്പോൾ കേരളം കടക്കെണിയിലാണെന്ന് വ്യാജപ്രചരണം നടത്തുന്നതിനെതിരെ മറുപടി പറയാനായാണ് സഭ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപത്തെ കാണുന്നത്. ഈ പ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം എപ്പോഴും ചർച്ചയ്ക്കെടുക്കാറുണ്ട്. ഞങ്ങളെ നേരിടാൻ

ഒറ്റയ്ക്കൊരു മന്ത്രിയെക്കൊണ്ട് ആകില്ല എന്നതുകൊണ്ട് എല്ലാവരുംകൂടി നേരിടുന്ന ഒരു പരിപാടിയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം. അത് നല്ലകാര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട അംഗങ്ങളെ ഇങ്ങനെ ശിക്ഷിക്കരുത്. കാരണം ശ്രീ. ജി. എസ്. ജയലാൽ പ്രസംഗിച്ച് നിർത്തിയപ്പോൾ പറഞ്ഞത് സാമ്പത്തിക സ്ഥിതി വളരെ ഭദ്രമാണെന്നാണ്. ഭദ്രമല്ലെന്ന് പ്രതിപക്ഷം വെറുതെ പറയുന്നതാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. നാട്ടിലുള്ള കുറേ കാര്യങ്ങൾ ശരിയായ രീതിയിൽ ചെയ്തുകൂടേ? ഇത്ര ഉഷാറാണെങ്കിൽ കോൺട്രാക്ടർമാർക്കുള്ള ബിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് കൊടുത്തുകൂടേ? സ്ഥിതി വളരെ മോശമാണന്ന് മെമ്പർമാർക്ക് മുഴുവൻ ബോധ്യമുണ്ട്. അവരെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നത് ശരിയല്ല.

പണമില്ലാത്തതുകൊണ്ട് പദ്ധതികളെല്ലാം നിലച്ചിരിക്കുകയാണ്. റോഡുപണി നിൽക്കുന്നു, കുഴിയെട്ടുക്കൽ നിൽക്കുന്നു, ഹൃദയശസ്ത്രക്രിയ മുടങ്ങുന്നു, മരുന്നില്ല, കാരുണ്യ പദ്ധതി ഇല്ല. മെച്ചപ്പെട്ട സ്ഥിതിയാണെങ്കിൽ മെഡിക്കൽ കോളേജിൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബിൽ കൊടുത്തുകൂടേ? ബിൽ കൊടുക്കാത്തതിനാൽ ഉപകരണങ്ങൾ തിരിച്ചെടുക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രശ്നം ഏറ്റവും ഗൗരവമുള്ള പ്രശ്നമാണ്. എന്തിനാണ് ഇത്ര ക്രൂരത കണിക്കുന്നത്? കാര്യങ്ങൾ വളരെ മോശമാണെന്ന് എല്ലാവർക്കും അറിയാം. പൊളിഞ്ഞ തറവാട്ടുകാരെപ്പോലെ മേനി പറയുകയും ചെയ്യും ഒന്നിനൊട്ട് കാശുമില്ല. നമ്മൾ ഉഷാറാണെന്നാണ് ബഡായി പറയുന്നത്. നാട്ടിലെല്ലാം നടക്കുമ്പോൾ ട്രില്യൺ, ബില്യൺ എന്നെല്ലാം വലിയ ബോർഡുകൾ എഴുതി വച്ചിട്ടുണ്ട്. എന്നാൽ പിന്നെ ആളുകളെ ബുദ്ധിമുട്ടിക്കേണ്ട കാര്യമുണ്ടോ? മലബാറിൽ 70-80 കുട്ടികളെ വച്ചാണ് ഒരുക്ലാസിൽ പഠിപ്പിക്കുന്നത്. കുറച്ച് കോഴ്സുകൾ പ്ലസ് വൺ-ന് അനുവദിച്ചുകൂടേ? ഇന്ന് രാവിലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അപ്രൂവലിന്റെ കാര്യം പറഞ്ഞു. ആർക്കെങ്കിലും ശമ്പളം നൽകുന്നുണ്ടോ? സെക്രട്ടേറിയറ്റിന്റെ പടിക്കൽ വന്നുകിടന്ന് സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ യാഥാർത്ഥ്യബോധം ഉൾക്കൊള്ളണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. യഥാർഥത്തിൽ ഒന്നിനും പണമില്ല. ജെ.ജെ.എം. കുടിവെള്ള പദ്ധതി നിന്നതെങ്ങനെയാണ്? ഫണ്ട് അനുവദിക്കാത്തതിന് കേന്ദ്ര ഗവൺമെന്റിനെ തെറ്റ് പറയുന്നില്ലെന്ന് നിങ്ങൾ പറയുന്നുണ്ട്. ഞങ്ങൾ

പറയാൻ തയ്യാറാണ്. നിങ്ങളുടെ കൂടെ കൂടാൻ തയ്യാറാണ്. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങളെ സമീപിക്കണം. കേന്ദ്രം കൊടുത്ത വിഹിതം തിരിമറി ചെയ്ത് എല്ലാ ഗ്രാമത്തിലും വെള്ളം എന്ന കുടിവെള്ള പദ്ധതി മുടങ്ങി. പൈപ്പ് കുഴിച്ചിട്ടശേഷം പദ്ധതി നിലച്ചിട്ടും പെർഫോമൻസിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. നമ്പർ 1 എന്നുള്ളത് 1995-ലെ കരുണാകരൻ മന്ത്രിസഭയുടെ കാലത്ത് ലോകം മുഴുവൻ പോയി പ്രസംഗിച്ചതാണ്. ആരോഗ്യ സംരക്ഷണത്തിലും ആയൂർ ദൈർഘ്യത്തിലും ലിറ്ററസിയിലും നമ്പർ വൺ ആണെന്നും വേൾഡ് സ്റ്റാൻഡേർഡാണെന്നും ന്യൂയോർക്കിൽ പോയി പ്രസംഗിച്ചു. 2001-ൽ ആന്റണി ഗവൺമെന്റിന്റെ കാലത്തും പോയി പറഞ്ഞതാണ്. അതുപോലെ 2011-ൽ നിങ്ങളും പറഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതി കണക്കിലെടുക്കണം. പൊതുവിൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര, തെലുങ്കാന തുടങ്ങി കേരളമുൾപ്പെടെയുള്ള സതേൺ സ്റ്റേറ്റ്സുകളൊക്കെ ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് 30 ശതമാനം സംഭാവന നൽകുന്നുണ്ട്. നമ്പർ വൺ ആകാൻവേണ്ടി ഇവിടെ പ്രസംഗിച്ച പൊന്നാനി മെമ്പർ ഉൾപ്പെടെ എല്ലാവരും താരതമ്യം ചെയ്യുന്നതിനായി കേരളത്തിൽനിന്നും നേരെ യു.പി.-യിലേക്ക് ഒറ്റചാട്ടമാണ്. തമിഴ്നാട്ടുമായി

താരതമ്യം ചെയ്തുനോക്കണ്ടേ? താരതമ്യം ചെയ്യുമ്പോൾ, ഗ്രോത്ത് റേറ്റാണ് പ്രശ്നം. നമ്പർ വൺ എന്നുള്ളത് പഴയ സ്റ്റാറ്റസാണ്. ഇപ്പോഴത്തെ കണ്ടീഷൻ ഗ്രോത്ത് റേറ്റാണ്. ഗ്രോത്ത് റേറ്റിൽ തമിഴ്നാട് 9.69 ശതമാനമാണ്. ഇക്കാര്യങ്ങളെല്ലാം യൂട്യൂബിൽ തിരഞ്ഞാൽ ലഭിക്കും. ആന്ധ്രാപ്രദേശിന്റെ ഗ്രോത്ത് റേറ്റ് 8.21 ശതമാനമാണ്. അവിടെ വ്യവസായം കൂടുതലായി വരുന്നതിന്റെ ഫലമായി ആളോഹരി വരുമാനം കൂടിക്കൊണ്ടിരിക്കുന്നു. ഇറിഗേഷൻ വകുപ്പുമായി സഹകരിച്ച് അവിടെ കൃഷി നല്ല രീതിയിൽ നടക്കുകയാണ്. തമിഴ്നാട്ടിൽനിന്ന് ഇപ്പോൾ ആളുകൾ കേരളത്തിലേയ്ക്ക് ജോലിതേടി വരുന്നില്ല. പശ്ചിമബംഗാൾ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നാണ് ഇവിടേയ്ക്ക് തൊഴിലാളികൾ വരുന്നത്. പണിയുള്ളതിനാലും ഗ്രോത്തുള്ളതിനാലും തൊഴിലില്ലായ്മ കുറഞ്ഞുവരുന്നതിനാലും പശ്ചിമബംഗാൾ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും പോകുന്നുണ്ട്. ആന്ധ്രാപ്രദേശിന്റെ ഗ്രോത്ത് റേറ്റ് 8.21 ശതമാനമാണ്. തെലങ്കാനയുടേത് 8 ശതമാനത്തിന് മുകളിലും കർണ്ണാടകയുടേത് 7.5 ശതമാനവുമാണ്. കേരളത്തിലും ഗ്രോത്ത് റേറ്റ് കുറഞ്ഞുകൊണ്ടിരിക്കുന്നു.

Growth rate is showing slower growth compared to other Southern states; despite an improvement in its long-term growth. കേരളത്തിൽ ലോങ് ടേം ഗ്രോത്ത് ഉണ്ടായിരുന്നു; അന്ന് കേരളം നമ്പർ വൺ ആയിരുന്നു. പൊളിഞ്ഞ തറവാട്ടുകാരെപ്പോലെയാണ് ഇന്ന് കേരളത്തിന്റെ അവസ്ഥ. ധനപ്രതിസന്ധിയുണ്ടെന്ന് സമ്മതിക്കുകയുമില്ല, ചെലവ് കുറയ്ക്കുകയുമില്ല. കൈയിൽ കാശില്ലെങ്കിലും മേനി നടിച്ച് മറ്റുള്ളവരുടെ ഇടയിൽ വലിപ്പം കാട്ടി നടക്കും. പഴയ തറവാട്ടുകാരെ ഞാൻ കുറ്റം പറയുകയല്ല. ഇവിടെ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെയും എ. കെ. ആന്റണി ഗവൺമെന്റിന്റെയും കാലമുണ്ടായിരുന്നു. ഇന്ന് ചെലവ് ചുരുക്കുകയെന്ന കാര്യം നിങ്ങൾ പിന്തുടരുന്നില്ല. സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന കാര്യം സമ്മതിക്കുകയുമില്ല, ചെലവ് ചുരുക്കുകയുമില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ഫ്ലൈറ്റിൽ ഫസ്റ്റ് ക്ലാസ് ടിക്കറ്റിൽ യാത്ര ചെയ്യാൻ പാടില്ലെന്ന് ഉത്തരവിറക്കി. ഇത് ചെറിയൊരുദാഹരണം മാത്രമാണ്. അതുപോലെതന്നെ യു.ഡി.എഫ്. ഗവൺമെന്റ് അനവധി എക്കണോമിക് മെഷേഴ്സ് കൊണ്ടുവന്നു. ഈ ധനപ്രതിസന്ധിയുടെ കാലത്തുപോലും നിങ്ങൾ എക്കണോമിക് മെഷേഴ്സ് ഒന്നും കൊണ്ടുവന്നില്ലല്ലോ. യോഗങ്ങൾ, മാനവീയം, കേരളീയം

തുടങ്ങി വിവിധ പരിപാടികൾ, പരസ്യം നൽകൽ, ബോർഡ് സ്ഥാപിക്കൽ തുടങ്ങി പല രീതിയിലുള്ള ചെലവുകളാണ് നിങ്ങൾ വരുത്തിവയ്ക്കുന്നത്. ധൂർത്തിൽ യാതൊരു കുറവുമില്ല. അതുകൊണ്ടാണ്, മേനി നടിക്കുന്ന കാര്യത്തിൽ യാതൊരു കുറവുമില്ലെന്ന് ഞാൻ പറഞ്ഞത്. കോൺട്രാക്ടർമാർ പണി നിർത്തി. റോഡുകളിലെല്ലാം കുഴിയാണ്. ഇത് നിങ്ങൾ കാണുന്നില്ലേ. പണികളൊന്നുംതന്നെ നടക്കുന്നില്ല. കുടിവെള്ള പദ്ധതി മുടങ്ങി. പൈപ്പുകളെല്ലാം പഴയതായി. കേടായ പൈപ്പുകൾ യഥാസമയം മാറ്റാത്തതിനാൽ രണ്ട് പൈപ്പുകൾ ഒന്നാകുന്ന സ്ഥിതിയുണ്ടായി. നിങ്ങൾ അധികാരത്തിൽ വന്നിട്ട് പത്ത് വർഷമായി. ഏതോ കാലത്തുള്ള കാര്യങ്ങൾ ഇപ്പോൾ പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? നിങ്ങളിവിടെ കുറെ റേറ്റുകൾ മാത്രമാണ് പറയുന്നത്. ഇരുപത്തിയഞ്ച് കോടി രൂപ കൊടുത്തുവെന്നും മറ്റും പറഞ്ഞു. പത്ത് കൊല്ലം കഴിയുമ്പോൾ കുറച്ച് വർധനവുണ്ടാകും. അത് സ്വാഭാവികമായ വർധനവാണ്.

ഉത്തർപ്രദേശിനോടും ബീഹാറിനോടുമല്ല, അമേരിക്കയുമായാണ് ഇപ്പോൾ പല കാര്യങ്ങളും താരതമ്യപ്പെടുത്തുന്നത്. 'നിങ്ങൾ ഡൊണാൾഡ് ട്രംപിന്റെ അവസ്ഥ മനസിലാക്കേണ്ടതല്ലേ' എന്നാണ്

ഭരണപക്ഷത്തുനിന്നുള്ള ഒരംഗം ചോദിച്ചത്. ഡൊണാൾഡ് ട്രംപിന്റെ അവസ്ഥ വളരെ മോശം തന്നെയാണ്. അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നതെല്ലാംകൂടി ഒരു ദിവസം പൊട്ടും. നമ്മളും അക്കൂട്ടത്തിൽ പൊട്ടേണ്ടതുണ്ടോ? എനിക്കറിയില്ല. ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം വ്യക്തമാക്കണം. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങളെ സമീപിച്ച്, ധനപ്രതിസന്ധിയുണ്ടെന്ന കാര്യം സമ്മതിച്ച്, അത് മറികടക്കാൻ നാമെന്താണ് ചെയ്യേണ്ടത് എന്നുള്ളത് ആലോചിക്കേണ്ടതുണ്ട്. അനാവശ്യ ചെലവുകളെല്ലാം ചുരുക്കണം. കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം. അതിന് ഞങ്ങൾ കൂടെയുണ്ടാവില്ലെന്ന് എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? കേരളം നമ്പർ വൺ ആണ്, ഇവിടെ യാതൊരു കുഴപ്പവുമില്ല എന്നെല്ലാം നിങ്ങൾ പറയുകയും ചെയ്യും, ഒന്നും നടക്കുകയുമില്ല. ഇതാണ് നിലവിലെ അവസ്ഥ. അംഗങ്ങളെക്കൊണ്ട് അവർക്ക് ബോധ്യമില്ലാത്തൊരു കാര്യം പറയിക്കരുത് എന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്. ഒരാൾക്കും ഇതുസംബന്ധിച്ച് ബോധ്യമില്ല. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട നിലയിലാണെന്ന് ആർക്കും ബോധ്യമില്ല. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ

കുതിച്ചുപായുകയാണ്. വ്യവസായത്തിലും ഇൻവെസ്റ്റ്മെന്റിലും തമിഴ്നാട് മുന്നോട്ടുപോകുകയാണ്. അതുകൊണ്ട് അവിടെ സ്കിൽഡ് ലേബറും എംപ്ലോയ്മെന്റും കൂടിക്കൊണ്ടിരിക്കുകയാണ്.

ശോഷണം എല്ലാ മേഖലയിലുമുണ്ടായിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ കാര്യം പറഞ്ഞല്ലോ. ഈ ശോഷണത്തിന്റെ കാരണമെന്താണ്? അവരുടെ കൈവശം പണമില്ല. വിദ്യാഭ്യാസ രംഗത്ത് ഇന്നുണ്ടായിരിക്കുന്ന നിലവാരത്തകർച്ചയുടെ കാരണമെന്താണ്? 70-80 കുട്ടികളെ ഒരു അധ്യാപകന് പഠിപ്പിക്കാൻ കഴിയുമോ? ആവശ്യമായ അധ്യാപകരുടെ നിയമനത്തിന് അപ്രൂവൽ കൊടുക്കുന്നില്ല. ശമ്പളമില്ലാതെയാണ് അധ്യാപകർ ജോലിചെയ്യുന്നതെന്ന കാര്യം രാവിലെ പറയുന്നത് കേട്ടില്ലേ. ഇങ്ങനെ അധ്യാപകർക്ക് എത്രകാലം ശമ്പളമില്ലാതെ ജോലി ചെയ്യാൻ കഴിയും? നമ്മുടെ സ്ഥിതി ഇത്തരത്തിലാണ് എന്നുള്ള കാര്യം തുറന്ന് സമ്മതിക്കണമെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. നാം ഇനിയെന്താണ് ചെയ്യേണ്ടത് എന്നുള്ള കാര്യത്തിൽ ചർച്ചയുണ്ടാകണം. കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത് മോശം കാര്യം തന്നെയാണ് എന്നതിൽ യാതൊരു സംശയവുമില്ല. ഈ സ്ഥിതിയിൽ കേന്ദ്ര

ഗവൺമെന്റ് നമ്മെ സഹായിക്കുന്നില്ല. ജി.എസ്.ടി. വന്നതിനുശേഷം സഹായം തീരെ ലഭിക്കുന്നില്ല. ഈയവസ്ഥയിൽ എന്താണ് ചെയ്യേണ്ടത് എന്നുള്ളത് ആലോചിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് റിയലിസ്റ്റിക് ആയിട്ടുള്ള ചർച്ച നടത്താതെ, എക്കണോമിക് പൊസിഷൻ എന്താണെന്ന് ഗൗനിക്കാതെ പാഴ്ചെലവുകളും ധൂർത്തും തുടരുകയാണിവിടെ. ഇന്ന് പദ്ധതികളുണ്ടോ? നോൺ പ്ലാനിനാണ് തുക മുഴുവൻ ചെലവഴിക്കുന്നത്. സോഷ്യൽ സൈഡ്, പെൻഷനുകൾ തുടങ്ങി വിവിധ കാര്യങ്ങൾക്ക് വമ്പിച്ച ചെലവാണുള്ളത്. അതെല്ലാം നല്ല കാര്യംതന്നെയാണ്. പക്ഷേ അതിനനുസരിച്ച് വരുമാനം ഉണ്ടാകേണ്ടതല്ലേ. പുറത്തുനിന്നുള്ള റെമിറ്റൻസ് കൊണ്ടാണ് പിടിച്ചുനിന്നത് എന്ന വസ്തുത നാം മനസിലാക്കണം. അവിടെയാണ് ഡൊണാൾഡ് ട്രംപും മറ്റ് രാജ്യങ്ങളും കളിക്കുന്നത്. ആ തുകയെല്ലാം കുറഞ്ഞുവരികയാണ്. അക്കാരണത്താലാണ് നമ്മുടെ ഗ്രോത്ത് റേറ്റ് താഴേയ്ക്ക് പോയത്. നമ്മുടെ സാമ്പത്തിക സ്ഥിതി ഇനിയും താഴേയ്ക്ക് പോകും. അതുകൊണ്ട് മേനി നടിച്ചിട്ട് യാതൊരു കാര്യവുമില്ല. ഒടുവിലിത് വലിയ ക്രൈസിസിലേയ്ക്കെത്തുമെന്ന കാര്യം നമുക്കറിയാം. കുടിവെള്ള പദ്ധതി പൂർണ്ണമായും നിലച്ചു. അക്കാര്യത്തിൽ

എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടോ? സാമ്പത്തിക സ്ഥിതി മോശമാണ്, ട്രഷറിയിൽനിന്ന് ബിൽ പാസാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കി യു.ഡി.എഫ്. ഭരണകാലത്ത് ധവളപത്രം പുറപ്പെടുവിച്ചിരുന്നു. ധനസ്ഥിതി മോശമാണെന്ന കാര്യം തുറന്ന് പറയണം. നിങ്ങൾ എക്കണോമിക് മെഷേഴ്സ് കൊണ്ടുവരുന്നില്ല. അതിന് പകരം എല്ലാ പെൻഷനും കൂട്ടിവച്ച്, തിരഞ്ഞെടുപ്പ് അടുക്കാറാകുമ്പോൾ വിതരണം ചെയ്യുകയും അത് വലിയ നേട്ടമായി പറയുകയും ചെയ്യും. ഇതിനെ തിരിമറി ഭരണമെന്നല്ലാതെ പറയാൻ കഴിയില്ല. ട്രില്ല്യൺ എന്ന് കേൾക്കുമ്പോൾ നമുക്ക് പേടിയാണ്. ഈ ട്രില്ല്യണൊക്കെ പറയുകയും ചെയ്യും, ചെറിയ ബിൽ പാസാക്കുകയുമില്ല. ഇത്തരത്തിൽ സാമ്പത്തിക സ്ഥിതിയെ തകർത്ത് തരിപ്പണമാക്കിയ ഒരവസ്ഥയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഒറ്റയ്ക്ക് മറുപടി പറയാൻ കഴിയില്ല. മറ്റുള്ളവരെ കൂട്ടുപിടിച്ചെങ്കിലും നല്ല രീതിയിലുള്ള മറുപടി നൽകണമെന്നാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപം സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, 'ഉറങ്ങുന്നവനെ ഉണർത്താം, പക്ഷേ ഉറക്കം നടക്കുന്നവനെ അതിന് കഴിയില്ല' എന്ന് നമ്മുടെ നാട്ടിലൊരു

ചൊല്ലുണ്ട്. നമ്മുടെ പ്രതിപക്ഷത്തിന്റെ അവസ്ഥ ഇതാണ് എന്നാണെനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം വസ്തുതകളെല്ലാം അവർക്കറിയാം. ഇത്രയേറെ പണം തങ്ങളുടെ മണ്ഡലങ്ങളിലേയ്ക്ക് കിട്ടിയ ഒരു കാലം മുമ്പുണ്ടായിട്ടില്ല എന്ന് പല പ്രതിപക്ഷ എം.എൽ.എ.-മാരും സ്വകാര്യ സംഭാഷണത്തിനിടയിൽ സംസാരിക്കാറുണ്ട്. എല്ലാ റോഡുകളും ഏറ്റവും ഭംഗിയായി പണി തീർത്തിട്ടില്ലേ. ആശുപത്രികൾക്കും പള്ളിക്കൂടങ്ങൾക്കും മികച്ച നിലയിലുള്ള കെട്ടിടങ്ങൾ പണിതില്ലേ. എന്നിട്ടും ഇതൊന്നും അംഗീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്. നാം ചില കാര്യങ്ങൾ അമേരിക്കയുമായി താരതമ്യം ചെയ്യുന്നുവെന്ന് എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ആദരണീയനായ പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ ആക്ഷേപരൂപത്തിൽ സൂചിപ്പിച്ചു. ഇക്കാര്യം ശരിയാണ്. ഒരാഴ്ച മുമ്പ് പുറത്തുവന്ന ഒരു കണക്കുണ്ട്; മാതൃശിശു മരണ നിരക്കിൽ നാം അമേരിക്കയേക്കാൾ ഉയർന്ന നിലയിലെത്തി. നാം ചില കാര്യങ്ങളിൽ അമേരിക്കയേക്കാൾ മികച്ച നിലയിലെത്തിയിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ എന്തോ വലിയ തിരിമറിയും കുഴപ്പവുമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ബഹുമാനപ്പെട്ട ജലവിഭവ

വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ ചോദ്യോത്തരവേളയിൽ മറുപടി പറഞ്ഞപ്പോൾ അതുസംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ജൽ ജീവൻ മിഷൻ മുഖേന പതിനേഴ് ലക്ഷം കണക്ഷനുകളായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്നത് നാൽപ്പത് ലക്ഷത്തിലധികമായി വർധിച്ചുവെന്നും കേന്ദ്ര വിഹിതം ലഭിക്കാതിരുന്നിട്ടും തുക കണ്ടെത്തിയും ബജറ്റിലൂടെ ലഭിച്ച വിഹിതത്തിലൂടെയുമൊക്കെ ആ പദ്ധതി സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നുവെന്നുള്ള കാര്യവും അദ്ദേഹം സൂചിപ്പിച്ചു. ഇതൊക്കെയാണ് വസ്തുതകൾ. ഇത്തരമൊരു ഉപക്ഷേപം കൊണ്ടുവന്നത് ആരെ സഹായിക്കാനാണ്? കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് കാണിക്കുന്ന വിവേചനം മറച്ചുപിടിച്ച്, കേന്ദ്ര അവഗണന തുടരുന്നതിനുള്ള സാഹചര്യമുണ്ടാക്കാനല്ലേ ഇവർ ഇത്തരം ഉപക്ഷേപത്തിലൂടെ ശ്രമിക്കുന്നത്? കേന്ദ്ര ഗവൺമെന്റിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നാം ജന്തർ മന്തറിൽ സമരം നടത്തിയില്ലേ. അന്ന് അതിനെതിരെ മുഖം തിരിച്ചുനിന്ന ആളുകളാണ് ഇപ്പോൾ സഭയിൽ മറ്റൊരു രീതിയിൽ സംസാരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് കാണിക്കുന്ന വലിയ അവഗണനയുടെ ചിത്രം

ഇവിടെയുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും നമുക്ക് ഇപ്പോൾ ലഭിക്കുന്നത് 1.92 ശതമാനം വിഹിതം മാത്രമാണ്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.87 ശതമാനം വിഹിതം ലഭിച്ച സ്ഥാനത്താണ് ഈ അന്യായമായ വെട്ടിക്കുറവുണ്ടായിരിക്കുന്നത്. ജി.എസ്.ടി. പരിഷ്കരണത്തിലൂടെ വീണ്ടും സംസ്ഥാന താൽപ്പര്യത്തിന് കടകവിരുദ്ധമായ സമീപനമുണ്ടായിരിക്കുകയാണ്. ഈ രീതിയിൽ ഫിസ്കൽ ഫെഡറലിസത്തിനെതിരായി ഏറ്റവും തെറ്റായ സമീപനം കേന്ദ്ര സർക്കാരും ബി.ജെ.പി.-യും വച്ചുപുലർത്തുമ്പോൾ അതിനെതിരെ ഒരു വാക്ക് പറയാതെ, കേരളം മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ഈ ദുഃസ്ഥിതിയെ മറികടന്ന് ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുപോകുന്നത് മറച്ചുപിടിക്കുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുക എന്നതുമാത്രമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ പ്രതിപക്ഷം ഉദ്ദേശിക്കുന്നത്. പ്രിയപ്പെട്ട ശ്രീ. ജി. എസ്. ജയലാൽ ഇവിടെ സൂചിപ്പിച്ചതുപോലെ, 2021-22-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ജി.എസ്.ഡി.പി. 7.79 ലക്ഷം രൂപയും കടം 2.96 ലക്ഷം രൂപയുമായിരുന്നു. 2024-25-ൽ ജി.എസ്.ഡി.പി. 12.75 കോടി രൂപയായി വർധിച്ചപ്പോൾ കടം 4.31 ലക്ഷം

രൂപയായി. ഇത്തരത്തിൽ കടം ആനുപാതികമായി കുറയുകയാണ്. സംസ്ഥാനത്തിന്റെ പൊതുകടം മുപ്പത് ശതമാനത്തിൽ താഴെയാണെങ്കിൽ കേന്ദ്രത്തിന്റേത് 58 ശതമാനമാണ്. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്ത് ഏറ്റവും നല്ല രീതിയിലുള്ള വികസന താൽപര്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്തി മുന്നോട്ടുപോകുന്ന ധനകാര്യ വകുപ്പിനെ ഞാൻ അഭിനന്ദിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ കേരളത്തിന്റെ അവസ്ഥയെന്താണെന്ന് പരിശോധിച്ചാൽ, ധനസ്ഥിതി സംബന്ധിച്ച് നീതി ആയോഗ് പതിനെട്ട് സംസ്ഥാനങ്ങളിൽ പരിശോധന നടത്തിയപ്പോൾ കേരളത്തിന്റെ റാങ്ക് 15 ആണ്. നമ്മുടെ കേരള സംസ്ഥാനം ഫിനാൻഷ്യൽ മാനേജ്മെന്റിന്റെ കാര്യത്തിൽ പിന്നോട്ടുപോയി എന്ന് വ്യക്തമായി തെളിയിക്കുന്നതാണ് നീതി ആയോഗിന്റെ റിപ്പോർട്ട്. നമ്മുടെ ചെലവുകൾ വർധിച്ചു, അതുപോലെതന്നെ വികസനപരമായ കാര്യങ്ങൾ ഗുണപരമല്ല, സംസ്ഥാനത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ അവഗണിച്ചുകൊണ്ട് മറ്റ് മേഖലകളിലേക്ക് കടന്നു, എന്നിങ്ങനെയുള്ള ഒരുപാട് വിമർശനങ്ങൾ അതിലുണ്ട്. ഇത്തരം വിഷയങ്ങളാണ്

കേരളത്തിന്റെ കടബാധ്യത മൂന്നിരട്ടിയായി വർധിച്ചുവെന്ന് പ്രതിപക്ഷ ഉപനേതാവും ഡോ. മാത്യു കുഴൽനാടനുമൊക്കെ ചൂണ്ടിക്കാണിച്ചത്. ഇവിടെ ഇക്കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ, റോഡിൽ കുഴി അടയ്ക്കാത്തതും ആശുപത്രികളിൽ മരുന്ന് കിട്ടാത്തതും ശസ്ത്രക്രിയ മാറ്റിവയ്ക്കുന്നതും കൃഷിക്കാരുടെ അവസ്ഥയുമൊക്കെ കാണേണ്ടതുണ്ട്. കാർഷിക മേഖലയിൽ നെല്ലിന്റെ സംഭരണം നടത്തിയ ഇനത്തിൽ കുടിശ്ശിക നൽകാനായി 500 കോടി രൂപ സമാഹരിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ പത്ത് വർഷം തികഞ്ഞ് ഗവൺമെന്റ് ഇറങ്ങിപ്പോകുന്ന സമയത്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളും കൂടിയാലോചിക്കുന്നത്. അടുത്ത ഇലക്ഷനിലേക്ക് പോകുകയാണ് നാം. പത്ത് വർഷം അതിനെക്കുറിച്ച് കാര്യമായി ചിന്തിക്കാൻ പറ്റിയില്ല. ഇതുപോലുള്ള കെടുകാര്യസ്ഥത ധനകാര്യ മാനേജ്മെന്റിന്റെ കാര്യത്തിൽ ഉണ്ടായി എന്നുള്ളത് വസ്തുതയാണ്. ഇവിടെ ഇന്ന് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ചൂണ്ടിക്കാണിച്ച വിഷയത്തിൽ ഇപ്പോൾ ശ്രീ. ജി. എസ്. ജയലാൽ പറഞ്ഞത് നിയമനങ്ങളെല്ലാം നടത്തി എന്നാണ്. മുമ്പ് എല്ലാ ഗവൺമെന്റിന്റെയും കാലത്ത് നിയമനങ്ങൾ നടത്തുകയും ആ പ്രശ്നങ്ങൾ പരിഹരിച്ച് പോകാൻ

ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2021-നുശേഷം ഗവൺമെന്റ് പൂർണ്ണമായും നിയമനങ്ങൾ അംഗീകരിക്കാതെ നിർത്തിവച്ചിരിക്കുകയാണ്. അതാണ് പുനഃപരിശോധിക്കണമെന്ന് ഞങ്ങൾ പറഞ്ഞത്. അപ്പോൾ സുപ്രീംകോടതിയിൽ കേസ് വന്നു. ആ കേസിന് ആധാരമായ വിഷയങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. എൻ.എസ്.എസ്.-ന് കൊടുത്ത അനുകൂലമായ നിലപാട് ഇവിടത്തെ ക്രിസ്ത്യൻ മാനേജ്മെന്റിനും മതന്യൂനപക്ഷങ്ങളും മറ്റ് വിഭാഗങ്ങൾക്കും സിംഗിൾ മാനേജ്മെന്റിനും കിട്ടാതെ ഇന്ന് ആയിരക്കണക്കിന് അധ്യാപകർ പ്രതിസന്ധിയിൽ നിൽക്കുകയാണ്. അപ്പോൾ അധ്യാപകരുടെ നിയമനം നടത്തി എന്നുപറയുന്നതിൽ എന്ത് അർഥമാണുള്ളത്. കൊടുത്തിട്ടില്ല എന്ന് ഞാൻ വീണ്ടും ചൂണ്ടിക്കാണിക്കുകയാണ്. അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണ്ടേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതെല്ലാം സാമ്പത്തികമായ ലാഭത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നു എന്ന് നമ്മൾ കാണേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുമായിരുന്നു. സത്യത്തിൽ രണ്ട് കൂട്ടരെയും ഗവൺമെന്റ് പറ്റിച്ചിരിക്കുകയാണ്. ഇവിടത്തെ അധ്യാപകർക്ക് നിയമന അംഗീകാരം കൊടുക്കുന്നില്ല, ഭിന്നശേഷിക്കാർക്കും

സംവരണം കൊടുക്കുന്നില്ല. ഭിന്നശേഷിക്കാർക്ക് സംവരണം കൊടുക്കേണ്ടത് ആരാണ്? ഗവൺമെന്റാണ് ലിസ്റ്റ് തയ്യാറാക്കേണ്ടത്. പൊതുവിദ്യാഭ്യാസ വകുപ്പ് നിയമനം നൽകണം, ലിസ്റ്റ് ഉണ്ടാക്കേണ്ടത് തൊഴിൽ വകുപ്പാണ്. ഈ രണ്ട് വകുപ്പുകളും ചേർന്ന് പരിഹരിക്കേണ്ട വിഷയം ഇതുവരെ പരിഹരിക്കാൻ തയ്യാറായിട്ടില്ല. മാനേജുമെന്റുകൾ സീറ്റ് മാറ്റി വച്ചിട്ടുണ്ട്, ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ കൊടുക്കാൻ അവർ തയ്യാറാണ്. പക്ഷെ അങ്ങനെ കൊടുക്കണമെങ്കിൽ ഗവൺമെന്റ് ലിസ്റ്റ് വരണം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കണ്ടേ? അതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാകണ്ടേ? രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അങ്ങും അതിൽ ഇടപെട്ടു, നമ്മുടെ സഭാ പിതാക്കന്മാർ ഇക്കാര്യത്തിൽ ഗവൺമെന്റിനോട് പറഞ്ഞതെന്താണ്, 'ഗവൺമെന്റ് കണ്ണുതുറന്ന് കാണണം. ഇവരുടെ കണ്ണുനീരൊപ്പണം’ എന്നാണ്. എല്ലാ ബിഷപ്പുമാരും ഇക്കാര്യത്തിൽ പറഞ്ഞ നിലപാട് വളരെ വ്യക്തമാണ്. പാലാ രൂപതാ മെത്രാൻ സീറോ-മലബാർ സിനഡൽ കമ്മീഷൻ ഫോർ എഡ്യൂക്കേഷൻ കൺവീനർ അഭിവന്ദ്യനായ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു, 'ഭിന്നശേഷിക്കാർക്ക് സംവരണം കൊടുക്കണം, അധ്യാപകർക്ക് നീതി

കൊടുക്കണം' എന്ന്. അതുപോലെതന്നെ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യനായ മാർ തോമസ് തറയിൽ ഇന്നലെ പരസ്യമായി പ്രതികരിച്ചു, 'ഗവൺമെന്റ് പറയുന്നത് ശരിയല്ല, ഈ നിലപാട് തിരുത്തണം അതിനായി മുന്നോട്ടുവരണം' എന്ന്. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചു, ഈ നിലപാട് തിരുത്തണം എന്ന്. തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് തിരുവനന്തപുരം സെക്രട്ടേറിയറ്റ് പടിക്കൽ സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞ വാക്കുകളും ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഗവൺമെന്റ് കണ്ണുതുറന്ന് ഈ വിഷയങ്ങൾ പരിഹരിക്കണം. ഇങ്ങനെയുള്ള സാഹചര്യങ്ങൾ നിൽക്കുമ്പോൾ, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സാമ്പത്തികമായ പ്രശ്നങ്ങളുടെ പേരിൽ പ്രധാനപ്പെട്ട വിഷയങ്ങൾ മാറ്റിവയ്ക്കുമ്പോൾ പാവപ്പെട്ട ആളുകൾ വിഷമിക്കുകയാണ്. പാവപ്പെട്ട താൽക്കാലിക നിയമനക്കാർക്ക് ഓട്ടോറിക്ഷ പിടിച്ചുപോകാൻ പോലും പൈസയില്ല, അതുകൊണ്ട് ഇത് പരിഹരിക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ഒരു

നോട്ടുകൂടി കൊടുത്തിരുന്നു. ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രികൂടി ഇടപെട്ടുകൊണ്ട് പ്രശ്നപരിഹാരമുണ്ടാക്കുന്നതിനു വേണ്ടി നടപടി സ്വീകരിക്കണം. ഈ സാമ്പത്തിക ദുഃസ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഇന്ന് ലോക ഹൃദയദിനമാണ്. 'ചങ്കാണ് ചങ്കിടിപ്പാവുക' എന്നതാണ് അതിന്റെ ആപ്തവാക്യം. കേരളത്തിലെ മൂന്നരകോടിയോളം വരുന്ന മലയാളികളുടെ ചങ്കാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഇരട്ടചങ്കുള്ള സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണ് മൂന്നര കോടി മലയാളികൾക്ക് ഇപ്പോൾ ചങ്കിന് ശ്വാസം കൊടുത്തുകൊണ്ടിരിക്കുന്നത്. വരാൻ പോകുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിയുമ്പോൾ യു.ഡി.എഫ്.-ന്റെ ചങ്കിടിപ്പ് നിലയ്ക്കും. അതൊരു മൈനർ അറ്റാക്കാണ്. 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പ് കഴിയുമ്പോൾ അതൊരു മേജർ അറ്റാക്കാകും. ഇവിടെ യു.ഡി.എഫ്.-കാർ ഒന്ന് പുറകിലേക്ക് നോക്കണം. 'സംസ്ഥാനം ഓവർഡ്രാഫ്റ്റിലേക്ക്-2015' , 'സർക്കാരിന്റെ കാലത്തെ സാമ്പത്തിക വളർച്ച താഴോട്ട് - സി&എ.ജി. റിപ്പോർട്ട്', 'വാർധക്യകാല പെൻഷനും

പണമില്ലാത്തത് മനുഷ്യത്വമില്ലായ്മ - കമ്മീഷൻ' , 'ധന-റവന്യൂ കമ്മികൾ കുതിച്ചുയരുന്നു' ഇതൊക്കെ 2015-ലാണ്. അതുപോലെതന്നെ ഇപ്പോഴത്തെ ഗവൺമെന്റിനെക്കുറിച്ച് നിങ്ങളുടെ ഒരു നേതാവ് പറഞ്ഞൊരു കാര്യമുണ്ട്. 'കേരളം അതിശയിപ്പിക്കുന്നു' . ഇതും നിങ്ങൾ മറന്നുപോകരുത്. ലോകത്തെ ഏറ്റവും സമ്പന്ന രാഷ്ട്രം അമേരിക്കയാണെന്നാണ് പറയുന്നത്. ആ അമേരിക്കയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാണ് ഇപ്പോൾ 50% നികുതി ചുമത്തി ഇന്ത്യാ രാജ്യത്തെപോലും ബുദ്ധിമുട്ടിക്കുന്നത്. അതിന്റെ കെടുതിയാണ് നാം ഇനി അനുഭവിക്കാൻ പോകുന്നത്. ഒരക്ഷരം പറഞ്ഞോ പ്രതിപക്ഷം? പറഞ്ഞില്ല. എവിടെയാണ് കേരളം സാമ്പത്തിക ബാധ്യതകളിലേക്ക് വരുന്നത്. കേന്ദ്ര നികുതി വിഹിതം 2015-ൽ 2.52 ശതമാനമായിരുന്നത് ഇപ്പോൾ 1.92 ശതമാനമാക്കി വെട്ടിക്കുറച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് നേരത്തെ 25 ശതമാനം ഷെയറായിരുന്നു. ഇപ്പോൾ 40 ശതമാനം കേരളം അതിനായി ചെലവഴിക്കണം. നമ്മുടെ വായ്പാ പരിധിയും വെട്ടിക്കുറച്ചു. കേന്ദ്ര ഗവൺമെന്റാണെങ്കിൽ ഏത് കാര്യത്തിലും ജി.എസ്.ടി.-യുടെ പേരിലല്ലാതെതന്നെ സെസ്സും സർചാർജ്ജുമായി തങ്ങളുടെ ഖജനാവിലേക്ക്

പണം സ്വരുക്കൂട്ടുമ്പോൾ അത്തരമൊരു സമീപനം കേരളത്തിലുണ്ടോ? ജി.എസ്.ടി. നഷ്ടപരിഹാരത്തുക ഇല്ല. കഴിഞ്ഞ കുറച്ചു കാലത്തിന്റെതന്നെ നഷ്ടപരിഹാര തുക പരിശോധിച്ചാൽ 11,000/-കോടി രൂപ വരെ ലഭിച്ചിരുന്നതാണ്. ഇപ്പോൾ അതില്ല. ഇപ്പോൾ ജി.എസ്.ടി.-യിൽ പുനഃപരിഷ്കരണം വന്നിട്ടുണ്ട്. 8000 മുതൽ 10000 കോടി രൂപയുടെ നഷ്ടം വരെ ഈ കേരളത്തിനുണ്ടാകുമെന്നാണ് പറയുന്നത്. യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ആരെങ്കിലും ഒരാൾ ഒരക്ഷരം പറഞ്ഞോ? അപ്പോൾ ആ നഷ്ടങ്ങളൊക്കെ ഉണ്ടായിട്ടും കേരളത്തിന്റെ സാമ്പത്തിക വളർച്ചയെക്കുറിച്ച് പറയാതിരിക്കാൻ പറ്റില്ല. സാമ്പത്തികമായി പരിശോധിച്ചാൽ ഏകദേശം 54,000/- കോടി രൂപയായിരുന്ന കേരളത്തിന്റെ നികുതി വരുമാനമെങ്കിൽ ഇപ്പോഴത് 86,000/- കോടി രൂപയിലേക്ക് ഉയർന്നു. 1,30,000/- കോടി രൂപയുടെ ബജറ്റാണ് നേരത്തെ അവതരിപ്പിച്ചതെങ്കിൽ ഇപ്പോൾ 2 ലക്ഷം കോടി രൂപയുടെ ബജറ്റിലേക്ക് ഉയർന്നത് സാമ്പത്തിക വളർച്ച ഇല്ലാത്തതുകൊണ്ടാണോ? അവർ പറയുന്നത് ധൂർത്താണെന്നാണ്. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന നെല്ലിന്റെ താങ്ങുവില 23 രൂപയാണ്. അതിന്റെകൂടെ ഞങ്ങൾ 5 രൂപ 20 പൈസ കൂടി കൂടുതൽ കൊടുത്ത്

കർഷകരെ സംരക്ഷിക്കും. അത് ധൂർത്താണെങ്കിൽ ഇനിയും ആ കർഷകർക്ക് ആശ്വാസമായ നടപടിയുണ്ടാകും എന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്രം തരാനുള്ളത് 2601 കോടി രൂപയാണ്. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതാണ്. പ്രതിപക്ഷത്തുനിന്നും ഒരക്ഷരം പറഞ്ഞോ? ഇല്ല. ഓണത്തിന് സപ്ലൈക്കോയ്ക്ക് ഇൻസെന്റീവായി 100 കോടി രൂപ അധികം കൊടുത്തു. ജൽ ജീവൻ മിഷനെക്കുറിച്ച് പറഞ്ഞു, സ്വാതന്ത്ര്യാനന്തര കേരളത്തിൽ ഹൗസ് കണക്ഷനായി കൊടുത്ത എണ്ണത്തിന്റെ 50 ശതമാനം ഈ കഴിഞ്ഞ നാലര വർഷത്തിനിടയിൽ ഇവിടെ വർധിപ്പിക്കാൻ കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത് 11143 കോടി രൂപയാണ്, അതിൽ നൽകിയത് 5610 കോടി രൂപയും ഇനി തരാനുള്ളത് 6033.28 കോടി രൂപയുമാണ്. ഒരക്ഷരം പറയുന്നില്ലല്ലോ? കൊടുക്കാനുണ്ട്, കൊടുക്കാനുണ്ട് എന്നുപറയുമ്പോൾ തരാനുള്ള ആളുകളെക്കുറിച്ച് ഒരു വാക്ക് പറയണ്ടേ? അവർ പറയില്ല. കേരളത്തിന്റെ മുഖ്യമന്ത്രി ഉൾപ്പെടെ കേന്ദ്രത്തിനെതിരെ ഒരു സമരം നടത്തി. ആരെങ്കിലും ഒന്ന് തിരിഞ്ഞുനോക്കിയോ? ഇപ്പോൾതന്നെ കേന്ദ്രത്തിൽ ഇവിടെനിന്നും 18 എം.പി.-മാരുണ്ട്. കേന്ദ്രത്തിന്റെ പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുമ്പോൾ ഒരു വർത്തമാനം

പറയുന്നുണ്ടോ? കേരളത്തെ മോശപ്പെടുത്തുന്ന വാർത്തകൾ ഉണ്ടാക്കുന്ന തരത്തിലുള്ള ചോദ്യങ്ങളാണ് അവർ ഉയർത്തുന്നത്. അത് നിങ്ങൾ മറന്നുപോകരുത്. യു.ഡി.എഫ്. ഭരണകാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത് 1462 കോടി രൂപയാണ്. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കൊടുത്തത് 5002 കോടി രൂപയാണ്. നാളിതുവരെ 7830 കോടി രൂപ കൊടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്ന രൂപത്തിലേക്കാണ് പോകുന്നത്. വിദ്യാഭ്യാസ മേഖലയിലെ ഉച്ചക്കഞ്ഞിയെക്കുറിച്ച് പറഞ്ഞു, കേന്ദ്ര ഗവൺമെന്റ് അനുവദിക്കാനുള്ള സംഖ്യ 1500 കോടി രൂപയാണ്. ഇപ്പോൾ ഉച്ചക്കഞ്ഞിയല്ല സദ്യയാണ് കൊടുക്കുന്നത്, കുട്ടികൾ സുഭിക്ഷമായാണ് ആഹാരം കഴിക്കുന്നത്. ബിരിയാണികൂടി കൊടുക്കുകയാണ്. NRHM (National Rural Health Mission)-ന്റെ വകയിൽ കിട്ടാനുള്ള പൈസ, മരുന്നിന് പൈസയില്ലെന്ന് ആക്ഷേപിക്കുന്നവരുണ്ടല്ലോ, കേന്ദ്ര ഗവൺമെന്റ് തരാനുള്ള പൈസയിൽ ഒരു വാക്ക് നിങ്ങൾ പറഞ്ഞോ? ന്യൂനപക്ഷ സ്കോളർഷിപ്പിനെക്കുറിച്ച് പറഞ്ഞു, എസ്.സി.&എസ്.റ്റി. വിഭാഗത്തിന് ഞങ്ങൾ കൊടുത്തത് 3853 കോടി രൂപ. ഇപ്പോൾ 5826 കോടി രൂപ ഞങ്ങൾ കൊടുത്തു. ന്യൂനപക്ഷങ്ങൾക്ക്

കൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സ്കോളർഷിപ്പ് വെട്ടിക്കുറച്ചു. കേരളം അതുൾപ്പെടെ കൊടുക്കാൻ തീരുമാനിച്ച് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതാണ് കേരളം. ധൂർത്തിനെക്കുറിച്ച് വീണ്ടും പറയുകയാണ്. ഒറ്റകാര്യമേയുള്ളൂ അഞ്ചര ലക്ഷത്തിലധികം വരുന്ന പാവപ്പെട്ടവർക്ക് കിടക്കാൻ ഒരു കിടപ്പാടമുണ്ടാക്കാൻ ലൈഫ് മിഷനിലൂടെ പണം കൊടുക്കുന്നത് ഒരു ധൂർത്താണെങ്കിൽ ഞങ്ങൾ ഇനിയും വീട് കൊടുക്കും. അത് ധൂർത്തായി കാണട്ടെ. അതുപോലെതന്നെയാണ് പെൻഷന്റെ കാര്യവും. സമൃദ്ധമായൊരു ഓണക്കാലമാണ് കഴിഞ്ഞത്. അതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടോ; ബോണസ് ലഭിച്ചില്ലെന്നും വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുകയാണെന്നും ആരെങ്കിലും പറഞ്ഞോ? ഓണക്കാലം സമൃഷ്ടമായിരുന്നുവെന്നാണ് മലയാള മനോരമയുൾപ്പെടെയുള്ള എല്ലാ പ്രസിദ്ധീകരണങ്ങളും ഒരുപോലെ പറഞ്ഞത്. അത് വെറുതെ പറഞ്ഞതല്ല, കേരളത്തിലെ ഗവൺമെന്റ് ഇരുപതിനായിരം കോടി രൂപയാണ് ഈ ഓണക്കാലത്ത് എല്ലാ വിഭാഗം ജനങ്ങൾക്കുമായി ഖജനാവിൽനിന്നും നൽകിയിട്ടുള്ളത്. അതുകൊണ്ടാണ് ഓണം

കഴിഞ്ഞപ്പോൾ ജനങ്ങൾ ഓണപ്പാട്ടിനൊപ്പം ശ്രീനാരായണ ഗുരുവിന്റെ ദൈവദശകത്തിലെ

"അന്ന വസ്ത്രാദി മുട്ടാതെ

തന്നു രക്ഷിച്ച ഞങ്ങളെ

ധന്യരാക്കുന്ന നീയൊന്നു

തന്നെ ഞങ്ങൾക്ക് തമ്പുരാൻ"

എന്നീ വരികൾകൂടി ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്നവരെ നോക്കി പറഞ്ഞത്. അതുകൊണ്ട് ഈ ഗവൺമെന്റ് ഇനിയും മുന്നോട്ടുപോകും. സാമ്പത്തികമായി കേന്ദ്ര ഗവൺമെന്റ് പല തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാക്കുന്നതിനെതിരെ നിയമപരമായി മാത്രമല്ല കേരളത്തിലെ ജനങ്ങളെ ഒറ്റക്കെട്ടോടെ ഒരുമിച്ച് നിർത്തിക്കൊണ്ട് മുന്നോട്ടുപോകും.

ഇവിടെ കടക്കെണിയെക്കുറിച്ച് പറഞ്ഞു. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് വയനാട്ടിൽ കടക്കെണിമൂലം കർഷകർ ആത്മഹത്യ ചെയ്തുവെന്ന് കേട്ടിട്ടുണ്ട്. നിങ്ങൾ വരുത്തിവച്ച കടത്തിന്റെ ഭാഗമായി നിങ്ങളുടെ പ്രിയപ്പെട്ട സോദരനായിരിക്കേണ്ട വിജയൻ, അസുഖബാധിതനായി കിടന്ന സ്വന്തം

മകന് വിഷംകൊടുത്തശേഷം ആത്മഹത്യ ചെയ്തു. ആ കടക്കെണിയെങ്കിലും നിങ്ങൾ തീർത്തിട്ടുവേണ്ടേ സഭയിൽവന്ന് പറയാൻ എന്ന് ഞാൻ വിനയപൂർവം ചോദിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു കേസ് മാത്രമല്ല, അവിടെത്തന്നെ മൂന്ന് ആത്മഹത്യകളിലേക്ക് നയിച്ചത് കോൺഗ്രസിന്റെ ഇത്തരത്തിലുള്ള നയങ്ങൾമൂലമാണെന്നാണ് പത്രമാധ്യമങ്ങളിലൂടെ ഞാൻ മനസ്സിലാക്കിയത്. അതുകൊണ്ടുതന്നെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇനിയും മുന്നോട്ടുപോകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, യു.ഡി.എഫ്. അംഗങ്ങളിൽ അധികമാരും ശ്രദ്ധിക്കാതെ പോയ ഒരു തെറ്റ് തിരുത്തൽ വാർത്ത കഴിഞ്ഞ ദിവസം മലയാള മനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ചു. ആ വാർത്തയുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു. 'കടമെടുപ്പിനെപ്പറ്റി സി.എ.ജി.: കേരളം വലിയ അപകടാവസ്ഥയിലല്ല.' ആധികാരികമായ രേഖയാണിത്. കഴിഞ്ഞ ദിവസം പുറത്തിറക്കിയ സി.&എ.ജി. സ്റ്റേറ്റ് ഫിനാൻസസ് 2022-2023 റിപ്പോർട്ടാണ് മലയാള മനോരമയിലെ വാർത്തയ്ക്ക് ആധാരമായെടുത്തിട്ടുള്ളത്. ആ റിപ്പോർട്ടിന്റെ ആധികാരികമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ

കടത്തിന്റെ കാര്യത്തിൽ കേരളം വലിയ അപകടാവസ്ഥയിലല്ലെന്ന് മനോരമയ്ക്കുതന്നെ പറയേണ്ടതായി വന്നിരിക്കുന്നു. ഇക്കാലമത്രയും പൊതുവിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരായി വാർത്തകൾ ശക്തമായി പടച്ചുവിട്ട മാധ്യമങ്ങളിലൊന്നാണ് മലയാള മനോരമ. അവർക്കുതന്നെ ഈ നിലയിൽ കാര്യങ്ങൾ വിശകലനം ചെയ്ത് സത്യസന്ധമായി കേരളത്തിന്റെ സാമ്പത്തിക നിലയെ സംബന്ധിച്ച് വിശദീകരിക്കേണ്ടതായി വന്നു. മലയാള മനോരമയിൽ സാമ്പത്തിക കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ലേഖകനായ ശ്രീ. വി. ആർ. പ്രതാപ്, നിരന്തരമായി സാമ്പത്തിക മേഖലയിലുണ്ടാകുന്ന കാര്യങ്ങളെ സംബന്ധിച്ച് വാർത്ത എഴുതുന്നയാളാണ്. അതിൽ അദ്ദേഹം സൂചിപ്പിച്ച വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ മനോരമ ഇക്കാലമത്രയും കേരളത്തിലെ ഗവൺമെന്റിനെതിരായി പടച്ചുവിട്ട വാർത്തകളെല്ലാം ഒരു കാരണവശാലും സത്യസന്ധമായിരുന്നില്ലെന്ന് ഒടുവിൽ അവർക്ക് പറയേണ്ടതായി വന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ പോയി. കേരളം യഥാർഥത്തിൽ കടക്കെണിയിലാണോ? ആധികാരികമായ രേഖകൾ പരിശോധിക്കുമ്പോൾ കേരളം ഒരുനിലയിലും കടബാധ്യതയിലേക്ക് താഴ്ന്നുപോയ സംസ്ഥാനങ്ങളുടെ

പട്ടികയിൽ മുൻപന്തിയിലില്ല. കേരളത്തിൽ ഏറ്റവും ശരിയായ രീതിയിലുള്ള ധനവിനിയോഗ പ്രവർത്തനങ്ങൾ നടക്കുകയാണ്. മഹാമാരികളെ അതിജീവിച്ചാണ് കേരളം മുന്നേറിയത്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ കടുത്ത സാമ്പത്തിക ഉപരോധത്തെ മറികടന്നുകൊണ്ടാണ് കേരള സർക്കാർ ഇക്കാര്യങ്ങൾ നിർവഹിക്കുന്നത്. വിവിധ സന്ദർഭങ്ങളിൽ കേന്ദ്രത്തിനെതിരായി ഈ നിലയിൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്ന നടപടിയെ ചോദ്യം ചെയ്ത് ശക്തമായ നിലയിലേക്കുള്ള പ്രതികരണങ്ങൾ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളും ഉയർത്തിക്കൊണ്ടുവന്നപ്പോഴും ആ ശക്തിയായ ശബ്ദത്തോടൊപ്പം നിൽക്കാതെ കേരള വിരുദ്ധമായ സമീപനം സ്വീകരിച്ചവരാണ് യു.ഡി.എഫ്.-ഉം കോൺഗ്രസും. നാം ഡൽഹിയിൽ നടത്തിയ സമരത്തോടൊപ്പം അവരുണ്ടായിരുന്നില്ല. കേന്ദ്ര സർക്കാർ കടുത്ത സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിക്കൊണ്ടാണ് ഓരോ പദ്ധതികളെയും തകർക്കാൻ ശ്രമിച്ചിട്ടുള്ളത്.

മലയാളികളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ആഘോഷങ്ങളിലൊന്നാണ് ഓണം. ഓണവുമായി ബന്ധപ്പെട്ടുള്ള

ആഘോഷങ്ങൾ നാട്ടിലാകെ നടന്നുവരുമ്പോഴാണ് കോൺഗ്രസും യു.ഡി.എഫ്-ഉം ഉൾപ്പെടെയുള്ള രാഷ്ട്രീയ മുന്നണികളും കേരളത്തിലെ വലതുപക്ഷ മാധ്യമങ്ങളും ഓണത്തിന്റെ ആഘോഷവുമായി ബന്ധപ്പെട്ട് സർക്കാരുണ്ടാക്കിയ ക്രമീകരണങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പിഴവുണ്ടായോയെന്ന് പരിശോധിക്കാൻ തുനിഞ്ഞിറങ്ങിയത്. തലങ്ങും വിലങ്ങും പലയിടങ്ങളിലും വിവിധ തലത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുപോലും കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ച് ഏറ്റവും ശരിയായ അർഥത്തിൽ ധനവിനിയോഗം നടത്തിക്കൊണ്ട് ഓണാഘോഷമുൾപ്പെടെയുള്ള കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷ വേളകളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ജനങ്ങൾക്ക് ആവശ്യമായ നിലയിൽ സാമ്പത്തികമായും മറ്റെല്ലാവിധത്തിലുമുള്ള ആനുകൂല്യങ്ങളും നൽകി അവരുടെ ആഘോഷവേളകളെ ആനന്ദകരമാക്കി മാറ്റാൻ ഏറ്റവും ശരിയായ നിലയിലാണ് നമ്മുടെ ഗവൺമെന്റ് ഇടപെട്ടിട്ടുള്ളത്. ഓണം നാം മികച്ച നിലയിൽ ആഘോഷിച്ചു. രണ്ട് മാസത്തെ ക്ഷേമപെൻഷൻ രണ്ടാഴ്ച മുമ്പുതന്നെ വിതരണം ചെയ്യാൻ ആരംഭിച്ചു. ഏറ്റവും പാവപ്പെട്ട ജനങ്ങൾക്ക്

ആ പണം ലഭിച്ചപ്പോൾ ആത്മവിശ്വാസത്തോടെയും അങ്ങേയറ്റം സന്തോഷത്തോടെയും ഓണം ആഘോഷിക്കാൻ കഴിയുമെന്ന നിലയിലേക്ക് നാട്ടിലെ ഏറ്റവും സാധാരണക്കാരായ ജനങ്ങൾ മാറി. അറുപത്തി രണ്ട് ലക്ഷത്തിൽപ്പരം കുടുംബങ്ങളിലേക്ക് 3,200/- രൂപ വീതം ഓണത്തിനുമുമ്പുതന്നെ എത്തിക്കുമെന്ന് ഗവൺമെന്റ് ഉറപ്പാക്കി. 1800 കോടി രൂപയാണ് ഇതിനായി കേരളത്തിലെ ഗവൺമെന്റ് ചെലവഴിച്ചത്. സംസ്ഥാനത്തെ കരാർ സ്കീം തൊഴിലാളികൾക്ക് നൽകുന്ന ഉത്സവബത്ത 250/- രൂപയാക്കി വർധിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ, ബാലവാടി ഹെൽപ്പർമാർ, ആയമാർ എന്നിവർക്ക് ഉത്സവബത്തപ്രകാരം 1,450/- രൂപ നൽകാൻ ഈ കാലയളവിൽ കഴിഞ്ഞു. വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ തൊഴിലാളികൾ ഏറ്റവും പ്രയാസമനുഭവിക്കുന്നവരാണ്. നമ്മുടെ ഗവൺമെന്റ് അവരുടെ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുന്നു. ആ ശ്രദ്ധ ഓണാഘോഷ കാലയളവിൽപോലും ഉണ്ടായി. അവരുടെ ഉത്സവബത്ത 1,550/- രൂപയാക്കി ഉയർത്തി ഏറ്റവും സാധാരണ തൊഴിലാളികൾക്കും സമൃദ്ധമായ ഓണം നൽകാൻ ഗവൺമെന്റിന് സാധിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾക്ക്

ഓണസമ്മാനമായി ഇരുനൂറ് രൂപയോളം പ്രത്യേകം വർധിപ്പിക്കുന്ന സാഹചര്യമുണ്ടായി. അത്തരത്തിൽ നമ്മുടെ സമൂഹത്തിൽ വലിയ പ്രതിസന്ധിയും പ്രയാസവും നേരിടുന്ന ഏറ്റവും സാധാരണ ജനങ്ങളുടെ ഓണം ഏറ്റവും മികവാർന്ന നിലയിലാക്കി മാറ്റുന്നതിനുവേണ്ടി സജീവമായ നിലയിൽ നമ്മുടെ ഗവൺമെന്റിന് ഇടപെടാൻ കഴിഞ്ഞുവെന്നത് ആശ്വാസകരമാണ്. ഇത്തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകുമ്പോൾ ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഏതെങ്കിലുമൊരു ആക്ഷേപം ഉന്നയിക്കാൻപോലും കോൺഗ്രസിനോ യു.ഡി.എഫ്.-നോ കഴിയാത്ത വിധത്തിലേക്ക് എല്ലാവരും ഏറ്റവും നല്ലനിലയിൽ ഓണം ആഘോഷിക്കുന്ന ഉത്സവാന്തരീക്ഷം ഈ കാലയളവിൽ നമുക്കുണ്ടായി. എല്ലാ അർഥത്തിലും സാമ്പത്തിക ഉപരോധത്തെ മറികടന്നുകൊണ്ട് കേരളം മുന്നോട്ടുപോകുകയാണ്.

സാധാരണഗതിയിൽ കേരളത്തിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഏറ്റവും പ്രധാനമായി ഉന്നയിക്കാറുള്ളത്. നിയമനങ്ങളുടെ കാര്യത്തിൽ കേരളം മാതൃകയാകുകയാണ്. ജോലി ലഭിക്കുകയെന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ആഗ്രഹങ്ങൾ ഏറ്റവും നല്ലനിലയിൽ

പൂർത്തീകരിക്കുന്ന വിധത്തിൽ പരമാവധി പൊതുമേഖലയിലുൾപ്പെടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും നിയമനങ്ങൾ നടത്തിയും മുന്നോട്ടുകൊണ്ടുപോകാൻ കഴിയാവുന്ന വിധത്തിലേക്ക് നമ്മുടെ ഗവൺമെന്റ് പ്രവർത്തിക്കുകയാണ്. ഇന്ന് രാജ്യത്താകെ നടക്കുന്ന പി.എസ്.സി. നിയമനങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ അതിൽ അറുപത് ശതമാനവും കേരളത്തിലാണ്. 2016 മേയ് മുതൽ ഇതുവരെ 289936 നിയമന ശിപാർശകളാണ് പി.എസ്.സി. വഴി നൽകിയിട്ടുള്ളത്. അതിൽ 2016 മുതൽ 2021 വരെയുള്ള ഒന്നാം പിണറായി സർക്കാർ 161268 പേർക്കും രണ്ടാം പിണറായി സർക്കാർ ഇതുവരെ 128668 പേർക്കും നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. ഈ വർഷം ജൂലൈ മാസംവരെ 21102 പേർക്ക് നിയമന ശിപാർശകൾ അയച്ചു. ഈ നിലയിൽ നാലുവർഷംകൊണ്ട് ഒരു ലക്ഷത്തി എൺപതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് യുവജനങ്ങളോട് നീതി പുലർത്തുന്ന സർക്കാരായി നമ്മുടെ സർക്കാർ മാറി.

വലിയ സാമ്പത്തിക പ്രതിസന്ധി, വയനാട് ദുരന്തമുൾപ്പെടെ നടന്ന സന്ദർഭത്തിൽ അന്ന് ദുരന്തമുഖത്ത് അടിയന്തരമായി നിറവേറ്റണ്ടതായിവന്ന

വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ കേന്ദ്ര സർക്കാരിൽനിന്നും കടം വാങ്ങിയ സന്ദർഭത്തിൽപ്പോലും ആ പണം ഏതെങ്കിലുമൊരു സന്ദർഭത്തിൽ കടത്തിൽനിന്ന് ഇളവ് ചെയ്തുകൊടുക്കാൻ കേന്ദ്ര സർക്കാർ സന്നദ്ധമായിട്ടില്ല. ആ കടം തിരിച്ചടക്കേണ്ട ബാധ്യതയായി സംസ്ഥാന സർക്കാരിന്റെ മേൽ അടിച്ചേൽപ്പിക്കുന്ന ഏറ്റവും തെറ്റായ നയം സ്വീകരിക്കുന്ന കേന്ദ്ര സർക്കാരിനെതിരായതുൾപ്പെടെ ശക്തമായ നിലയിലേയ്ക്കുള്ള ക്രമീകരണങ്ങൾ നടത്തി ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ സാമ്പത്തിക വിനിയോഗത്തിൽ മാതൃകാപരമായി സർക്കാർ മുന്നേറുന്നതായാണ് കാണാൻ സാധിക്കുന്നത്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ ശക്തമായി എതിർക്കുകയാണ്. കേരളം സാമ്പത്തിക വെല്ലുവിളികളെ നേരിട്ടുകൊണ്ട് ധൈര്യത്തോടെ മുന്നോട്ടുപോകുകയാണ്. കേന്ദ്ര സർക്കാർ കാണിക്കുന്ന സാമ്പത്തിക വിവേചനം, വരുമാനച്ചെലവുകളിലെ അസന്തുലിതാവസ്ഥ, സാമൂഹിക പ്രതിബദ്ധതയുടെ ഭാരങ്ങൾ ഇവയെല്ലാമുള്ളപ്പോഴും സർക്കാർ ധനകാര്യ മാനേജ്മെന്റിനെ നിയന്ത്രണവിധേയമാക്കാനും ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാനും വിജയകരമായ

നടപടികൾ സ്വീകരിച്ചുവരുന്നു എന്നതാണ് നമ്മുടെ അനുഭവം. നികുതി പിരിക്കുന്നതിന് വിവിധ മേഖലകളിൽ കാര്യക്ഷമമായ പ്രവർത്തനംവഴി സംസ്ഥാനത്തിന്റെ വരുമാനം വർഷംതോറും ഉയർത്താൻ കഴിഞ്ഞിരിക്കുന്നു. അതിനൊരു ഡിജിറ്റൽ സംവിധാനം വ്യാപകമാക്കിയതോടെ നികുതിചോർച്ച കുറച്ചുകൊണ്ടുവരാൻ സാധിച്ചു. സാമൂഹിക ക്ഷേമപദ്ധതികൾക്ക് മുൻഗണന നൽകിക്കൊണ്ടുതന്നെ ചെലവിന്റെ കാര്യക്ഷമതാ വിനിയോഗം ഉറപ്പാക്കുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്റ്റടിസ്ഥാനത്തിലുള്ള വായ്പാവിനിയോഗം, പൊതുവിതരണ സംവിധാനത്തിന്റെ സുതാര്യത, ട്രഷറി ഓൺലൈൻ സംവിധാനങ്ങൾ, പെൻഷൻ, ശമ്പള വിതരണം എന്നിവയിലൊക്കെ സമയബന്ധിത ഇടപെടലുകൾ നടത്തി നാം മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ധനകാര്യ മാനേജ്മെന്റിനെ ശക്തമാക്കിയത് ജനാധിപത്യ മൂല്യങ്ങൾക്കും സാമൂഹിക നീതിക്കുള്ള പ്രതിബദ്ധതയുമായാണ്. ക്ഷേമരാജ്യത്തിന്റെ ആശയം വിട്ടുവീഴ്ച ചെയ്യാതെതന്നെ സാമ്പത്തികക്രമശീലവും വളർച്ചയും ഒരുമിച്ച് കൈകാര്യം ചെയ്യാൻ കേരളത്തിന് കഴിഞ്ഞിരിക്കുന്നുവെന്ന് തെളിയിക്കുന്നതാണ് കഴിഞ്ഞ ബജറ്റ്. കേരളത്തിന്റെ ശക്തമായ ധനകാര്യ മാനേജ്മെന്റ് സംസ്ഥാനത്തെ മുന്നോട്ടുനയിക്കുന്ന ഒരു അടിത്തറയാണ്. ഡിജിറ്റൽ സങ്കേതികവിദ്യ, പരിസ്ഥിതി

സൗഹൃദ നിക്ഷേപങ്ങൾ, സ്വയംപര്യാപ്ത വ്യവസായങ്ങൾ തുടങ്ങിയവ ശക്തമാക്കിക്കൊണ്ട് ധനകാര്യ ശക്തി കൂടുതൽ ഉറപ്പാക്കുന്നതാണ് കേരളത്തിന്റെ സാമ്പത്തിക ആത്മവിശ്വാസത്തിന്റെ സാക്ഷ്യം. കേരളത്തിന്റെ വികസനാനുഭവങ്ങൾ പലതരത്തിൽ അദ്വിതീയമാണ്. വികസന വിജ്ഞാന സാഹിത്യത്തിൽ കേരളത്തെപ്പോലെ ഇത്രയേറെ ചർച്ച ചെയ്യപ്പെട്ട മറ്റൊരു ഭൂപ്രദേശമില്ലെന്ന് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അന്തസ്സോടെയും ആരോഗ്യത്തോടെയും ജീവിക്കാനുള്ള സ്വാതന്ത്ര്യം, സാർവത്രിക സാക്ഷരത, ഉയർന്ന ആയുർദൈർഘ്യം, താഴ്ന്ന ശിശു-മരണ നിരക്ക്, ജന്മിത്വത്തെ തകർത്തെറിഞ്ഞ ഭൂപരിഷ്കരണം, അടിസ്ഥാനാവശ്യങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യക്ഷമമായ പൊതുമേഖലാ സംവിധാനങ്ങളുടെ സജീവവും വ്യാപകവുമായ സാന്നിധ്യം, നാട്ടിൻപുറവും നഗരവും തമ്മിൽ വലിയ അന്തരമില്ലാത്ത സാഹചര്യം തുടങ്ങി ലോകത്തിലെ സമ്പന്നരാജ്യങ്ങളോടുപോലും കിടപിടിക്കുന്ന കേരളത്തിന്റെ നേട്ടങ്ങൾ അനവധിയാണ്. വൻകിട വ്യവസായവൽക്കരണമില്ലാതെ ഇത്രയേറെ മാനവീയ നേട്ടങ്ങൾ കൈവരിച്ച ഒരു സമൂഹം, ലോക ചരിത്രത്തിൽത്തന്നെ അപൂർവമാണെന്ന് ഈ മേഖലകളിൽ പഠനം നടത്തിയ ഒട്ടേറെ വിദഗ്ദ്ധർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈയൊരു മുന്നേറ്റത്തിൽ കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിനൊപ്പം സംസ്ഥാനത്തെ

സഹകരണ പ്രസ്ഥാനവും മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്നിപ്പോൾ പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യ സുരക്ഷയും ഭക്ഷ്യസുരക്ഷയും സാമൂഹ്യസുരക്ഷയും ഉന്നത വിദ്യാഭ്യാസരംഗത്തടക്കം സമൂലമാറ്റവും ഉറപ്പാക്കി കേരളം സർവതലസ്പർശിയായ വികസനത്തിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ ധനമേഖലയെ ധനമൂലധന ശക്തികൾക്ക് വിട്ടുകൊടുക്കാൻ കേന്ദ്ര ബി.ജെ.പി. ഭരണത്തിൽ തുടർച്ചയായ നീക്കങ്ങൾ നടത്തിവരുന്നത് നാം കാണാതിരുന്നുകൂടാ. 'പുനർഗേഹം' പദ്ധതിയിലൂടെ ഇതുവരെ മൂവായിരത്തിലധികം വ്യക്തിഗത ഭവനങ്ങളുടെയും നാനൂറോളം ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാലര വർഷംകൊണ്ട് മുപ്പത് ലക്ഷത്തിലധികം പേർക്ക് ഏകദേശം ഏഴായിരം കോടി രൂപയുടെ സൗജന്യ ചികിത്സയും കാരുണ്യ ബെനവലന്റ് ഫണ്ടുവഴി 475 കോടി രൂപയോളം സഹായവും നൽകാൻ സാധിച്ചിട്ടുണ്ട്. മികച്ച ധനകാര്യ മാനേജ്മെന്റുകൊണ്ട് എഴുപത് ശതമാനത്തിലധികം നികുതി വർധിപ്പിച്ചാണ് കേരളം കേന്ദ്രം അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്ത് മുന്നോട്ടുപോകുന്നത്. വയനാട് ദുരന്തബാധിതരെ നിരന്തരം കേന്ദ്ര സർക്കാർ അവഗണിച്ചിട്ടും അവർക്കാവശ്യമായ എല്ലാവിധ സഹായങ്ങൾ നൽകുകയും ടൗൺഷിപ്പിന്റെ പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിക്കുകയും

ചെയ്യുന്നത് സഹിക്കാനാകാത്തതിലാണോ പ്രതിപക്ഷം ധനകാര്യ വകുപ്പിനെ കുറ്റം പറയുന്നതെന്ന് സാന്ദർഭികമായി ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ 'മെഡിസെപ്പ്' പദ്ധതി പ്രകാരം ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം ഒന്നാം തീയതിവരെ ഒന്നേകാൽലക്ഷത്തോളം പേർക്ക് ഏകദേശം 2063.6 കോടി രൂപയുടെ ക്ലെയിം *സമർപ്പിച്ചതായാണ്* അറിയാൻ സാധിച്ചത്. ഇങ്ങനെ ജീവനക്കാർക്ക് ആശ്വാസം നൽകുന്നതാണോ സർക്കാർ ചെയ്ത തെറ്റ്. കഴിഞ്ഞ ഓണക്കാലം സമൃദ്ധമായി ആഘോഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ പ്രതിപക്ഷത്തിന് അറിയില്ലേ; ആറുലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് സൗജന്യ ഓണക്കിറ്റ് നൽകിയതോടൊപ്പം ഓണച്ചന്തകളിലൂടെ മുമ്പൊരിക്കലുമില്ലാത്തവിധം ഭക്ഷ്യസാധനങ്ങൾ സാധാരണക്കാരന്റെ വീടുകളിൽ എത്തിച്ചില്ലേ; സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും മൂന്ന് ശതമാനം ഡി.എ. വർധനയും ഉത്സവബത്തയും ബോണസും വർധിപ്പിച്ചുനൽകിയില്ലേ; തൊഴിലുറപ്പ് തൊഴിലാളികൾക്ക് 1200/- രൂപവീതം ഓണസമ്മാനം നൽകിയില്ലേ; ഭാഗ്യക്കുറി ഏജന്റുമാർക്ക്, കരാർ തൊഴിലാളികൾക്ക് എന്നിങ്ങനെ സമൂഹത്തിന്റെ നാനാവിഭാഗം ജനങ്ങളിലേയ്ക്കും സഹായമെത്തിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സഭാ

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ഞാൻ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഭരണപക്ഷ അംഗങ്ങൾ സംസാരിച്ചപ്പോൾ കേന്ദ്ര സർക്കാർ ഫണ്ട് വെട്ടിക്കുറിച്ചതിന്റെ കാര്യമൊക്കെ പറയുന്നുണ്ടായിരുന്നു. പക്ഷേ കേന്ദ്രം ഭരിക്കുന്ന ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് കേരളത്തിന്റെ മുഖ്യമന്ത്രി ഒരക്ഷരംപോലും പത്തുവർഷം പിന്നിടുമ്പോഴും ഈ സഭയിൽ പറഞ്ഞിട്ടില്ല. അത് പറയാൻ നട്ടെല്ലും തന്റേടവുമുള്ള ഒരു നേതാവെ രാജ്യത്തുള്ളൂ. അത് ശ്രീ. രാഹുൽ ഗാന്ധിയാണ്. അദ്ദേഹം പാർലമെന്റിനകത്തും പുറത്തും ജനങ്ങളെ സംഘടിപ്പിച്ചും അത് പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. ഫാസിസത്തിനെതിരെയുള്ള പോരാട്ടത്തിൽ അദ്ദേഹം ശക്തമായ നിലപാടെടുക്കുമ്പോൾ കേരളത്തിലെ ഒരു മാധ്യമ ചാനലിൽ സംസാരിച്ചുകൊണ്ട് ബി.ജെ.പി.-യുടെ ഒരു നേതാവ്, ഇന്ത്യയുടെ പ്രതിപക്ഷനേതാവ് ശ്രീ. രാഹുൽ ഗാന്ധിയുടെ നെഞ്ചത്ത് വെടിയുണ്ടവീഴുമെന്ന് പറഞ്ഞപ്പോൾ അതിനെതിരെ ഒരുവാക്ക് പറയാനോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനോ തന്റേടം കാണിക്കാതെ ബി.ജെ.പി.-ക്കുമുമ്പിൽ മുട്ടുമടക്കുന്ന ഭരണകൂടമാണ് ഇടതുപക്ഷ ഗവൺമെന്റ്. അങ്ങനെയുള്ള നിങ്ങൾക്ക് കേന്ദ്രസർക്കാരിനെതിരെ ഒരക്ഷരം പറയാനുള്ള ധാർമ്മികതയില്ലെന്ന് ഞാൻ

സൂചിപ്പിക്കുകയാണ്. റൂൾ 50-യുമായി ബന്ധപ്പെട്ട് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്; കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോ; കേരളത്തിൽ കേന്ദ്രസർക്കാരിന്റെ നയങ്ങൾകൊണ്ട് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; ഉണ്ടെങ്കിൽ ഉണ്ട് എന്നും ഇല്ലെങ്കിൽ ഇല്ല എന്നും പറയുമോ; അങ്ങയുടെ മറുപടി കേട്ടുകഴിഞ്ഞാൽ ഉണ്ടെന്നോ ഇല്ലെന്നോ പറയുകയില്ല. പക്ഷേ ഉണ്ട്ഇല്ല എന്ന് പറയും. ഉണ്ട്ഇല്ല എന്നുള്ള മറുപടിയല്ല വേണ്ടത്; കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിൽ അത് നേരിട്ട് പറയാൻ അങ്ങ് തയ്യാറാകണം. ഭരണപക്ഷ എം.എൽ.എ.-മാരുടെ സ്ഥിതിയാലോചിച്ചാൽ വളരെ പ്രയാസമാണ്. ഈ ഗവൺമെന്റിനെക്കൊണ്ട് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് കേരളത്തിലെ ജനങ്ങളാണെന്നാണ് എല്ലാവരും ധരിക്കുന്നത്. പക്ഷേ അല്ല, ഈ എം.എൽ.എ.-മാരാണ്. വിലക്കയറ്റം ലാഭകരമാണെന്ന് പറയേണ്ട സ്ഥിതിയാണ് ഇവിടത്തെ എം.എൽ.എ.-മാർക്കുള്ളത്. ന്യായീകരണത്തൊഴിലാളികളായി മാറിയിരിക്കുകയാണ്. യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ കാണണം. എന്താണ് ഇവിടത്തെ വിലക്കയറ്റം എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ വീട്ടിൽപ്പോയി അന്വേഷിക്കണം. ഈ ഓണത്തെക്കുറിച്ച് ഭരണപക്ഷം പറഞ്ഞിരുന്നല്ലോ ഓണം വളരെ ആഘോഷത്തോടുകൂടി കൊണ്ടുവന്നുവെന്ന്, ഒരു

വിലക്കയറ്റവും ഉണ്ടായിരുന്നില്ലേ; അന്നത്തെ പത്രവാർത്ത ഇവിടെയുണ്ട്. ഓണം കഴിഞ്ഞ് ഈ മാസത്തെ ഏറ്റവും ലേറ്റസ്റ്റായിട്ടുള്ള കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണെന്നാണ് പറഞ്ഞത്. നിങ്ങളുടെ ആഘോഷം നിങ്ങളുടെ വീട്ടിലിരുന്ന് സന്തോഷത്തോടുകൂടി ആഘോഷിച്ചു. തൊട്ടടുത്ത വീട്ടിലൊന്ന് പോകണം. വിലക്കയറ്റംകൊണ്ട് അവർ അനുഭവിച്ച പ്രയാസവും ബുദ്ധിമുട്ടുകളും എന്താണെന്ന് നിങ്ങൾ മനസ്സിലാക്കണം. റൂൾ 50 അനുവദിക്കുമ്പോൾ ഞങ്ങൾ എല്ലാ കാര്യങ്ങളും പറയുന്നതാണ്. പറയുന്ന കാര്യങ്ങൾക്ക് എന്തെങ്കിലും നീതിവേണ്ടേ? സാമ്പത്തിക കാര്യങ്ങളും കണക്കുകളുമൊന്നും ഞാൻ ഇത്തവണ ചോദിക്കുന്നില്ല. കാരണം പലവട്ടം അങ്ങയോട് ചോദിച്ചപ്പോഴും അതിനൊന്നും മറുപടി നൽകിയിട്ടില്ല. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര ഗഡു ക്ഷാമബത്തയാണ് നൽകാനുള്ളതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. എന്റെ കണക്കനുസരിച്ച് 6 ഗഡു ക്ഷാമബത്തയാണ് കുടിശ്ശികയുള്ളത്, അതായത് 18 ശതമാനം. ഈ കുടിശ്ശിക എന്ന് നൽകും; ഇത് സർക്കാരിന് നൽകാൻ കഴിയുമോ? കഴിയുമെങ്കിൽ അത് പറയണം. 2024-ൽ പ്രാബല്യത്തിൽ വരേണ്ടിയിരുന്ന

ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. എന്ന് ശമ്പളപരിഷ്കരണം നടപ്പാക്കാൻ സാധിക്കും? ആശാ വർക്കർമാർ സമരം ചെയ്യുകയാണ്. അങ്ങയുടെ മടിക്കുത്തിൽ പണമുണ്ടെന്ന് പറയുന്ന, പാവപ്പെട്ട ആശാ വർക്കർമാർക്ക് 500/- രൂപയെങ്കിലും കൂട്ടിനൽകാൻ അങ്ങേയ്ക്ക് എന്നാണ് കഴിയുക? എല്ലാം സുഭിക്ഷമാണെന്നും സൗകര്യപ്രദമാണെന്നും നിങ്ങൾ പ്രസംഗിക്കുമ്പോഴും ഈ പാവപ്പെട്ടവർക്ക് എന്തെങ്കിലും കൂട്ടിനൽകാൻ ഗവൺമെന്റിന് കഴിയുമോയെന്ന് അങ്ങയുടെ പ്രസംഗത്തിൽ മറുപടി പറയണം. സാമ്പത്തിക പ്രതിസന്ധി ഇല്ലെങ്കിൽ ഇതൊക്കെ അങ്ങേയ്ക്ക് ചെയ്യാമല്ലോ, എന്തുകൊണ്ടാണ് ചെയ്യാത്തത്? 3 ലക്ഷം കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് 16 മാസത്തെ കുടിശ്ശികയുണ്ടെന്ന് പറയുന്നു. പ്രസ്തുത കുടിശ്ശിക എന്ന് കൊടുത്തുതീർക്കാൻ കഴിയും? ഓരോ ക്ഷേമനിധി ബോർഡിനും നൽകാനുള്ള കുടിശ്ശികയുടെ കണക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി പറഞ്ഞിട്ടുണ്ട്. അത് വായിക്കാനായി മാത്രം എനിക്ക് അനുവദിച്ച 7 മിനിട്ട് വേണ്ടിവരുമെന്നുള്ളതുകൊണ്ടാണ് ഞാൻ അതിലേക്ക് പോകാത്തത്. എന്നാണ് അങ്ങേക്ക് ഇതൊക്കെ കൊടുത്തുതീർക്കാൻ സാധിക്കുക?

നേരത്തെ ചർച്ച ചെയ്തതുപോലെ പരമ്പരാഗത തൊഴിലാളികൾ, കൈത്തറി, കശുവണ്ടി, കയർത്തൊഴിലാളികൾ തുടങ്ങിയവരുടെ അവസ്ഥയെന്താണ്? ഇവർക്ക് ഒന്നും നിങ്ങൾ നൽകുന്നില്ല. എന്നിട്ടും ഓണം സുഭിക്ഷമാണ് എല്ലാം നല്ലതുപോലെ പോയെന്ന് നിങ്ങൾ പറയുന്നു. എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചശേഷം അതിന്റെ പണം കാലതാമസംകൂടാതെ ലഭിക്കാത്തതിനാൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തി ഏറ്റെടുക്കാൻ ഇപ്പോൾ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. വർക്ക് നൽകിക്കഴിഞ്ഞാൽ കോൺട്രാക്ടർമാരെ കിട്ടാനില്ല എന്നതാണ് സ്ഥിതി. എല്ലായിടത്തും ഈ രീതിയിലാണ് നിങ്ങൾ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. വെള്ളക്കരം, ഭൂനികുതി, കെട്ടിടനികുതി, ബസ് ചാർജ്, പെർമിറ്റ് ഫീസ്, വൈദ്യുതിനിരക്ക് എന്നിവ നിങ്ങൾ വർധിപ്പിച്ചു. ഇനിയും വൈദ്യുതിനിരക്ക് കൂട്ടുമെന്ന് ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈയൊരു രീതിയിൽ പാവപ്പെട്ടവന്റെ പോക്കറ്റിലെ പണം മുഴുവൻ പോക്കറ്റടിച്ച് ഇത്തരം കാര്യങ്ങൾ വാങ്ങിയിട്ടും ഈ പാവപ്പെട്ടവർക്ക് നൽകേണ്ടതൊന്നും നൽകുന്നില്ല. എന്നിട്ടും ഇവിടെ സാമ്പത്തിക ഭദ്രതയാണ്, സാമ്പത്തികമായി യാതൊരു ബുദ്ധിമുട്ടുമില്ലെന്ന് നിങ്ങൾ

പറയുന്നു. സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പദ്ധതികൾവരെ നിങ്ങൾ വെട്ടിക്കുറച്ചിതിനെപ്പറ്റി ഇവിടെ പറഞ്ഞു. സ്കൂൾ ഫെസ്റ്റിവലിൽ പങ്കെടുത്ത് 'എ' ഗ്രേഡ് നേടുന്ന കുട്ടികൾക്ക് 10,000/- രൂപയും എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' ലഭിക്കുന്ന കുട്ടികൾക്ക് സ്വർണ്ണപ്പതക്കവും നിങ്ങൾ നൽകിയിരുന്നു. എന്നാൽ വർഷങ്ങളായി അതും നൽകുന്നില്ല. എസ്.ടി. വിഭാഗത്തിനുള്ള ഫുഡ് സപ്പോർട്ട് പ്രോഗ്രാം, 'ജനനി ജന്മരക്ഷാ പദ്ധതി' എന്നിവ നിർത്തലാക്കി. ചികിത്സാ ധനസഹായം നാമമാത്രമാക്കി ചുരുക്കി. വീടുകളുടെ പുനരുദ്ധാരണ പദ്ധതി ഇപ്പോൾ എവിടെയാണ് എത്തിനിൽക്കുന്നത്. കുട്ടികളെ അവരുടെ ഊരുകളിൽ നിന്ന് സ്കൂളുകളിലേക്ക് കൊണ്ടുവരുന്ന 'വിദ്യാവാഹിനി' പദ്ധതിക്കുപോലും പണം അനുവദിക്കാതെ ഇവിടെ സാമ്പത്തികമായി ഒരു പ്രയാസവുമില്ലെന്നും എല്ലാം സുരക്ഷിതമാണെന്നും നിങ്ങൾ പറയുന്നു. സമൂഹത്തിലെ ഏറ്റവും ദുർബലരായ ജനവിഭാഗങ്ങളുടെ കാര്യമാണ് ഞാൻ പറയുന്നത്.

ന്യൂനപക്ഷങ്ങളുടെ കാര്യമെടുത്താൽ, ന്യൂനപക്ഷ ചെലവ് കഴിഞ്ഞ 4 വർഷംകൊണ്ട് പാഴാക്കിയത് 21.67 കോടി രൂപയാണ്. ചെലവാക്കുന്ന കാര്യം വേറെ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള ബജറ്റ്

അലോക്കേഷൻ ഏതാണ്ട് 90 കോടി രൂപയ്ക്കടുത്തായിരുന്നു. അത് നിങ്ങൾ താഴേക്ക് കൊണ്ടുവരുക മാത്രമല്ല താഴേക്ക് കൊണ്ടുവന്ന തുകയിൽ വെട്ടിക്കുറവ് വരുത്തുകയുമാണ് ചെയ്തത്. ഈ രീതിയിലാണ് നിങ്ങൾ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. എന്നിട്ടും സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നാണ് നിങ്ങൾ പറയുന്നത്. സാമ്പത്തിക പ്രതിസന്ധി ഇല്ലെങ്കിൽ ഗവൺമെന്റ് ചെയ്യാനുള്ള ഇത്തരം കാര്യങ്ങൾ സമയബന്ധിതമായി ചെയ്തുകൊണ്ട് അത് തെളിയിക്കണം. ജനങ്ങൾക്ക് നൽകാനുള്ള പണം നൽകാൻ നിങ്ങളുടെ കൈയിൽ പണമില്ല. ട്രഷറിയുടെ കാര്യമെടുത്താൽ.....

മി. സ്പീക്കർ: യെസ്.. യെസ്... പ്ലീസ്...... പ്ലീസ്...

ശ്രീ. എ. പി. അനിൽകുമാർ: സർ, മുൻ ഗവൺമെന്റുകൾ മാർച്ച് മാസത്തിലാണ് സാധാരണയായി ട്രഷറി നിയന്ത്രണങ്ങൾ കൊണ്ടുവരാറുള്ളത്. എന്നാൽ മാർച്ച് മാസം കഴിഞ്ഞയുടൻ ഏപ്രിൽ മാസത്തിലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയ ഗവൺമെന്റ് ഏതാണെന്ന് ചരിത്രം പരിശോധിച്ചാൽ അത് ശ്രീ. പിണറായി വിജയൻ ഗവൺമെന്റാണെന്ന്.....

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്......

ശ്രീ. എ. പി. അനിൽകുമാർ: സർ, നമുക്ക് മനസ്സിലാകും. .....(മൈക്ക് ഓഫ്)....

ശ്രീമതി യു. പ്രതിഭ: സർ, ഒട്ടും ആത്മാർഥതയില്ലാതെ പ്രതിപക്ഷം കൊണ്ടുവന്ന ഈ അടിയന്തരപ്രമേയത്തെ പൂർണ്ണമായും ഞങ്ങൾ തള്ളിക്കളയുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ കാര്യം ഇവിടെ പ്രതിപക്ഷം പറഞ്ഞു. ശ്രീ. രാഹുൽ ഗാന്ധിയുടെ നെഞ്ചിൽ വെടിയുണ്ട വീഴുമെന്ന് ചാനൽ ചർച്ചയിൽ പറഞ്ഞുവെന്ന് ഇപ്പോൾ മുൻ മന്ത്രികൂടിയായിരുന്ന അങ്ങും പറഞ്ഞു. ഇക്കാര്യത്തിൽ ഏതെങ്കിലുമൊരു കോൺഗ്രസുകാരൻ ഒരു പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ; നിങ്ങൾ ബി.ജെ.പി.-യെ പേടിച്ച് മുട്ട് ഇടിക്കുന്നവരല്ലേ? ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ആശാന്റെ കവിതയിൽ പറഞ്ഞിട്ടുണ്ട്.

"മറ്റുള്ളവർക്കായി ഉഴാനും നടാനും
കറ്റമെതിക്കാനും കൊയ്തിടാനും
പറ്റമിക്കൂട്ടർ ഇരുകാലി മാടുകൾ
മറ്റ് വിടുപണി ചെയ്യുവാനും."

ഇതായിരുന്നില്ലേ കേരളത്തിന്റെ ഒരു കാലത്തെ അവസ്ഥ. 1957-ൽ നിന്ന് 2025-ലെ നവകേരളത്തിലേക്ക് എത്തുമ്പോൾ നവംബർ മാസത്തിൽ ലോകത്തിനുതന്നെ മാതൃകാപരവും സുപ്രധാനവുമായൊരു പ്രഖ്യാപനം കേരളം നടത്താൻ പോകുകയാണ്, അത് പ്രതിപക്ഷം കാണുന്നില്ല. ഇവർ പറയും തള്ളാണെന്ന്. കാരണം, അങ്ങനെ തള്ളിത്തള്ളി ശീലിച്ച ഒരു കാലം കോൺഗ്രസ്സിനുണ്ടായിരുന്നതിനാൽ ഇപ്പോൾ ഞങ്ങൾ നടപ്പാക്കുന്നതൊക്കെ തള്ളാണെന്ന് നിങ്ങൾ പറയും. ഈ അടിയന്തരപ്രമേയത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിച്ചപ്പോൾപ്പോലും ഇതൊന്നും കേൾക്കാനോ പറയാനോ അവിടെ ആരെയും ഞങ്ങൾ കണ്ടില്ല. അപ്പോൾത്തന്നെ ഞങ്ങൾക്ക് ഇത് ആത്മാർഥതയില്ലാത്ത ഒരു ഉപക്ഷേപമായി തോന്നി. ഈ വരുന്ന നവംബർ മാസത്തിൽ കേരളത്തെ അതിദാരിദ്ര്യമുക്തമാക്കാൻ സർക്കാർ വലിയ ഒരു പദ്ധതി എടുത്തിരിക്കുന്നു. 64006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി അവരെ സാധാരണ മനുഷ്യരുടെ ജീവിത നിലവാരത്തിലേക്ക് എത്തിക്കാൻവേണ്ട ഏറ്റവും ഹൃദയമുള്ളൊരു പദ്ധതിക്കാണ് നമ്മുടെ കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നത്. ധനപ്രതിസന്ധിയെപ്പറ്റി പറയുമ്പോൾ കേന്ദ്രം

തരാനുള്ളതിനെക്കുറിച്ച് ഇവരാരും പറയാറില്ല. രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ വിവിധ ഇനങ്ങളായി കേന്ദ്ര സർക്കാർ വായ്പാ പരിധിയിൽ വെട്ടിക്കുറവുണ്ട്. ഇവർക്കാണ് കേന്ദ്ര സർക്കാരിനെ ഭയവും അവരെ കാണുമ്പോൾ മുട്ട് ഇടിക്കുന്നതും. ഇവരുടെ 19 എം.പി.-മാർ അവിടെയുണ്ടല്ലോ? എന്തുകൊണ്ടാണ് കേരളത്തിന് ആവശ്യമായ ന്യായമായ കാര്യങ്ങൾ, ഇപ്പോൾ AIIMS ഒക്കെ ചർച്ചയാണല്ലോ; എന്തുകൊണ്ടാണ് ന്യായമായ കാര്യങ്ങൾപോലും കേരളത്തിലേക്ക് എത്തിക്കാൻ നിങ്ങൾക്ക് സാധിക്കാത്തത്? പ്രഗത്ഭരായിട്ടുള്ളവരാണെന്നല്ലേ നിങ്ങൾ സ്വയം അവകാശപ്പെടുന്നത്. Public Accrual ഇനത്തിൽ 37211 കോടി രൂപ കഴിഞ്ഞ 5 വർഷമായി കേന്ദ്രം വെട്ടിക്കുറച്ചിരിക്കുകയാണ്. കൂടാതെ പ്രത്യേക നിർദ്ദേശം പദ്ധതി വായ്പയെടുത്ത ഇനത്തിൽ 23144 കോടി രൂപയും ഉൾപ്പെടെ കേരളത്തിന് ഡയറക്റ്റായി 60355 കോടി രൂപയാണ് വെട്ടിക്കുറച്ചിരിക്കുന്നത്. ഇവർക്ക് പറയുന്നതിന് അല്പമെങ്കിലും ലജ്ജയുണ്ടോ. കേന്ദ്രത്തിനെതിരെ കേരളത്തിലെ മുഖ്യമന്ത്രിയടക്കം സമരം ചെയ്യാൻ പോയപ്പോൾ മുഖം തിരിഞ്ഞ് കേരളത്തെ നോക്കി കൊഞ്ഞനം കാട്ടിയവരാണ് ഈ പ്രതിപക്ഷം. എന്നിട്ട് എന്ത് ആത്മാർത്ഥതയാണ്

ഇത്തരമൊരു ഉപക്ഷേപം കൊണ്ടുവരുന്നതിലുള്ളത്. എല്ലാം വ്യാജമാണെന്ന് ഇവർ പറയുന്നു. വ്യാജമാണെന്ന് അവർ പറയും കാരണം.... യു.ഡി.എഫ്.-ന്റെ കാലത്തുള്ള ഒരു പത്രക്കട്ടിങ്ങാണ് ഞാൻ വായിക്കുന്നത്. 'സർക്കാർ നൽകുന്നത് വണ്ടിച്ചെക്ക്', 'വാർദ്ധക്യകാല പെൻഷന് പണമില്ലായെന്ന് മന്ത്രിമാർ പറയുന്നു' 'അത് മനുഷ്യത്വമില്ലായ്മയാണെന്ന് മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞിരിക്കുന്നു'. പദ്ധതിച്ചെലവ് മൂന്നിലൊന്ന് മാത്രമാണ് അന്ന് ചെലവഴിച്ചിരിക്കുന്നത്. ഇന്ന് 111 ശതമാനമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ചെലവഴിച്ചിരിക്കുന്നത്. 1000 കോടി രൂപ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും റീ ബിൽഡ് കേരളയ്ക്ക് പ്രത്യേകം പദ്ധതിയും ഗവൺമെന്റ് നൽകിയിരിക്കുകയാണ്. നവകേരള സദസ്സിനെതിരെ നിങ്ങൾ എന്തെല്ലാം കോപ്രായങ്ങളാണ് കാണിച്ചത്? കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരും ജില്ലകൾതോറും വന്നപ്പോൾ നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കി. ഇതെല്ലാം ജനങ്ങളെ പറ്റിക്കുകയാണെന്ന് നിങ്ങൾ പറഞ്ഞു. എല്ലാ മണ്ഡലത്തിലും ഉൾപ്പെടെ വരാതിരുന്നവരുടെ മണ്ഡലത്തിൽവരെ കോടിക്കണക്കിന് രൂപയുടെ പദ്ധതികളാണ് നൽകുന്നത്. ഇതെല്ലാം

ചെയ്യുന്നത് കേന്ദ്രം നൽകിയിട്ടല്ല. കേന്ദ്രം ഒന്നും നൽകുന്നില്ല. എല്ലാം അറിയാമെന്ന ഭാവത്തിലിരുന്നാൽ ഇതൊന്നും നിങ്ങൾക്ക് മനസ്സിലാകണമെന്നില്ല. ആരോ പറഞ്ഞുതുപോലെ ഉറങ്ങുന്നവരെ നമുക്ക് ഉണർത്താം പക്ഷെ എന്നും ഉറക്കം നടിച്ച് കണ്ണുംപൂട്ടി ഇരിക്കുന്നവരെ നമുക്ക് ഉണർത്താൻ പറ്റില്ല. പക്ഷെ ജനങ്ങളോട് ഇത് ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കും. അത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത്, KIIFB-യെ നിങ്ങൾക്ക് എന്ത് ആക്ഷേപമായിരുന്നു. ആ KIIFB-യുടെ ആനുകൂല്യം കിട്ടാത്ത ഏതെങ്കിലുമൊരു എം.എൽ.എ. പ്രതിപക്ഷത്തുണ്ടോ, ഉണ്ടെങ്കിൽ നിങ്ങൾ അത് പറയണം. നിങ്ങൾക്ക് എത്ര കോടി രൂപയുടെ ആനുകൂല്യം കിട്ടിയിരിക്കുന്നുവെന്നുള്ള ഫ്ലക്സ് ബോർഡുകളൊക്കെ ഞങ്ങൾ കാണാറുണ്ട്. 10000 കോടി രൂപയാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സ്പെന്റ് ചെയ്തത്. കോടിക്കണക്കിന് രൂപയെടുത്തു. ഡയറക്ട് സ്പെന്റ് ചെയ്തത് 10000 കോടി രൂപയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചുമതലയേറ്റ ഈ ടേമിൽ 33000 കോടി രൂപ KIIFB-ക്കുവേണ്ടി ഡയറക്ടായി സ്പെന്റ് ചെയ്തിരിക്കുകയാണ്. കുട്ടനാട്ടിലെ പാവപ്പെട്ട

കർഷകർക്കിടയിൽ പോയി കുത്തിത്തിരിപ്പ് സമരം നടത്തും യു.ഡി.എഫും., ബി.ജെ.പി.-യും. ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗവും കുട്ടനാട് അംഗവുമെല്ലാം ഇവിടെയുണ്ട്. നെല്ല് സംഭരണത്തിൽ പലിശ സഹിതം തുക സ്റ്റേറ്റ് നൽകുന്നുണ്ട്. ചരിത്രത്തിൽ ആദ്യമായി കേരളത്തിലെ ഗവൺമെന്റ് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസായി (എസ്.ഐ.ബി.) 100 കോടി അഡ്വാൻസ് നൽകി. എന്നാൽ കേന്ദ്രത്തിന്റെ പണം കിട്ടിയിട്ടില്ല. ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിച്ചവർക്കുള്ള സഹായം നൽകിയതുസംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇന്ന് രാവിലെ പ്രസ്താവന നടത്തിയിരുന്നു. നമുക്ക് നഷ്ടപരിഹാരമായി ലഭിക്കാനുള്ള ജി.എസ്.ടി. നഷ്ടപരിഹാരത്തുക പോലും നൽകാൻ കേന്ദ്രം തയ്യാറാകാതെ ശ്വാസം മുട്ടിക്കുമ്പോഴാണ് ഇത് ചെയ്യുന്നത്. നെല്ല് സംഭരണത്തിനായി 600 കോടി രൂപ ബജറ്റിൽ വകയിരുത്തിയതിൽ 530 കോടി രൂപയും ഈ ഗവൺമെന്റ് കൊടുത്തു കഴിഞ്ഞു. അതുപോലെ നിർമ്മാണ സാമഗ്രികൾക്കുള്ള ചരക്ക് സേവന നികുതി വേണ്ടെന്ന് വയ്ക്കാൻ പറയുന്നത് കേരളത്തിലെ ഗവൺമെന്റിനെ ശ്വാസം മുട്ടിക്കാനുള്ള ഒരു ചിറ്റമ്മ നയമാണ്. നിങ്ങളുടെ പ്രസംഗത്തിൽ ആരെങ്കിലും ഇക്കാര്യങ്ങൾ പറഞ്ഞോ? അതുകൂടി പറഞ്ഞാൽ

നിങ്ങൾക്ക് ആത്മാർഥതയുണ്ടെന്ന് പറയാം. ചരക്ക് സേവന നികുതി നമ്മൾ വേണ്ടെന്ന് വയ്ക്കണമെന്ന് പറഞ്ഞു; ശരി, വേണ്ടെന്ന് വയ്ക്കാം. പക്ഷേ, എപ്പോഴെങ്കിലും ഈ നാട്ടിലെ ജനങ്ങളോട് മുണ്ട് മുറുക്കി ഉടുക്കാൻ പറഞ്ഞിട്ടുണ്ടോ? ധാരാളം വാർത്തകൾ അക്കാലത്തുണ്ട്. സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിലെന്ന് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് സി.&എ.ജി. പറഞ്ഞിരുന്നു. ആ പ്രശ്നമൊന്നും കേരളത്തിലില്ല. കേരളത്തിലെ സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിലല്ലെന്ന് പറയണമെങ്കിൽ ചില കണക്കുകൾ സൂചിപ്പിക്കണം. മലർപ്പൊടിക്കാരന്റെ സ്വപ്നമെല്ലാം രാവിലെ ഇവിടെ കേൾക്കുന്നുണ്ടായിരുന്നു. എന്തൊക്കെയോ പൊട്ടിപോകുമെന്നോ; ഇല്ലാതാകുമോയെന്ന് പറയുന്നതുകേട്ടു. ഒന്നും ഇല്ലാതാകുകയില്ല. ഇതെല്ലാം കേരളത്തിലെ ജനങ്ങൾക്കറിയാം. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ക്ഷേമ പെൻഷൻ 9,011 കോടി രൂപയായിരുന്നു. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 33,054 കോടി രൂപയും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 42,841 കോടി രൂപയുമാണ് ക്ഷേമ പെൻഷനായി നൽകിയത്. എന്തൊരു വലിയ വർധനവാണെന്ന് പ്രതിപക്ഷാംഗങ്ങൾ മനസ്സിലാക്കണം.

കെ.എസ്.ആർ.ടി.സി.-ക്കും വലിയ പിന്തുണ നൽകിയിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് 1,466 കോടി ആയിരുന്ന സ്ഥാനത്ത്, ഒന്നാം പിണറായി സർക്കാർ 5,002 കോടി രൂപയും രണ്ടാം പിണറായി സർക്കാർ ഇതുവരെ 7,830 കോടി രൂപയും നല്കിയിട്ടുണ്ട്. അതുപോലെ, 'ജൽജീവൻ മിഷൻ', അങ്ങനെയൊന്ന് യു.ഡി.എഫ്.-ന്റെ കാലത്ത് കേട്ടിട്ടുപോലുമില്ല. അതുകൊണ്ട് അതിനായി ചെലവും ഉണ്ടായിട്ടില്ല. എന്നാൽ ഒന്നാം പിണറായി സർക്കാർ ജൽജീവൻ മിഷനുവേണ്ടി 736 കോടി രൂപ വിനിയോഗിച്ചു. ഇപ്പോൾ ആശാവർക്കർക്കുവേണ്ടി കണ്ണുനീരൊഴുക്കിയല്ലോ; സ്കൂൾ പാചക തൊഴിലാളികൾക്ക് നിങ്ങളുടെ സർക്കാരിന്റെ കാലത്ത് ഒരു രൂപ പോലും കൊടുത്തിട്ടില്ല. വേണമെങ്കിൽ ആ കാലത്തെ കണക്ക് പരിശോധിക്കാം. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പാചക തൊഴിലാളികൾക്ക് 251 കോടി നല്കുകയുണ്ടായി. ഇപ്പോൾ ഈ സർക്കാർ 1,033 കോടി രൂപയാണ് നൽകുന്നത്. പ്രീപ്രൈമറി അധ്യാപികമാർക്ക് നിങ്ങളുടെ സർക്കാരിന്റെ കാലത്ത് ഒരു രൂപപോലും കൊടുത്തിട്ടില്ല. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം, ഒന്നാം പിണറായി സർക്കാർ 51 കോടി രൂപയും രണ്ടാം പിണറായി സർക്കാർ 266

കോടി രൂപയും അനുവദിച്ചു. ഇതിനെല്ലാം ധാരാളം അവാർഡുകൾ നമ്മുടെ കേരളത്തിന് കിട്ടുകയാണ്. സമയക്കുറവ് കാരണം ഞാൻ എന്റെ പ്രസംഗം നിർത്തുകയാണ്. അതുപോലെ പ്രോഗസ്സ് റിപ്പോർട്ടിറക്കി ഞങ്ങൾ ചെയ്ത വികസന പ്രവർത്തനങ്ങൾ ജനങ്ങളെ കാണിക്കാൻ ധൈര്യമുള്ളൊരു ഗവൺമെന്റാണ് കേരളത്തിലേത്. രാഷ്ട്രീയപരമായി ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള നിങ്ങളുടെ ഈ തന്ത്രമൊന്നും കേരളത്തിൽ വിലപ്പോകില്ല. കാരണം ഇത് നവ കേരളമാണ്. ഞങ്ങൾ സത്യം മാത്രമാണ് പറയുന്നത്. വ്യാജ പ്രസ്താവനകളും വ്യാജ കാർഡുകളുമായി മാത്രം നിൽക്കുന്നത് കൊണ്ടാണ് നിങ്ങൾക്കിത് മനസ്സിലാകാത്തത്. ഒരിക്കൽക്കൂടി ഞാൻ ഈ അടിയന്തര പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഈ അടിയന്തര പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, പോയിന്റ് ഓഫ് ഓർഡർ ...(മൈക്ക് ഓഫ്)...

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ അല്ല, എല്ലാം സീരിയസ് കാര്യങ്ങളാണ് പറഞ്ഞത്. യെസ്... യെസ്...

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സെപ്റ്റംബർ മാസം 20-ാം തീയതി ആലപ്പുഴയിൽ എ.ഐ.സി.സി. ജനറൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗത്തിൽ കർണ്ണാടക റവന്യൂ വകുപ്പുമന്ത്രി ശ്രീ. കൃഷ്ണ ബൈരെ ഗൗഡയും പങ്കെടുത്തിരുന്നു. അദ്ദേഹത്തെ ശ്രീ. പി. സി. വിഷ്ണുനാഥിന് നല്ല പരിചയം കാണും, അദ്ദേഹം കോൺഗ്രസ്സിന്റെ വലിയ നേതാവാണ്. ആ ചടങ്ങിൽ അദ്ദേഹം നടത്തിയൊരു പ്രസംഗത്തിൽ 'എഡ്യൂക്കേഷൻ, ഹെൽത്ത് കെയർ, ഹ്യൂമൺ ഡെവലപ്മെന്റ് മേഖലകളിൽ: കേരള ഈസ് നമ്പർ വൺ' എന്ന് പറഞ്ഞിരുന്നു. നിങ്ങളുടെ നേതാവായ കർണ്ണാടക റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. പക്ഷേ, നിങ്ങൾക്കത് ഉൾക്കൊള്ളാൻ കഴിയില്ല. നിങ്ങൾ യഥാർത്ഥത്തിൽ എത്ര തെറ്റിദ്ധാരണാജനകമായിട്ടാണ് കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഇത് 2015 നാലാം മാസത്തിലെ കേരള കൗമുദി പത്രമാണ് (പത്രം ഉയർത്തി കാട്ടി) "നമ്മുടെ സംസ്ഥാനം സാമ്പത്തിക അരാജകത്വത്തിലേക്ക്" എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇത് ആരുടെ ഭരണകാലത്താണ്? അടുത്തത്, 03-07-2015-ലെ ദീപിക പത്രം: 'സാമൂഹ്യക്ഷേമ പെൻഷൻ ഫണ്ടിന്റെ അപര്യാപ്തതമൂലം കൊടുക്കാൻ കഴിയുന്നില്ല'- ഡോ. എം. കെ. മുനീർ. സ്ത്രീകൾക്കും അതുപോലെ വാർധക്യകാല പെൻഷൻ ഇനത്തിൽ ആകെ കൊടുക്കാനുള്ള തുക 72,861

ലക്ഷം രൂപ. ഇതിൽ വികലാംഗ പെൻഷൻ 6,898 ലക്ഷം രൂപയും വിധവ പെൻഷൻ 19,776 ലക്ഷം രൂപയും വാർധക്യകാല പെൻഷൻ 45,005 ലക്ഷം രൂപയും അമ്പത് വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 1,179 ലക്ഷം രൂപയുമാണ്. ഇതായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണം. അടുത്തത്, 'സാമ്പത്തിക പ്രതിസന്ധി രൂക്ഷം', 16-02-2015-ലെ കേരള കൗമുദിയിൽ പറയുന്നു: 'കൂടുതൽ കടമെടുക്കാൻ കേരളം വഴി തേടുന്നു, കേരളം സാമ്പത്തിക പ്രതിസന്ധിയിൽ'. ഈ സമയം ശ്രീ. പിണറായി വിജയനല്ല ഭരിക്കുന്നത്. മാധ്യമം പത്രം: '13-03-2015-ബജറ്റിലെ പ്രഖ്യാപനങ്ങൾ കടലാസ്സിൽ'. 217 പുതിയ പദ്ധതികളിൽ നടപ്പിലാക്കിയത് കേവലം 26 എണ്ണം മാത്രം. ഇരുപതിലേറെ പദ്ധതികളിൽ നടപടിയില്ല. 10-07-2015-ലെ വീക്ഷണം: 'സംസ്ഥാനത്തെ ആഭ്യന്തര കടം വർധിക്കുന്നുവെന്ന് റിപ്പോർട്ട്'. മാതൃഭൂമി പത്രം: 'കുടിശ്ശിക 3,000 കോടി, ബജറ്റിൽ ചില്ലിക്കാശില്ല.' 'സംസ്ഥാനത്തെ സർക്കാർ കരാറുകാരുടെ ഒന്നര വർഷത്തെ കുടിശ്ശിക 3,000 കോടി രൂപ'. മംഗളം: 'ഈ സർക്കാരിന്റെ കാലത്ത് സാമ്പത്തിക വളർച്ച താഴോട്ട് സി.&എ.ജി. റിപ്പോർട്ട്, 18-02-2016. ജനയുഗം: 'കേരളം കടത്തിൽ മുങ്ങിയെന്ന്

ധനകാര്യ കമ്മീഷൻ' - ജനയുഗം ആണെന്നെങ്കിലും പറഞ്ഞ് വേണമെങ്കിൽ നിങ്ങൾക്ക് ന്യായീകരിക്കാം. മാധ്യമം പത്രം: 'വാർഷിക പദ്ധതി അവതാളത്തിൽ. ചിലവിടാൻ 12,500 കോടി രൂപ'. ആര് ഭരിക്കുന്ന കാലത്താണ് ഇതെല്ലാം? ഇതെല്ലാമായിരുന്നു നിങ്ങളുടെ ഭരണത്തിന്റെ സ്ഥിതി. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പ്രസംഗിക്കുമ്പോൾ ഞാൻ ശ്രദ്ധിച്ചു. എത്രയോ സീനിയറായ നേതാവാണ് അദ്ദേഹം, നിങ്ങൾക്ക് ഈ അടിയന്തര പ്രമേയത്തോട് കുറച്ചെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ പ്രതിപക്ഷത്തെ ഉപനേതാവ് പ്രസംഗിക്കുമ്പോൾ ഒരു പത്ത് പേരെങ്കിലും അവിടെ ഉണ്ടാകേണ്ടതല്ലേ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, അവിടെയിപ്പോൾ അങ്ങയുടെ കൂടെ എത്രപേരുണ്ട്? മന്ത്രിമാർ പോലുമില്ലല്ലോ ...(മൈക്ക് ഓഫ്)....

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞങ്ങളുടെ കാര്യം വിടൂ. നിങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവന്നവരല്ലേ? നിങ്ങൾക്കൊന്നും പറയാനില്ല. കേന്ദ്രത്തെക്കുറിച്ച് എന്തെങ്കിലും പറയുമോ; എന്തെങ്കിലും പറയാൻ തയ്യാറാകുമോ? ഇനി ഞങ്ങൾ ചെയ്തത് പറയാം. ഞങ്ങൾ അഭിമാനത്തോടെ

പറയുകയാണ്, ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് നിങ്ങളുടെ ഒരു സഹകരണവുമില്ലാതിരുന്നിട്ടും ഞങ്ങൾ എന്തെല്ലാം ചെയ്തു. നിങ്ങൾക്ക് ഇനി എന്താണ് ചെയ്യാനുള്ളത്? ലൈഫ് പദ്ധതി പിരിച്ച് വിടുമെന്നാണ് നിങ്ങൾ പറഞ്ഞത്. ഞങ്ങൾ 4 ലക്ഷത്തിന് മുകളിൽ വീടുകൾ കൊടുത്തു. ആർദ്രം റീഹാബിലിറ്റേഷൻ പദ്ധതി പിരിച്ചുവിടുമെന്ന് നിങ്ങൾ പറഞ്ഞു. പക്ഷെ ഞങ്ങൾ അത് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. നിങ്ങൾ ഗെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സമരം നടത്തി, കൂടാതെ വാട്ടർ മെട്രോ നടക്കില്ലെന്നാണ് നിങ്ങൾ പറഞ്ഞത്; പക്ഷെ ഞങ്ങളത് നടപ്പിലാക്കി. കിഫ്ബി പിരിച്ച് വിടുമെന്ന് പറഞ്ഞ നിങ്ങൾ ഇപ്പോൾ അതിന്റെ ഗുണഭോക്താക്കളായി. എല്ലാ എം.എൽ.എ.-മാരുടെ പേരുകളും വലിയ അക്ഷരത്തിൽ എഴുതി വയ്ക്കുന്നുണ്ടല്ലോ, ഞങ്ങളുടേത് മാത്രമല്ലല്ലോ? അതുപോലെ കെ-സ്റ്റോർ, സയൻസ് പാർക്ക് ഇതെല്ലാം നടക്കില്ലെന്നാണ് നിങ്ങൾ പറഞ്ഞത്, യാഥാർഥ്യമാക്കിയില്ലേ ഞങ്ങൾ. കേരളാ ബാങ്ക് പിരിച്ച് വിടുമെന്നും കെ-ഫോണിന്റെ കേബിൾ ഊരുമെന്നുമാണ് നിങ്ങൾ പറഞ്ഞത്. എ.ഐ. ക്യാമറ അനുവദിക്കില്ലെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കോടതിയിൽ കേസിന്

പോയി. കോടതി ആ കേസ് പരിഗണനയ്ക്കെടുക്കാതെ എടുത്ത് ദൂരെയെറിഞ്ഞില്ലേ; അതും യാഥാർഥ്യമാക്കിയില്ലേ ഞങ്ങൾ. കീഴാറ്റൂർ ബൈപ്പാസ്, ബഹുമാനപ്പെട്ട സ്പീക്കർക്ക് പ്രത്യേകിച്ച് അറിയുന്നൊരു കാര്യമാണ്, അങ്ങയുടെ മണ്ഡലത്തിലെല്ലാം അതിന്റെ ഗുണം ലഭിക്കുന്നതാണ്. അതും ഞങ്ങൾ അതിവേഗതയിൽ വരുത്തിയ പുരോഗതിയല്ലേ; എന്തൊക്കെയാണ് നിങ്ങൾ അവിടെ ചെയ്തുകൂട്ടിയത്? ദേശീയപാത 4 വരിയാക്കുമെന്നാണ് നിങ്ങൾ പറഞ്ഞത്. ഞങ്ങൾ അത് 6 വരിയാക്കി. ഇന്ത്യയുടെ ചരിത്രത്തിൽ, ഭൂമി ഏറ്റെടുക്കുന്നതിനായി അതിന്റെ 25 ശതമാനം തുക ഒരു സ്റ്റേറ്റ് കൊടുത്തിട്ടുണ്ടെങ്കിൽ അത് കേരളമാണ്. സാമ്പത്തിക പ്രയാസമുള്ളപ്പോഴും ഇത് ചെയ്യുകയല്ലേ; വിഴിഞ്ഞത്ത് നിങ്ങളുടെ നിലപാടെന്തായിരുന്നു; വിഴിഞ്ഞത്ത് നിങ്ങൾ സമരക്കാരോടൊപ്പമല്ലായിരുന്നോ? അവിടെ വിഴിഞ്ഞം പോർട്ട് വരാതിരിക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്തു. എന്നിട്ടോ വിഴിഞ്ഞം ഞങ്ങൾ യാഥാർഥ്യമാക്കിയില്ലേ. ഇടമലയാർ പമ്പ് ഹൗസും മലയോര ഹൈവേയും നടക്കില്ലെന്ന് പറഞ്ഞു; അത് നടത്തിയില്ലേ ഈ സർക്കാർ. ഉടൻതന്നെ തീരദേശ ഹൈവേ വരാൻപോകുകയാണ്. ഈ സർക്കാരിന് 4,09,000

പേർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. നിങ്ങളുടെയെല്ലാം മണ്ഡലത്തിലും ഇതിന്റെ പ്രയോജനം കിട്ടിയില്ലേ. നിങ്ങളെല്ലാം സന്തുഷ്ടരല്ലേ? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരല്ലാതെ കേരളത്തിന്റെ ചരിത്രത്തിൽ ഇത്രവ്യാപകമായി നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും പ്രവർത്തിച്ച മറ്റേതെങ്കിലും ഗവൺമെന്റുണ്ടോ; ആ ഗവൺമെന്റിനെതിരായി നിങ്ങളിപ്പോൾ എന്താണ് പറയുന്നത്? ശ്രീ. നരേന്ദ്ര മോദിക്കെതിരായി ശ്രീ. പിണറായി വിജയൻ ഒന്നും പറയുന്നില്ലെന്നാണ് നിങ്ങൾ പറഞ്ഞത്. ശ്രീ. നരേന്ദ്ര മോദിയുടെ തലസ്ഥാന നഗരിയിലേക്ക് കേരളത്തിന്റെ വികാരം ഇന്ത്യയിലാദ്യമായി തന്റെ സഹപ്രവർത്തകരെയും ജനപ്രതിനിധികളെയും അണിനിരത്തിക്കൊണ്ട് സമരത്തിന് പോകുവാനുള്ള തന്റേടം കാണിച്ച മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. ഞങ്ങൾ ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയുമെല്ലാം നേരിട്ടുകൊണ്ടുതന്നെയാണ് പോകുന്നത്. പക്ഷേ ഇവിടെ പറഞ്ഞതുപോലെ ഒരു പരാതി കൊടുക്കാനുള്ള തന്റേടം പോലുമില്ലാത്ത ആൾക്കാർ, അവരാണ് ഇന്ന് ഞങ്ങളെ ആക്ഷേപിക്കാൻ ശ്രമിക്കുന്നത്. ഞാൻ ചുരുക്കുകയാണ്. ഈ അടിയന്തര പ്രമേയം യഥാർത്ഥത്തിൽ അവതരിപ്പിക്കേണ്ടത് ഇവിടെയല്ല, കേരളത്തിലെ വികാരം

പ്രതിഫലിപ്പിക്കാൻവേണ്ടി നിങ്ങളുടെ എം.പി.-മാർ കേന്ദ്രത്തിൽ പാർലമെന്റിലാണ് ഇത് കൊണ്ടുവരേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

മി. സ്പീക്കർ: യെസ്... യെസ്... അടിയന്തര പ്രമേയ ചർച്ചയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തും കേൾക്കാൻ ആളില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ സംസ്ഥാനത്ത് ധനപ്രതിസന്ധി നിലനിൽക്കുന്നതുകാരണം വികസനരംഗത്തും ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും സർക്കാർ നടത്തേണ്ട അത്യാവശ്യം പർച്ചേയ്സുകളിലുമെല്ലാം ഗുരുതരമായ തകർച്ചയാണ് കഴിഞ്ഞ കുറേമാസങ്ങളായി കണ്ടുകൊണ്ടിരിക്കുന്നത്. ഇത് ഇന്ന് തീരും നാളെ തീരുമെന്ന പ്രതീക്ഷയായിരുന്നു എല്ലാവർക്കും. അങ്ങനെയൊരു പ്രതീക്ഷ ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി നൽകുകയും ചെയ്തിരുന്നു. നികുതി വളർച്ചയുടെ കാര്യത്തിൽ വലിയ ടേക്ക് ഓഫ് ഉണ്ടാകുമെന്നെല്ലാം അദ്ദേഹം പറഞ്ഞിരുന്നു. പക്ഷേ, ദൗർഭാഗ്യകരമെന്ന് പറയട്ടെ; കേരളത്തിന്റെ ധനപ്രതിസന്ധി, ഈ സംസ്ഥാനത്തിന്റെ

ചരിത്രത്തിൽ ഒരുകാലത്തുമില്ലാത്ത തരത്തിലേക്ക് ഏറ്റവും രൂക്ഷമായി തകർന്നിരിക്കുകയാണ്. ഓരോ മന്ത്രിമാരുടെയും വകുപ്പുകൾ പരിശോധിക്കുകയാണെങ്കിൽ പണമില്ലാത്തതുകൊണ്ട് നിർത്തിവയ്ക്കപ്പെട്ടിരിക്കുന്ന ക്ഷേമപദ്ധതികൾ, വർഷങ്ങളായി നടത്തികൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ, വികസന പദ്ധതികൾ, ജൽജീവൻ പദ്ധതിയുൾപ്പെടെ കോടി കണക്കിന് രൂപയുടെ ബില്ലാണ് കുടിശ്ശികയായുള്ളത്. അതുപോലെ പി.ഡബ്ല്യൂ.ഡി.-യിൽ കുടിശ്ശികയായി കോടി കണക്കിന് രൂപയാണ് നൽകാനുള്ളത്. മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽനിന്ന് മരുന്നുകമ്പനികൾ മരുന്നുവാങ്ങി വിതരണം നടത്താൻ തയ്യാറാകുന്നില്ല. മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽനിന്ന് മരുന്ന് സപ്ലൈ ചെയ്യുന്ന ആളുകൾക്ക് കോടികളാണ് നൽകാനുള്ളത്. സപ്ലൈക്കോയിൽ കൃത്യമായി സാധനങ്ങൾ വിതരണം ചെയ്യാതെ പലപ്പോഴും മുടങ്ങുന്നു. കാരണം, സപ്ലൈക്കോയിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്ന വിതരണക്കാർക്ക് കോടി കണക്കിന് രൂപയുടെ ബാധ്യതയാണുള്ളത്. ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശികയായി നൽകാനുള്ള ബാധ്യത തുക ഒരുലക്ഷം കോടി രൂപയാണ്.

ഇത് ഞങ്ങളാണ് ചെയ്യുതെങ്കിൽ നിങ്ങൾ കേരളത്തിലുടനീളം സമരങ്ങൾ നടത്തില്ലേ; ഇപ്പോൾ സർക്കാർ വിലാസം സംഘടനകളിൽ ഡോക്യുമെൻട്രിയുണ്ടാക്കി കൈകൊട്ടിക്കളി നടത്തികൊണ്ടിരിക്കുകയാണ്. ഒരു ലക്ഷം കോടി രൂപയാണ് ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഈ ഗവൺമെന്റ് നൽകാനുള്ളത്. ഇത്തരത്തിൽ വ്യാപകമായ തുകയാണ് നൽകാനുള്ളത്. ജി.എസ്.ഡി.പി. അനുപാതമനുസരിച്ച് 39,876 കോടി രൂപയാണ് (3%) കേരളത്തിന് കടമെടുക്കാൻ കഴിയുന്നത്. ഇപ്പോൾ ആറ് മാസം കഴിഞ്ഞപ്പോൾ ഏകദേശം 26,000 കോടി രൂപ എടുത്തുകഴിഞ്ഞു. ഈ മാസം രണ്ടായിരം കോടി രൂപകൂടി കടമെടുത്തുകഴിഞ്ഞാൽ അടുത്ത മൂന്ന് മാസം 7,000 കോടി രൂപ മാത്രമാണ് ബാക്കിയുള്ളത്. എല്ലാ രംഗത്തും പണമെടുക്കാൻ കഴിയാത്ത അവസ്ഥയാണ്. ട്രഷറിയിൽ എത്ര പ്രാവശ്യമാണ് പണം പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത്; 25 ലക്ഷം രൂപയിൽ കൂടുതൽ പിൻവലിക്കാൻ (withdraw) പാടില്ലെന്ന് ഉത്തരവുള്ളതാണ്. കൂടാതെ 5 ലക്ഷം രൂപയിൽ കൂടുതൽ പിൻവലിക്കാൻ പാടില്ല, 10 ലക്ഷം രൂപയിൽ കൂടുതൽ പിൻവലിക്കാൻ പാടില്ല എന്നിങ്ങനെ ഒരു ഗവൺമെന്റ് നിരന്തരമായി ട്രഷറിയിൽ നിയന്ത്രണങ്ങൾ

ഏർപ്പെടുത്തുകയാണ്. അങ്ങനെ ചെയ്യുമ്പോൾ, അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഒരു ചെക്ക് പോലും മാറാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു. ഇത് നമ്മുടെ മുന്നിൽകാണുന്ന കാര്യമാണ്. ഒരു സംസ്ഥാനത്ത് ഇത്തരം നിയന്ത്രണങ്ങൾ നിരന്തരമായി തുടരുകയാണെങ്കിൽ, ഇതൊക്കെ നമ്മൾ സേഫ് ആണെന്നാണോ കാണിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി.-യിൽ അമെന്റ്മെന്റ് വരുത്തിയത് നമുക്കറിയാം. 48,000 കോടി രൂപ ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ കണക്ക് പ്രകാരം 8,000, 10,000 കോടി രൂപ കേരളത്തിൽ കുറവ് വരുമെന്നാണ്. ഇതിനുമുമ്പ് വച്ച ചില കണക്കുകൾക്ക് ക്രെഡിബിലിറ്റി ഇല്ലാത്തതുകൊണ്ട് ഈ കണക്ക് എങ്ങനെയാണെന്ന് ഇതുവരെയും വ്യക്തമല്ല. അങ്ങനെയുള്ള അവസരം വരുമ്പോൾ ആളുകളുടെ കയ്യിലാണ് പണം കൂടുന്നത്. ആളുകളുടെ കയ്യിലാണ് അതിന്റെ ലാഭം ലഭിക്കുന്നത്. നികുതി കുറവ് വരുന്നുണ്ടെങ്കിൽ ആ നികുതി പണം ജനങ്ങളുടെ കയ്യിലാണെന്നുള്ള ഓപ്പർച്യൂണിറ്റിയായി എടുത്ത് അവരെകൊണ്ട് സ്പെന്റ് ചെയ്യിക്കാൻ ഗവൺമെന്റിന് കഴിയണം. അങ്ങനെയാണ് ടാക്സ് വർധിപ്പിക്കുന്നത്. നികുതി കുറയുമ്പോൾ ആളുകളുടെ

എക്സ്പെൻഡിച്ചർ കൂട്ടം. ആ എക്സ്പെൻഡിച്ചർ കൂട്ടി നികുതി പണം വർധിപ്പിച്ച് നികുതി വരുമാനം വർധിപ്പിക്കാനുള്ള എന്ത് പദ്ധതിയാണ് നിങ്ങളുടെ കയ്യിലുള്ളത്; ഒരു ഓപ്പർച്ച്യൂണിറ്റി നമുക്കെതിരായി വരുമ്പോൾ അതിനെ അനുകൂലമാക്കി മാറ്റിയെടുക്കാനുള്ള എന്ത് സംഭവമാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നത്; ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ധനപ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചിരുക്കുന്നത്. പദ്ധതികളെയാണ് തകർത്ത് തരിപ്പണമാക്കിയത്. അത് ആരും ശ്രദ്ധിക്കാതെ പോകുകയാണ്. സാധാരണഗതിയിൽ ഒരു ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു പദ്ധതിക്ക് തുക വച്ചശേഷം അത് അഞ്ച് വർഷംകൊണ്ട് നല്ലരീതിയിൽ വർധിച്ച് 30 ശതമാനം മുതൽ 50 ശതമാനം വരെ പ്ലാൻ ഔട്ട് ലേ വർധിക്കും. കേരളത്തിലെ സ്ഥിതിയെന്താണ്; 30,000 കോടി രൂപ, 27,000 കോടി രൂപ, 30,000 കോടി രൂപ, 32,000 കോടി രൂപ എന്നിങ്ങനെ പ്ലാൻ ഔട്ട് ലേ സ്റ്റാഗ്നെന്റായി പോകുകയാണ്. ഇത് ഏത് കാലത്താണുണ്ടായിരുന്നത്? 2008-ലെ ഗ്ലോബൽ റിസഷൻ കാലത്തോ കോവിഡ് കാലഘട്ടത്തിലോ ആണെങ്കിൽ നമുക്ക് മനസ്സിലാക്കാം. കോവിഡ് കാലഘട്ടത്തിലാണ് 27,000 കോടി രൂപയായത്. കോവിഡ്

സാഹചര്യം കഴിഞ്ഞ് തിരിച്ചെത്തിയിട്ടും പ്ലാൻ ഔട്ട് ലേയിലെ തുകപോലും വർധിക്കുന്നില്ല. അതിന്റെ വിക്റ്റിംസ് ആരാണ്; പട്ടികജാതിക്കാർക്ക് പദ്ധതിവിഹിതം 10 ശതമാനം വർധിപ്പിച്ച് നൽകണം. കഴിഞ്ഞ അഞ്ച് വർഷമായി പട്ടികജാതിക്കാർക്ക് ഒരേ എമൗണ്ടാണ് നൽകുന്നത്. അത് വകുപ്പുകൾക്ക് ലഭിക്കുന്നുണ്ട്. പ്ലാൻ ഔട്ട് ലേ വർധിക്കുമ്പോൾ പെർസന്റേജ് വർധിച്ച് അവരുടെ അലോക്കേഷൻ വർധിക്കുകയുള്ളൂ. അത്തരത്തിലൊരു വർധനവ് ഇവിടെയുണ്ടാകുന്നില്ലെന്ന് മാത്രമല്ല പദ്ധതി വെട്ടിച്ചുരുക്കുകയും ചെയ്യുകയാണ്. പട്ടികജാതിക്കാരുടെ കാര്യം മുൻപ് ഇവിടെ സൂചിപ്പിച്ചു. പട്ടികജാതിക്കാരുടെ പദ്ധതി വിഹിതം 500 കോടി രൂപയും പട്ടികവർഗ്ഗക്കാരുടെ 112 കോടി രൂപയുമാണ് കട്ട് ചെയ്തിരിക്കുന്നത്. ഇവിടെ ഓരോ പരിപാടികൾ വയ്ക്കുകയാണ്. ഇവിടെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രി നൽകിയിരിക്കുന്ന ഉത്തരം വായിക്കാം. പട്ടികജാതി വിഭാഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് നിലവിൽ സ്കോളർഷിപ്പായി 9,42,74,000/- രൂപ ക്ലെയിം അനുവദിച്ച് നൽകാനുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന

നടപ്പാക്കുന്ന ചികിത്സാ സഹായ പദ്ധതിക്കും ചികിത്സാ ധനസഹായത്തിനും 34,22,00,000/- രൂപയും വിവാഹ ധനസഹായം 58,70,00,000/- രൂപയും മിശ്രവിവാഹ ധനസഹായം 65,12,00,000/- രൂപയും ഏകവരുമാനദായകന്റെ മരണം ധനസഹായം 15 കോടി രൂപയും വിദേശ തൊഴിൽ ധനസഹായം 56 കോടി രൂപയും നൽകാനുണ്ട്. ഞാൻ കണക്കുകൾ ആവർത്തിക്കുന്നില്ല. നമ്മുടെ രാജ്യത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് മുൻഗണന നൽകി സ്കോളർഷിപ്പുകൾപോലും കൊടുക്കാൻ കഴിയാത്ത രൂക്ഷമായ ധനപ്രതിസന്ധിയിലൂടെയാണ് ഈ സംസ്ഥാനം കടന്നുപോകുന്നത്. പ്ലാൻ എക്സ്പെൻഡിച്ചർ എത്രയാണ്? ഈ വർഷത്തെ പ്ലാൻ ഔട്ട് ലേ 42,653 കോടി രൂപയെന്നാണ് പറഞ്ഞിരിക്കുന്നത്. ഇന്നുവരെയുള്ള എക്സ്പെൻഡിച്ചർ 21 ശതമാനമാണ്. ഫിനാൻഷ്യൽ പ്രോഗ്രസ് 21 ശതമാനമാണ്. എൽ.എസ്.ജി.ഡി.-യുടെ പ്ലാൻ ഔട്ട് ലേ 9,215 കോടി രൂപയാണ്. എക്സ്പെന്റിച്ചർ എന്നുപറയുന്നത് 15 ശതമാനമാണ്. അടുത്ത മാസം ഇലക്ഷൻ പ്രഖ്യാപിക്കാൻ പോകുകയാണ്. ആറുമാസം കഴിയുമ്പോൾ പ്ലാൻ എക്സ്പെൻഡിച്ചർ 21 ശതമാനമെ ആയിട്ടുള്ളൂവെന്ന് പറഞ്ഞാൽ വേറെ

ഏത് കണക്ക് തേടിയാണ് പോകേണ്ടത്; വേറെ ഏത് ഫിസ്കൽ ഇന്റിക്കേറ്ററാണ് നിങ്ങൾക്ക് വേണ്ടത്. കയ്യിൽ പൈസയില്ല, അതുകൊണ്ട് കാര്യങ്ങൾ നടക്കുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. പദ്ധതി പ്രവർത്തനങ്ങൾ കഴിഞ്ഞ നിരവധി വർഷങ്ങളായി ഒച്ചിഴയുന്ന വേഗത്തിലാണ്. ലോക്കൽ ബോഡിക്ക് സ്പിൽ ഓവർ നൽകിയിട്ട് അത് ആ വർഷത്തെ പദ്ധതിയിൽനിന്ന് എടുക്കാൻ പറയുകയാണ്. കാർഷിക മേഖല മുഴുവൻ വലിയ തകർച്ചയിലാണ്. പ്ലാൻ എക്സ്പെൻഡിച്ചർ 20%, അർബൻ ഡെവലപ്മെന്റ് 23%, സോഷ്യൽ വെൽഫയർ 28%, വ്യവസായം 23%, ഊർജ്ജമേഖലയിൽ ഒരു ശതമാനംപോലും ചെലവഴിച്ചിട്ടില്ല, വനം 23.31% എന്നിങ്ങനെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. രൂക്ഷമായ പ്രശ്നമാണ് മലയോരത്ത് നടക്കുന്നത്. പൈസ കൊടുക്കുന്നില്ല. ഹ്യൂമൺ അനിമൽ കോൺഫ്ലിക്റ്റ് തടയാനുള്ള പരമ്പരാഗതമായ സംവിധാനങ്ങൾപോലും ഏർപ്പെടുത്താൻ പൈസയില്ലാതെ മലയോരത്തെ പാവപ്പെട്ട ജനങ്ങളെ വിധിക്ക് വിട്ടുകൊടുത്തിരിക്കുന്ന സർക്കാരാണിത്. ക്ഷേമപ്രവർത്തനങ്ങൾക്കായി 1,400 കോടി രൂപയാണ് ലോക്കൽ ബോഡിയിൽ ചെലവഴിച്ചിരിക്കുന്നത്. റബ്ബറിന്റെയും

കാർഷികമേഖലയുടെയും കാര്യം ഇവിടെ പറഞ്ഞു. ആശുപത്രികളിൽ ഹൃദയശസ്ത്രക്രിയ ഉപകരണ വിതരണക്കാർക്ക് 158 കോടി രൂപ നൽകാത്തതിനാൽ പല സ്ഥലത്തും ഹൃദയശസ്ത്രക്രിയ മുടങ്ങിയ അവസ്ഥയിലാണ്. ജൂൺ മാസം 2024-ന് ലഭിക്കേണ്ട കുടിശ്ശിക ലഭിക്കാത്തതിനെത്തുടർന്ന് സെപ്റ്റംബർ 1-ാം തീയതി മുതൽ സപ്ലൈ നിർത്തിവച്ചിരിക്കുകയാണ്. ജീവനക്കാരുടെയും പെൻഷൻകാരുടെയും കാര്യം ഞാൻ പറഞ്ഞു. കാരുണ്യ ആരോഗ്യ പദ്ധതി പ്രകാരം ആശുപത്രികൾക്ക് നൽകാൻ 1,500 കോടി രൂപ, സപ്ലൈകോ കരാറുകാർക്ക് 480 കോടി രൂപ, സപ്ലൈകോയ്ക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകാനുള്ളത് 2,500 കോടി രൂപ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) 400 കോടി രൂപ, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെയുള്ള ബോർഡുകളിൽ 2,000 കോടിയിലേറെ രൂപ എന്നിങ്ങനെ കുടിശ്ശികയായിരുന്നിട്ടും അവിടെയൊക്കെ പിൻവാതിൽ നിയമനം നടത്താൻ നോക്കുകയാണ്. കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ പെൻഷൻ കുടിശ്ശിക നൽകിയിട്ട്

ഏകദേശം 17 മാസമായെങ്കിലും അവിടെ 293 പാർട്ടിക്കാരെ പിൻവാതിലിലൂടെ നിയമിക്കാൻ ശ്രമിക്കുന്ന ഗവൺമെന്റാണിത്.

കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിതിയെന്താണ്? സംസ്ഥാനത്തിന് കൂടുതൽ വരുമാനം ലഭിക്കുന്നത് ജി.എസ്.ടി.-യിലൂടെയാണ്. 2023-24 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ആകെ നികുതിവരുമാന വളർച്ചയിൽ 2024-25-ൽ 2.52 ശതമാനത്തിന്റെ കുറവുണ്ട്. ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ ഫാക്ട് ഷീറ്റിൽ അക്കാര്യം ക്ലിയറാണ്. 2023-24-ൽ വരുമാന വളർച്ച 6.59 ശതമാനം ആയിരുന്നുവെങ്കിൽ 2024-25-ലെ വളർച്ച 4.07 ശതമാനമാണ്. ഇത് യഥാർത്ഥത്തിൽ കൂടിക്കൊണ്ടിരിക്കുന്നതല്ലേ? ഈ സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിൽ 6.18 ശതമാനവും മേയ് മാസത്തിൽ 7.7 ശതമാനവുമാണ്. ഇതിലൊന്നും വളർച്ചയുള്ള യാതൊരു സാധ്യതയും കാണാതെ താഴോട്ടുവരികയാണെന്ന് നമുക്കെല്ലാമറിയാം.

ജി.എസ്.ടി. വകുപ്പിൽനിന്നുള്ള വരുമാനം ഗൗരവമായി കുറയുകയാണ്. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ്, ഓരോ സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളുടെയും യഥാർത്ഥ ഇക്കണോമിക് ഗ്രോത്ത്

താരതമ്യപ്പെടുത്തിയപ്പോൾ ഏറ്റവും മോശം സ്ഥിതി കേരളത്തിലാണെന്ന് കണക്കുകൾ സഹിതം ഇവിടെ വ്യക്തമാക്കി. കെ.ജി.എസ്.ടി.-യിൽ മുൻ വർഷത്തെക്കാൾ 454 കോടി രൂപ മാത്രമാണ് വർധനവ്. മുൻവർഷത്തെ 3.46 ശതമാനത്തിൽനിന്ന് 1.66 ശതമാനമായി കെ.ജി.എസ്.ടി.-യുടെ വളർച്ച കുറഞ്ഞു. പെട്രോൾ, ഡീസൽ, മദ്യം, ബാർ, ഡിസ്റ്റിലറി എന്നിവയുടെ വില്പന നികുതിയിൽനിന്നാണ് കെ.ജി.എസ്.ടി. ലഭിക്കുന്നത്. 5 ലക്ഷം സംരംഭങ്ങൾ കഴിഞ്ഞ 4 വർഷംകൊണ്ട് കേരളത്തിലുണ്ടായെന്ന് ബഹു. വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു. പക്ഷേ ടാക്സ് ബേസ് കൂടണ്ടേ; ടാക്സ് ബേസിന്റെ ഗ്രോത്ത് എന്നത് വളരെ സാധാരണമായിട്ടുള്ള ഗ്രോത്താണ്. പുതിയ സംരംഭങ്ങൾ തുടങ്ങിയെങ്കിൽ അതെല്ലാം ടാക്സിന്റെ നെറ്റ്‌വർക്കിൽ വന്നെങ്കിലേ വരുമാനം വരികയുള്ളൂ. ടാക്സ് ബേസ് വളരെ സ്ലോ പ്രോസസ്സായതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിൽ ആ ബേസിന്റെ നെറ്റ്‌വർക്ക് വർധിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടെ യാതൊരു വർധനവുമില്ല. ഇവിടെയുള്ള ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ്, ലോക്കൽ ബോഡി, ഫയർ ആൻഡ് സേഫ്റ്റി, ലേബർ കമ്മീഷണർ എന്നിവരുടെ കൈയ്യിലുള്ള ഡാറ്റാ പരിശോധിച്ച് അനലൈസ് ചെയ്ത് ഒരു ഫീൽഡ് സർവെ നടത്തി ഒരു മാസത്തിൽ ഒരു

ജില്ലയിലെ ആയിരം പേരെയെങ്കിലും ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിരുന്നെങ്കിൽ ഒരു വർഷംകൊണ്ട് ഏറ്റവും കുറഞ്ഞത് പതിനായിരം പേരെയെങ്കിലും ടാക്സിന്റെ നെറ്റ്‌വർക്കിൽ കൊണ്ടുവരാൻ ശ്രമിക്കാമായിരുന്നു.

ജി.എസ്.ടി. വകുപ്പിനെ റീസ്ട്രക്ച്ചർ ചെയ്യാൻ വൈകിയെന്ന് ഞങ്ങൾ തുടക്കത്തിലേ പറഞ്ഞു. റീസ്ട്രക്ച്ചർ ചെയ്തിട്ടും കാലാനുസരണമായ മാറ്റം ജി.എസ്.ടി. വകുപ്പിനുണ്ടാകാത്തതിനാൽ അവിടെ നികുതിവെട്ടിപ്പ് നടക്കുന്നു. ഇത് സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ചയായതിനാൽ ഞാനിപ്പോൾ മറ്റൊരു ആരോപണവും ഉന്നയിക്കുന്നില്ല. ജി.എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന ഗൗരവതരമായ സംഭവങ്ങൾ സംബന്ധിച്ച് വരാനിരിക്കുന്ന ദിവസങ്ങളിൽ പറയാം. അല്ലെങ്കിൽ അത് റൂൾസിനെതിരാണ്. ഞെട്ടിക്കുന്ന വിവരങ്ങളാണ് ജി.എസ്.ടി.-യും ഇന്റലിജൻസുമായും ബന്ധപ്പെട്ടുള്ളത്. വകുപ്പ് പുനഃസംഘടന പൊളിഞ്ഞുപോയി. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ എണ്ണം ഗണ്യമായി കുറയുകയും ബാറുകളുടെ എണ്ണം വർധിക്കുകയും നികുതി കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. ഇതേ ഫാക്ട് ഷീറ്റിൽ 2023-

24 സാമ്പത്തിക വർഷത്തിൽ 13,274 കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ 14,853 കോടി രൂപയാണ്. ആയത് ചെറിയ വ്യത്യാസമാണ്. ഇത് പല മടങ്ങ് Bevco-യുടെ നികുതി വരുമാനത്തിലുണ്ടായ വർധനവാണെങ്കിലും അത് ബാറിൽ റിഫ്ലക്ട് ചെയ്യുന്നില്ല. 2022-23-ൽ 617.23 കോടി രൂപയും മാസ ശരാശരി 51.41 കോടി രൂപയുമായിരുന്നെങ്കിൽ 2023-24-ൽ 554 കോടി രൂപയും മാസ ശരാശരി 46 കോടി രൂപയുമായി കുറഞ്ഞു. എന്നാൽ 2024-25-ൽ 566 കോടി രൂപയായെങ്കിലും ബാറുകളുടെ എണ്ണം കൂടിയതനുസരിച്ച് പ്രൊപ്പോഷണലായ വർധനവ് ജി.എസ്.ടി.-യിലുണ്ടായിട്ടില്ല.

ജി.എസ്.ടി. ഏർപ്പെടുത്തുന്നതിനുമുമ്പ് സ്വർണ്ണത്തിൽനിന്നുള്ള വരുമാനം 630 കോടി രൂപയായിരുന്നു. അന്ന് സ്വർണ്ണത്തിന് ഒരു ഗ്രാമിന്റെ വില 500 മുതൽ 600 രൂപ വരെയാണ്. അതായത് ഒരു പവന് 4,800 രൂപ. എന്നാലിപ്പോൾ ഒരു ഗ്രാമിന് 10,000 രൂപയായി വർധിച്ച് ഒരു പവൻ സ്വർണ്ണത്തിന്റെ വില 80,000 രൂപയായി. അതായത് 4,000-5,000 രൂപയിൽ നിന്ന് ഒരു പവൻ സ്വർണ്ണത്തിന്റെ വില 80,000 രൂപയായി വർധിച്ചു. അങ്ങനെയെങ്കിൽ 16 ഇരട്ടി രൂപ ടാക്സിനത്തിൽ വരണം. പക്ഷേ

ഇപ്പോഴും ലഭ്യമായിക്കൊണ്ടിരിക്കുന്നത് ജി.എസ്.ടി. ഏർപ്പെടുത്തുന്നതിനുമുമ്പുള്ള 500-600 കോടി രൂപയാണ്. അന്ന് 5 ശതമാനമായിരുന്നു ജി.എസ്.ടി.-ക്ക് മുമ്പുള്ള VAT എന്നാണ് മന്ത്രിയുടെ മറുപടി. ഇപ്പോൾ 3 ശതമാനമാക്കി അതിന്റെ 1.5 ശതമാനം മാത്രമേ കിട്ടൂ. അന്നത്തെ ടാക്സ് റെസീപ്റ്റ് പരിശോധിച്ചാൽ, അന്ന് 5 ശതമാനം ടാക്സ് ആയിരുന്നുവെങ്കിലും കോംപൗണ്ടിങ് സിസ്റ്റം നിലവിലുണ്ടായിരുന്നതിനാൽ കേരളത്തിലെ 90% സ്വർണ്ണക്കടകളും ആ കോംപൗണ്ടിങ് സിസ്റ്റത്തിൽ ഗവൺമെന്റുമായി എഗ്രിമെന്റുണ്ടാക്കി 1.25 ശതമാനമാണ് ടാക്സ് നൽകിയിരുന്നത്. 1.25% സ്വർണ്ണത്തിന് 90% സ്വർണ്ണക്കച്ചവടക്കാരും ടാക്സ് നൽകിയിരുന്ന 5,000 രൂപ ഒരു പവന് ഉണ്ടായിരുന്ന കാലത്ത് ലഭ്യമായിരുന്നത് 500-600 കോടി രൂപ. ഇപ്പോൾ 1.5 ഉണ്ടല്ലോ; 3% ഉണ്ടെങ്കിൽ പകുതി കേന്ദ്രവും പകുതി സംസ്ഥാനവുമെടുക്കും. യഥാർഥത്തിൽ 15,000 കോടി രൂപയോളം സ്വർണ്ണത്തിൽനിന്നുള്ള വരുമാനം ലഭിക്കുമായിരുന്നിട്ടും എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. നികുതി വരുമാനം, ടാക്സിന്റെ നെറ്റ് വർക്ക്, ടാക്സ് ബേസ് എന്നിവ വർധിപ്പിക്കാനും ഏറ്റവും ലാഭപ്രദമായി ബിസിനസ്സ് നടക്കുന്ന

മേഖലകളിൽനിന്ന് സർക്കാരിന്റെ വരുമാനം വർധിപ്പിക്കാനും ഒരു ടാർഗെറ്റ് വച്ച് അതിലൂടെ വരുമാനം വർധിപ്പിക്കാൻ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇൻകം വർധിക്കുന്നില്ലെങ്കിൽ അത് സംബന്ധിച്ച് പഠിക്കാൻ സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് അടക്കമുള്ള സ്ഥാപനങ്ങളിൽ ആളുകളെ വരുമാനം വർധിപ്പിക്കാനുള്ള കാര്യങ്ങൾ പഠിപ്പിച്ച് വരുമാനം വർധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാതെ, നികുതി വരുമാനം വർധിപ്പിക്കാനായി വ്യാപകമായ നികുതി വെട്ടിപ്പാണ് ഇവിടെ നടക്കുന്നത്. എനിക്ക് ജി.എസ്.ടി. വകുപ്പിനെപ്പറ്റി പറയാനുള്ളത്- 'inefficient to the core'. ക്യാമറയില്ലാത്തതുകൊണ്ട് ആളുകൾ ബി-ടു-ബി ബിസിനസ്സ്, ബി-ടു-സി ബിസിനസ്സ് എന്നുതുടങ്ങി ധാരാളം shady business ഇവിടെ നടത്തുകയാണ്. ഇതിനകത്ത് ഒരു അപകടം കൂടിയുള്ളത്, സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് വരേണ്ട പണം ചോരുന്നുവെന്ന് മാത്രമല്ല; കുറേയാളുകൾ വാടക കൊടുത്ത് കടകളിലിരുന്ന് നികുതി, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ നൽകി ജീവനക്കാരെ വച്ച് നടത്തുന്ന കടകൾ പൂട്ടിപ്പോകും. അതായത് ഇവിടെ shady business നടക്കുന്നതിനാൽ അത്തരം കടകൾ

പൂട്ടിപ്പോവുകയാണ്. ഉദാഹരണത്തിന് നിങ്ങൾ ടൈൽ കൊണ്ടുവന്ന് നിയമവിരുദ്ധമായി ടാക്സ് അടയ്ക്കാതെ വിറ്റാൽ മറ്റൊരാൾ വലിയ കടയിട്ട് അവിടെ ടൈൽസ് വിൽക്കാനായി Genuine Tax Payer ഇരിക്കുമ്പോൾ അയാളുടെ കച്ചവടം നഷ്ടപ്പെട്ടുപോകുകയാണ്. അപ്രകാരം അയാളുടെ കച്ചവടം പോയാൽ ഭാവിയിലേയ്ക്കുള്ള സംസ്ഥാനത്തിന്റെ വരുമാനം കുറയും. നികുതി പിരിവിനെയും നികുതിഘടനയെയും ടാക്സ് അഡ്മിനിസ്ട്രേഷനെയും സംബന്ധിച്ച ശാസ്ത്രീയമായ പരിശോധനയോ സമീപനമോ ഈ ഗവൺമെന്റിനില്ല. പല പ്രാവശ്യമായി ഞാൻ ആവർത്തിച്ച് പറയുന്നു. നിങ്ങൾ എന്തെങ്കിലും കാര്യങ്ങൾ ചെയ്ത് ഈ ദുരിതാവസ്ഥയിൽനിന്നും കേരളത്തെ രക്ഷിക്കണം. ഒരു കുഴപ്പവും കേരളത്തിന് ഇല്ലെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങൾ കിട്ടാവുന്ന കടം മുഴുവൻ എടുത്തുകഴിഞ്ഞിട്ടും പ്രധാനമായും മുൻഗണന നൽകേണ്ട എത്രയോ മേഖലകൾക്കാണ് പണം നൽകാത്തത്; ഇക്കാര്യങ്ങളെല്ലാം മന്ത്രിമാരോട് ചോദിച്ചാൽ തലകുനിച്ചിരിക്കുമല്ലോ, പല വകുപ്പുകളിലേയ്ക്കും കൊടുക്കേണ്ട വലിയ തുകകൾ കടമായി (debt) നിൽക്കുകയാണ്. നിങ്ങൾക്ക് അതൊന്നും മാനേജ് ചെയ്യാൻ സാധിക്കുന്നില്ല. കേരളത്തിലെ ഈ സർക്കാരിന്റെ ഫിസ്കൽ

മാനേജ്മെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ ഫിനാൻഷ്യൽ മാനേജ്മെന്റ് പരാജയപ്പെട്ടൊരു സർക്കാർ ഉണ്ടായിട്ടില്ല. ഇത് അപകടകരമായ സ്ഥിതി വിശേഷത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടുപോകും. നമ്മുടെ വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിതാപകരമാണ്. മാർക്കറ്റിലേയ്ക്ക് പൈസ വരുന്നില്ല, മാർക്കറ്റിലേയ്ക്ക് പൈസ വന്നാൽ മാത്രമെ ടാക്സ് വർധിക്കുകയുള്ളൂ. ഒരു പഠനവും ഒരു ഡാറ്റയും ഇല്ലാതെയാണ് സർക്കാർ കാര്യങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് ഞാൻ ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യുന്നതിനെയും ഞാൻ അഭിനന്ദിക്കുന്നു. ഈ നിയമസഭ ഏറ്റവും ഗൗരവകരമായി ചർച്ച ചെയ്യേണ്ട വിഷയവും ഇതുതന്നെയാണ്. The prime duty of the state is to collect tax. Then only we will be able to implement welfare projects as well as development projects. അതിൽ നിങ്ങൾ ദയനീയമാം വിധം പരാജയപ്പെട്ടു. ഞാൻ ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിൽ മറുപടി പറഞ്ഞതിനോടൊപ്പം 2016 മുതൽ എയ്ഡഡ് മേഖലയിൽ നടത്തിയ നിയമനത്തെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫ് രണ്ടാമത് സംസാരിച്ചപ്പോൾ അത് വസ്തുതയല്ലാത്ത കാര്യമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. 2016 മുതൽ 2025 വരെ എയ്ഡഡ് മേഖലയിൽ 112000-ത്തോളം നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കാര്യമുൾപ്പെടെയാണ് ഞാനിവിടെ പറഞ്ഞത്. 36318 സ്ഥിരനിയമനങ്ങൾ നടന്നിട്ടുണ്ട്. 2021 മുതൽ 2025 വരെ എൽ.ഡി.എഫ്. സർക്കാർ 60500 അധ്യാപക-അനധ്യാപക നിയമനങ്ങൾ നടത്തുകയുണ്ടായി. ഇതിനെല്ലാം കാശ് ഖജനാവിൽനിന്നും നൽകിയതുകൊണ്ടാണ് നിയമനങ്ങൾ നടത്തുന്നത്, വെറുതെയല്ല. 1503 ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ ഈ സർക്കാർ വന്നതിനുശേഷം നിയമിക്കുകയുണ്ടായി. 55 ഭിന്നശേഷിക്കാരുടെ അപേക്ഷ പെന്റിംഗിലാണ്. 2011 മുതൽ 2016 വരെ ഭിന്നശേഷിക്കാരുടെ 35,000 നിയമന പ്രൊപ്പോസലുകളുണ്ടായിരുന്നു. ഇതിൽ ഉടൻതന്നെ

തീർപ്പുകല്പിക്കേണ്ടതായിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ നിയമിച്ച ദിവസവേതന അധ്യാപകർ 54961 ആണ്. ഞാൻ ഈ സഭയിൽ ഉത്തരവാദിത്വത്തോടെയാണ് കാര്യങ്ങൾ വ്യക്തമാക്കുന്നത്. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം നടന്നിട്ടുള്ളതാണ്. ഭിന്നശേഷിക്കാരുടെ കാര്യത്തിൽ ഞാനോ, അങ്ങോ, ഈ സഭയോ അല്ല കുറ്റക്കാർ. ഭിന്നശേഷിക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസിന് പോയി. 3-4 ശതമാനം ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയതിനുശേഷം മാത്രമെ മറ്റുള്ളവരെ നിയമിക്കാൻ പാടുള്ളൂവെന്ന നിയമം വന്നു. അത് ഇംപ്ലിമെന്റ് ചെയ്യുന്നതിന് കുറച്ച് കാലതാമസമുണ്ടായി. അതിനുശേഷമാണ് ഭിന്നശേഷിക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോകുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി എത്രയും വേഗം അത് നടപ്പാക്കാൻ ആവശ്യപ്പെടുകയും സുപ്രീംകോടതിയുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇംപ്ലിമെന്റ് ചെയ്ത് തുടങ്ങുകയും ചെയ്തു. ആ അവസരത്തിൽ എൻ.എസ്.എസ്. ഒരു കേസുമായി ബന്ധപ്പെട്ട് കോടതിയിൽ പോകുകയുണ്ടായി. എത്ര ഭിന്നശേഷിക്കാരാണുള്ളതെന്ന് എഗ്രിമെന്റ് വച്ചതിനുശേഷം മറ്റ് നിയമനം നടത്തുന്നതിനുള്ള അനുവാദം അവർക്ക് നൽകി. പിന്നീട്

സുപ്രീംകോടതിയിൽനിന്നും എസ്.എൽ.പി.-യിൽ വന്നിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞു. അഡ്വക്കേറ്റ് ജനറൽ രേഖാമൂലം എഴുതിനൽകിയത് എന്റെ കൈവശമുണ്ട്. നിയമത്തിന്റെ കാര്യത്തിൽ അഡ്വക്കേറ്റ് ജനറൽ പറയുന്ന കാര്യങ്ങൾ കേൾക്കണോ; വേറെ ആരെങ്കിലും പറയുന്നത് കേൾക്കണോ; ഇത് അവർക്കുവേണ്ടി മാത്രമുള്ളതാണെന്നാണ് അഡ്വക്കേറ്റ് ജനറൽ പറയുന്നത്. എന്നാലും ഗവൺമെന്റ് സുപ്രീംകോടതിയിൽ വാദിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇനി ഏതെങ്കിലും ഭിന്നശേഷി വിഭാഗക്കാരനോ സാധാരണക്കാരനോ ന്യായമായി ലഭിക്കേണ്ട ജോലി ലഭിച്ചില്ലെന്ന് പരാതിയുണ്ടെങ്കിൽ ജില്ലാ സമിതിയിലോ സംസ്ഥാന സമിതിയിലോ അപേക്ഷ നൽകാം. അടുത്ത മാസം പത്താം തീയതിയോടുകൂടി സംസ്ഥാനാടിസ്ഥാനത്തിൽ അദാലത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആ സാഹചര്യത്തിൽ ഇതിൽകൂടുതൽ എന്താണ് ചെയ്യാൻ സാധിക്കുന്നത്; ഇതിൽ കൂടുതൽ വേറെ ഒന്നും ചെയ്യാൻ സാധിക്കില്ല.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം ഇവിടെ സൂചിപ്പിച്ച വസ്തുതയില്ലാത്തൊരു കാര്യം സഭയുടെ മുന്നിൽ വ്യക്തമാക്കാം. നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് 359 കോടി രൂപ കൊടുത്തുതീർക്കാൻ ബാക്കിയുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ ദിവസം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള ചർച്ചയിലും ഇന്ന് രാവിലെ ഉണ്ടായിരുന്ന സബ്മിഷനുമായി ബന്ധപ്പെട്ട മറുപടിയിലും വളരെ വ്യക്തായി പറഞ്ഞ കാര്യം, 2024-2025 സംഭരണ വർഷത്തിൽ 580000 മെട്രിക് ടൺ നെല്ലിന്റെ വിലയായ 1645 കോടി രൂപയിൽ 1574 കോടിരൂപ കർഷകർക്ക് നൽകുകയുണ്ടായി. ഇനും തുക കൊടുത്തുകൊണ്ടിരിക്കുകയാണെന്നും 70 കോടി രൂപയാണ് ഇനി നൽകാനുള്ളതെന്നും വ്യക്തമാക്കുന്നു. അത് നൽകാൻവേണ്ടി രണ്ട് ബാങ്കിനും സപ്ലൈകോ പണം കൈമാറിയിട്ടുണ്ട്. അതനുസരസിച്ച് കൊടുത്തുതീർക്കുന്ന നടപടിയാണ് സർക്കാർ ഇപ്പോൾ സ്വീകരിക്കുന്നത്. ഒരുപൈസയും കുടിശ്ശിക വരാതെ കർഷകർക്ക് പണം നൽകും.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നേരത്തെ ശ്രീ. മോൻസ് ജോസഫ് പറഞ്ഞതുമായി ബന്ധപ്പെട്ട ക്ലാരിഫിക്കേഷനാണ് ഇത്. വിധി ഇങ്ങനെയാണ്, “ Other similarly circumstances society, societies shall take steps to forthwith fill up the post which are reserve for persons with disability at the earliest. On such appointments being made, and the proposal for regularisation being submitted to the State Government. The State Government shall decide the same experience.” മറ്റ് സ്ഥാപനങ്ങൾ എത്രയും പെട്ടെന്ന് ഭിന്നശേഷിക്കാർക്കുവേണ്ടി മാറ്റിവച്ചിട്ടുള്ള സ്ഥലങ്ങളിൽ നിയമനം നടത്തേണ്ടതുണ്ട്. അങ്ങനെ നിയമനം നടത്തിക്കഴിഞ്ഞാൽ ഈ സ്ഥാപനങ്ങൾ റെഗുലറൈസേഷനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതുണ്ട്. ഇതാണ് സുപ്രീംകോടതിയുടെ ലാസ്റ്റ് വിധി. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയും അത് അനുവദിക്കാതിരുന്നത്. എങ്കിൽപോലും ഗവൺമെന്റ് ചർച്ച ചെയ്ത് ഇക്കാര്യത്തിൽ എന്താണ് സാധ്യമാകുന്നതെന്ന് പരിശോധിച്ചുവരികയാണ്. രേഖയിൽ അത് ഉണ്ടാകാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞാനും ഇത് കൂട്ടിച്ചേർത്തത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള പ്രമേയം കൊണ്ടുവന്നതിലൂടെ, സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് സഹായകരമായ നിലപാടാണെന്നുള്ളതുകൊണ്ടാണ് ഇത് ചർച്ച ചെയ്യുന്നതിന് അനുമതി നൽകണമെന്ന അഭിപ്രായം വന്നപ്പോൾ ഞാൻ പറഞ്ഞത്. ഇത് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചും പൊതുവിൽ എങ്ങനെയാണ് നമ്മൾ ഈ കാര്യങ്ങൾ മാനേജ് ചെയ്തു പോകുന്നത് എന്നത് സംബന്ധിച്ചും ഈ ചർച്ചയിലൂടെ മനസ്സിലാക്കാൻ സഹായകരമായിരുന്നു. വളരെ ചെറിയ സമയത്തിനുള്ളിൽ എല്ലാകാര്യങ്ങളും ചർച്ചചെയ്യാൻ സാധിക്കില്ലെന്നുള്ള പരിമിതിയുണ്ട്. പക്ഷെ ഒരു കാര്യം വളരെ കൃത്യമാണ്. പ്രതിപക്ഷത്തിന്റെ നിലപാടുകൾ എത്രത്തോളം സത്യമാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് ഇത് കാണുമ്പോൾ മനസ്സിലാകും എന്നുള്ള സാധ്യതകൂടി കണക്കിലെടുത്താണ് ഇക്കാര്യം പഞ്ഞത്. ഇതുപോലൊരു ഓണം കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. യഥാർഥത്തിൽ ഇപ്രാവശ്യത്തെ ഓണം വളരെ സുഭിക്ഷമായിരുന്നെന്നും എല്ലാ മേഖയിലും ആവശ്യത്തിന് സാധനങ്ങളുണ്ടായിരുന്നെന്നും പറയുന്ന

ആളുകളെ, തിരിച്ച് ബോധ്യപ്പെടുത്താൻ ഇങ്ങനെ പ്രതിപക്ഷം പറഞ്ഞാലും സാധിക്കുമോ; സ്വന്തം പാർട്ടിക്കാരും, ചുറ്റുപാടിലുള്ള ആളുകളുമുൾപ്പെടെ, പ്രതിപക്ഷത്തിന്റെ എം.എൽ.എ.-മാർ ഇവിടെ പറഞ്ഞ കാര്യം വിശ്വസിക്കില്ല. കേരളത്തിൽ സാമ്പത്തിക കാര്യങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റ് വളരെ പുറകോട്ടാണ്, ഒന്നും ചെയ്യുന്നില്ലെന്നാണ് ഇവിടെ പറഞ്ഞത്. കേരളത്തിന് സാമ്പത്തികമായി ലഭിക്കേണ്ട വലിയ തോതിലുള്ള തുക ലഭിക്കാത്തതിന്റെ ബുദ്ധിമുട്ടുകളുണ്ടെന്നത് എപ്പോഴും പറഞ്ഞിട്ടുണ്ട്. കേരളത്തിന് സാമ്പത്തികമായി പ്രതിസന്ധിയുണ്ടോ ഇല്ലയോ എന്ന് പറയണമെന്ന് ഇവിടെ ചോദിക്കുന്നത് കേട്ടു. കേരളത്തിൽ പ്രതിസന്ധിയുണ്ടായി നിന്നുപോകുന്നില്ലെന്നാണ് ഞങ്ങൾ പറയുന്നത്. ബുദ്ധിമുട്ടുണ്ടെന്നും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നതും വളരെ കൃത്യമായി പറയുന്നതാണ്. കേരളത്തിലെ ഇടതുപക്ഷം മാത്രമല്ല, ഇന്ത്യയിലാകെ പ്രതിപക്ഷ സംസ്ഥാനങ്ങളോട് പ്രത്യേകിച്ച് കാണിക്കുന്ന സമീപനത്തെ സംബന്ധിച്ച് ഇക്കാര്യങ്ങൾ പറയാറുണ്ട്. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യങ്ങൾ വിലയിരുത്തുമ്പോൾ പൊതുവിലുള്ള yardsticks നോക്കുന്നത് എങ്ങനെയാണ്? കേരളത്തിലാകെ

ധനപ്രതിസന്ധിയാണെങ്കിൽ, ഇപ്പോഴത്തെ അവസ്ഥയിൽ കേരളസർക്കാരിന് പ്രവർത്തിക്കാൻ സാധിക്കുമോ; നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക ചെലവുകൾ ഇങ്ങനെ ഉണ്ടാകുമോ? എല്ലാ മേഖലയിലും വലിയ തോതിലുള്ള വെട്ടിക്കുറവ് വന്നിട്ടുണ്ടെന്ന് നമുക്കറിയാം. എങ്ങനെയാണ് ഒരു സംസ്ഥാനത്തിന്റെ ഗ്രോത്ത് വിലയിരുത്തുന്നത്? ട്രില്യൺ, ട്രില്യൺ എന്നുപറഞ്ഞുകൊണ്ടുനടക്കുന്നത്, ട്രില്യൺ എന്നുപറഞ്ഞാൽ ഒരു ലക്ഷം കോടി എന്നതിന്റെ ചുരുക്കപ്പേരാണ്. അതിനെന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് ഇങ്ങനെ ദേഷ്യം വരുന്നത്? ഒരു ട്രില്യൺ ഡോളർ എന്നുപറഞ്ഞാൽ ഒരു ലക്ഷം കോടി ഡോളർ, ആ വരുമാനത്തിലേയ്ക്കെത്തി, ബജറ്റ് രണ്ടുലക്ഷം കോടി രൂപയിലേയ്ക്കെത്തുന്നുവെന്നതിന്റെ ചുരുക്കപ്പേരാണ്. നമ്മുടെ സംസ്ഥാനത്തെ ആകെ ബജറ്റിന്റെ ചെലവ് നോക്കുമ്പോൾ ഒന്നാം പിണറായി സർക്കാരിന്റെ ആരംഭത്തിലുള്ളതിനേക്കാളും 60 ശതമാനത്തോളമാണ് അവസാന വർഷത്തെ ചെലവ്. അവിടെനിന്നും ആരംഭിച്ച്, 1,30,000 കോടി രൂപയിൽനിന്നും 1,75,000 കോടി രൂപയിലേയ്ക്ക് കഴിഞ്ഞവർഷമെത്തി. ഒന്നുമില്ലായെന്ന് പറയുമ്പോഴും എല്ലാ

മണ്ഡലത്തിലും അതിന്റെ പ്രകടമായ ഗുണങ്ങളുണ്ടല്ലോ; ഏതു മണ്ഡലത്തിലാണ് അതിന്റെ ഗുണങ്ങളില്ലാത്തത്? 1,75,000 കോടി രൂപയിലേയ്ക്ക് കഴിഞ്ഞ വർഷം എത്തിയെങ്കിൽ, സി.&എ.ജി.-യുടെ പ്രിലിമിനറി അക്കൗണ്ട് അനുസരിച്ചാണ് ഞാൻ പറയുന്നത്, ചിലപ്പോൾ കുറച്ചുകൂടി കൂടുമെന്നാണ് ഞങ്ങളുടെ കണക്ക്. ഈ വർഷം രണ്ട് ട്രില്യൺ എന്നുപറഞ്ഞപ്പോൾ, കഴിഞ്ഞ ബജറ്റ് സെഷന്റെ അവസാനം ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ സംസാരിച്ചപ്പോൾ, കണക്കുവച്ചാണ് പറയുന്നതെന്ന് ഞാൻ പറഞ്ഞു. ചിലപ്പോൾ ഫൈനൽ അക്കൗണ്ട് വരുമ്പോൾ അതിൽ ചെറിയ വ്യത്യാസം വരില്ലെന്നല്ല, ഞങ്ങളുടെ ബജറ്റ് എക്സ്പെക്റ്റേഷൻ ഇത്രയാണ്, 1,75,000 കോടി രൂപ വന്നു. നാലുവർഷം കൊണ്ട് 1,30,000-ൽനിന്നും 1,75,000 കോടി രൂപയിലേയ്ക്കെത്തിയല്ലോ; ഇനി ഈ വർഷം പൂർത്തിയാകുമ്പോൾ നമുക്ക് നോക്കാം. വരവും ചെലവുംകൂടി വേണമല്ലോ; വരവിന്റെ കാര്യത്തിൽ, നമ്മുടെ സംസ്ഥാനത്തിന് ഏകദേശം 33,000 കോടി രൂപയാണ് ഞങ്ങൾ തുടങ്ങുന്ന ആദ്യവർഷത്തെ ഗ്രാന്റ്. എന്നുപറഞ്ഞാൽ പലതരത്തിലുള്ള ഗ്രാന്റുകളാണ്. സെൻട്രൽ ഡിവിസിബിൾ പൂൾ അല്ല, മറ്റ് ഗ്രാന്റുകൾ. 33,000 കോടി രൂപ എന്നത് ഈ

വർഷം 6,500 കോടി രൂപയായി ചുരുങ്ങി. ഗ്രാന്റിൽ മാത്രം 27,000 കോടി രൂപ വെട്ടിക്കുറച്ചു. ആ സ്ഥിതി നേരിട്ടുകൊണ്ടാണ് നമ്മൾ നിൽക്കുന്നതെന്ന് മാത്രമല്ല, ബോറോയിങ് പെർസെന്റേജ് വലിയ തോതിൽ വെട്ടിക്കുറച്ചു. അതുമാത്രമല്ല കിഫ്ബിയുടെ കാര്യം, കിഫ്ബി ഇവിടത്തെ ഏറ്റവും നല്ലൊരു പ്രോജക്ടാണ്. കിഫ്ബി വഴി ചെയ്യാവുന്ന ധാരാളം പ്രവർത്തനങ്ങൾ, 50,000 കോടി രൂപ എന്ന് ഉദ്ദേശിച്ചിട്ട് ഇപ്പോൾ ഒരു ലക്ഷം കോടി രൂപയിലേയ്ക്ക് എത്തുന്ന തരത്തിൽ ഞങ്ങൾ പ്രോജക്ടുകൾ വച്ചു. കിഫ്ബി എടുക്കുന്ന ബോറോയിങ് സംസ്ഥാനത്തിന്റെ പൊതുകടത്തിനുള്ളിൽ വരില്ലെന്നതായിരുന്നു നേരത്തേയുള്ള കാഴ്ചപ്പാട്. ഇപ്പോൾ അത് പൊതുകടത്തിലുൾപ്പെടുത്തി. ഈ വർഷവും നാലായിരത്തി എഴുന്നൂറ്റി ചില്വാനം കോടി രൂപയാണ് കിഫ്ബി നേരത്തേ എടുത്തിരിക്കുന്നതിന്റെ വെട്ടിക്കുറവ്. കഴിഞ്ഞ മാർച്ചിൽ നമ്മൾ അവതരിപ്പിച്ച ബജറ്റ് പാസ്സാക്കുന്ന സമയത്ത് നമ്മൾ അംഗീകരിച്ച കണക്കിൽനിന്നും വീണ്ടും കുറച്ചു തുകകൂടി ഈ വർഷം വെട്ടിക്കുറച്ചു. കിഫ്ബിയുടെ മാത്രമല്ല. 3,330 കോടി രൂപ ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടിനായി മാറ്റിവയ്ക്കണമെന്ന് പറഞ്ഞിരുന്നു. അത് കുറയ്ക്കണമെന്ന് എല്ലാ സംസ്ഥാനങ്ങളും ഇപ്പോൾ

ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ അടുത്ത സമയത്തായി റിസർവ് ബാങ്കിന്റെ ഒരു യോഗമുണ്ടായിരുന്നു. അതിന്റെ പേരിൽ മൂവായിരത്തി മുന്നൂറ്റി ചില്വാനം കോടി രൂപ കുറച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽപോയി നമ്മൾ കണക്കുപറഞ്ഞ് വാങ്ങിയ ജി.എസ്.ടി.പി. കണക്കുകളിൽ വ്യത്യാസം വന്നതിന്റെ പേരിലുള്ള 1,822 കോടി രൂപ അനുവദിച്ചതാണ്. ആ തുകയും വെട്ടിക്കുറച്ചു. അങ്ങനെ 6,000 കോടി രൂപ, ഞാൻ ഈ പറഞ്ഞ മൂവായിരത്തി മുന്നൂറ് കോടി രൂപ, എന്നിവ കുറഞ്ഞു. കേന്ദ്രമന്ത്രിയെക്കണ്ട് ഞങ്ങൾ പറഞ്ഞു, നാഷണൽ ഹൈവേ പണിയാൻ വേണ്ടി കേന്ദ്രമാണ് മുഴുവൻ തുകയും ചെലവാക്കേണ്ടത്, NHAI ആണ് ഇത് മുഴുവൻ ചെലവാക്കുന്നത്, അവരാണ് ടോൾ പിരിക്കുന്നത്, ഞങ്ങൾ അതിനായി ആറായിരത്തോളം കോടി രൂപ നൽകിയിട്ടുണ്ട്, ആ തുക നിങ്ങൾ പണമായി തിരിച്ചുനൽകണ്ട, ടോളും നൽകണ്ട, അത് ഞങ്ങളുടെ ബോറോയിങ്ങിൽ എക്സ്ട്രാ ആയി നൽകിയാൽ മതിയെന്നും പറഞ്ഞതാണ്, അതും നൽകിയില്ല. ഇങ്ങനെയെല്ലാം വെട്ടിക്കുറച്ചു. ഞാൻ ഈ പറഞ്ഞതുപോലെ ഗ്രാന്റും ബോറോയിങ്ങിന്റെ സ്പേസും വെട്ടിക്കുറച്ചിട്ടും ഈ സർക്കാർ പ്രവർത്തനങ്ങളിൽനിന്നും പുറകോട്ട് പോയില്ലെന്നുമാത്രമല്ല, 50 ശതമാനം

ചെലവ് വർധിച്ചു. സാധാരണ ഒരു ഗവൺമെന്റിന്റെ കണക്ക് അങ്ങനെയൊന്നുമല്ല. ഇവിടെ കടം വർധിക്കുമെന്നാണ് പറയുന്നത്. കേരളത്തിന്റെ കടം ആറ് ലക്ഷം കോടി രൂപയിലേയ്ക്കെത്തുമെന്ന് വളരെ പ്രശസ്തയായൊരു സാമ്പത്തിക ശാസ്ത്രജ്ഞയുൾപ്പെടെ പറഞ്ഞു. നേരത്തേ ഇവിടെ പറഞ്ഞ കണക്കനുസരിച്ചാണ് അവരും പറഞ്ഞത്. കാരണം ഒരോ അഞ്ചുവർഷത്തിലും ഒന്നുകിൽ 90 ശതമാനം, അല്ലെങ്കിൽ 100 ശതമാനമായി കടം വർധിക്കും. അങ്ങനെ നോക്കുമ്പോൾ വി.എസ്. സർക്കാരിന്റെ ഏറ്റവും അവസാനത്തെ വർഷം മുതലുള്ള കണക്ക് പറയാം. എൺപത്തി അയ്യായിരം കോടി രൂപയോളമായിരുന്നു അന്നത്തെ ആകെ കടം. ഉമ്മൻ ചാണ്ടി സർക്കാരിന്റെ അഞ്ച് വർഷം കഴിഞ്ഞപ്പോൾ അത് 2,96,000 കോടി രൂപയായി. ചെറിയ  വ്യത്യാസം കാണും. ഞാൻ ഓർമ്മയിൽനിന്നാണ് പറയുന്നത്. 5 വർഷക്കാലം ഒന്നാം പിണറായി സർക്കാരിന്റെ സമയം കഴിഞ്ഞപ്പോൾ അത് 396000 കോടി രൂപയായി. സാധാരണഗതിയിൽ ഈ അഞ്ചുവർഷം കഴിയുമ്പോൾ അത് ആറ് ലക്ഷം കോടി രൂപയോ 5,90,000 കോടി രൂപയോ ആകണം. പക്ഷെ, കേരളത്തെ കടമെടുക്കാൻ അനുവദിക്കുന്നില്ല, വല്ലാതെ ശ്വാസംമുട്ടിക്കുന്നതിന്റെ ഭാഗമായി, ഈ

വർഷത്തെ കണക്കുകൂടി ലഭിക്കുമ്പോൾ നാല് ലക്ഷത്തി എഴുപതിനായിരം കോടി രൂപയിൽ കൂടുതൽ കടമെടുക്കാൻ സാധിക്കില്ല. എന്നുപറഞ്ഞാൽ ഒന്നേകാൽ ലക്ഷം കോടി രൂപ ഇതുവരെയുള്ള 50 വർഷക്കാലത്തെ കേരളത്തിലെ ഗവൺമെന്റുകൾക്ക് എടുക്കാൻ കഴിയുമായിരുന്ന റേറ്റിലെ കടമെടുക്കാനുള്ള ബോറോയിങ് സ്പേസ് കൂടി വെട്ടിക്കുറച്ചു. ഒന്നേകാൽ ലക്ഷം കോടി രൂപ എന്നുവച്ചാൽ ഒരുവർഷം 25,000 കോടി രൂപയാണ്. ഒരു വർഷത്തെ കടം അല്ലെങ്കിൽ രണ്ടുവർഷത്തെ ഗ്രാന്റുകൂടി ലഭ്യമായാൽ കേരളത്തിന് ഒരു ബാധ്യതയും നിലനിൽക്കില്ലെന്ന് ഞാൻ പറയുന്നില്ല, എന്നാൽ അത്രയും ലഭിച്ചാൽ തീരാവുന്നതല്ലാതെ ഒരു പണംപോലും ഇവിടെ നമുക്ക് അധിക ബാധ്യതയില്ല. അത്രയും വെട്ടിക്കുറച്ചിട്ടും ഒരു കാര്യവും ചെയ്തില്ലായെന്ന് എങ്ങനെയാണ് പറയുന്നത്; എന്നാൽ എല്ലാ സ്ഥലത്തും ചെയ്തതിന്റെ കണക്കുകളുണ്ട്. എല്ലാ സ്ഥലത്തേയും പി.ഡബ്ല്യു.ഡി വർക്കുകളും എം.എൽ.എ. വർക്കുകളും ഗ്രാമീണ റോഡുകളും നോക്കു. പ്ലാൻ ഫണ്ടിൽ കൊടുക്കുന്നില്ലായെന്ന് പറയുന്നല്ലോ; പഞ്ചായത്തിന്റെ പ്ലാനിലുണ്ടോ; എൽ.എസ്.ജി.ഡി. പ്ലാനിലുണ്ടോ; ആയിരം കോടി രൂപയുടെ ഈ ഗ്രാമീണ റോഡ്. CMLRRP 2.0 പദ്ധതിയിലുണ്ടോ; ആയിരം കോടി രൂപ

കിട്ടിയില്ലേ; സ്കൂളുകൾ ഉൾപ്പെടെ കിഫ്ബിയുടെ മറ്റ് ധാരാളം വർക്കുകളുണ്ട്. പ്ലാനിലോ ബജറ്റിലോ ഇല്ലാതെ അഡീഷണലായി നൽകിയതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതായത് നമ്മുടെ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ തീരുമാനിച്ച് അഡീഷണലായി നൽകിയതാണ് 1,000 കോടി രൂപ. നവ കേരള സദസ്സിന്റെ ഭാഗമായി ഓരോ മണ്ഡലത്തിലും 7 കോടി രൂപവീതം നൽകിയില്ലേ; അതും ആ ബജറ്റിന്റെ ഭാഗമായി, ആദ്യമേ തുക പറഞ്ഞിരുന്നതല്ലല്ലോ; ഇങ്ങനെയെല്ലാം കൊടുക്കുമ്പോൾ, ഞങ്ങളുടെ മണ്ഡലത്തിൽ കിട്ടിയിട്ടില്ലായെന്ന് ഓരോ എം.എൽ.എ.-മാർക്കും വ്യക്തിപരമായി പറയാൻ സാധിക്കുമോ? ഗ്രാമീണ റോഡുകളുടെ, പദ്ധതി റോഡുകളുടെ ബില്ലുകൾ പലയിടത്തും വാങ്ങിക്കഴിഞ്ഞു.

ശ്രീ. ചാണ്ടി ഉമ്മൻ: (സർ, മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തുടങ്ങാത്തത് ശ്രദ്ധിക്കണം. നമുക്കുകൂടെ സഹായിക്കാം. തുടങ്ങിയിട്ടില്ലെങ്കിൽ അത് നോക്കണം. CMLRRP-ക്ക് പണത്തിന് തടസ്സം വരില്ലെന്നുതന്നെ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഈ

പണം ചെലവാക്കുന്നത് ഇത്രയും ശ്വാസംമുട്ടിക്കലുണ്ടാകും. ഒരുവർഷം ശരാശരി 57,000 കോടി രൂപ വച്ച് കുറഞ്ഞു. ഇത് എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ബാധിക്കുന്നതാണ്. കളക്ടീവായി പറയേണ്ടൊരു കാര്യമായതുകൊണ്ട് പറയുകയാണ്. രാഷ്ട്രീയമായി വ്യത്യസ്ത അഭിപ്രായം പറയും. പക്ഷെ ഇത്രയും വെട്ടിക്കുറച്ചിട്ടും നമ്മൾ ഈ പണമെല്ലാം ചെലവാക്കി എന്നുള്ളത് നമ്മുടെ സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റ് അല്ലെങ്കിൽ അത് പിന്നെന്താണ്; ശരിയാണ്, ഇതെല്ലാം അഡ്ജസ്റ്റ് ചെയ്യാൻവേണ്ടി വളരെ ബുദ്ധിമുട്ടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കാരണം വലിയ തോതിൽ നമ്മെ ശ്വാസം മുട്ടിക്കുകയാണ്. ബജറ്റ് തയ്യാറാക്കിയതിനുശേഷം ആറായിരം കോടി രൂപ വെട്ടിക്കുറയ്ക്കുമെന്ന് ആരെങ്കിലും കരുതുമോ; ഏറ്റവുമൊടുവിൽ ജി.എസ്.ടി. പരിഷ്കരണം വന്നു. അതിന്റെ ഭാഗമായി പ്രതിപക്ഷനേതാവ് ചോദിക്കുന്നത് കേട്ടു, 8,000 മുതൽ 10,000 വരെയെന്ന് നിങ്ങൾ പറയുന്നു. അതിന്റെ കണക്ക് എവിടെയാണ്? 47,000 കോടി രൂപയേ ഉള്ളൂവെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. 8 സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ യോഗം ചേർന്നു. കാരണം ബി.ജെ.പി. മന്ത്രിമാർക്ക് അഭിപ്രായമുണ്ടെങ്കിലും

അവർക്ക് ഓപ്പണായി പറയാൻ പറ്റില്ല. പ്രധാനമന്ത്രി സ്വാതന്ത്ര്യദിന സന്ദേശത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചതാണ് ഈ വെട്ടിക്കുറവ്. സാധാരണ ജി.എസ്.ടി.-യിൽ കണക്ക് നോക്കി കൃത്യമായി ഫിറ്റ്മെന്റ് കമ്മിറ്റി പഠിച്ചാണ് റേറ്റ് തീരുമാനിക്കുന്നത്, പക്ഷേ ഒന്നുമില്ല. അവിടെ ഒന്നര ലക്ഷം രൂപയുണ്ട്, രണ്ടുലക്ഷം രൂപയുണ്ട് എന്നിങ്ങനെയുള്ള ഊഹക്കണക്കാണ്. അവിടെ ഒറ്റക്കണക്കും തന്നില്ല. ഞങ്ങൾ കേരളത്തിലെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെക്കൊണ്ട് ഒരു സ്റ്റഡി നടത്തിയപ്പോഴാണ് 7500 കോടി രൂപയിലധികം ഗുഡ്സ് മാത്രം വരും, സർവീസ് വരുമ്പോൾ...ഇത് ഏകദേശമാണെന്ന് പറഞ്ഞിട്ടുണ്ട്. എന്റെ കൈയിൽ ഹിന്ദു പത്രം നടത്തിയ റൗണ്ട് ടേബിൾ സെമിനാറുണ്ട്. ഞാനും തെലങ്കാനയിലെ കോൺഗ്രസിന്റെ ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ Sri. Bhatti Vikramarka-യും ഉണ്ടായിരുന്നു. അവർക്കും ഇതുപോലെ നഷ്ടം വരുമെന്ന് അദ്ദേഹം പറഞ്ഞു. ഹിന്ദു പത്രത്തിന്റെ ഇന്ത്യയിലെ ഫുൾ പേജ് ആർട്ടിക്കിളാണ്. കേരളത്തിൽ ഇന്ന് വന്നിട്ടില്ല. കേരളത്തിൽ വരുമായിരിക്കും. ഫുൾ പേജ് ആർട്ടിക്കിളാണ്.

മി. സ്പീക്കർ: കേരളത്തിലുണ്ട്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഈ ഇന്റർവ്യൂവിന്റെ ഫുൾ പേജ് വന്നിട്ടില്ല. പക്ഷേ ഇന്റർവ്യൂവിന്റെ gist ആണ് വന്നത്. ഇന്ത്യയിലെ ഒരുപാട് സംസ്ഥാനങ്ങളിൽ പോയതാണ്. ഇന്ത്യയിലെ 8 സംസ്ഥാനങ്ങൾ. അതിലെ മൂന്ന് സംസ്ഥാനങ്ങളായ ഹിമാചൽപ്രദേശ്, കർണ്ണാടക, തെലങ്കാന എന്നീ മൂന്ന് സംസ്ഥാനങ്ങൾ ഭരിക്കുന്നത് കോൺഗ്രസാണ്. ഞങ്ങൾ തൃണമൂൽ കോൺഗ്രസുമായി രാഷ്ട്രീയമായി ഒരിക്കലും ചേരുന്നതല്ല. പക്ഷേ തൃണമൂൽ കോൺഗ്രസുമായി സംസ്ഥാനങ്ങളുടെ താൽപര്യത്തിനുവേണ്ടി അവിടെ ഒരുമിച്ച് പറഞ്ഞു. പഞ്ചാബ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളുണ്ടായിരുന്നു. എല്ലാവരും ഈ പ്രശ്നമാണ് പറയുന്നത്. ഇൻസൈഡ് മീറ്റിങ്ങിൽ മന്ത്രിമാർ പറഞ്ഞിട്ടുണ്ട്. പക്ഷേ പുറത്ത് അവർ പറഞ്ഞിട്ടില്ല. അതായത്, ബി.ജെ.പി. ഭരിക്കുന്ന സ്റ്റേറ്റുകൾ. ആ നഷ്ടമുണ്ട്. കേരളത്തിൽ ഞങ്ങൾ പ്രാഥമിക കണക്കെടുക്കുമ്പോൾ ഓട്ടോമൊബൈൽ, സിമെന്റ്, ഇൻഷ്വറൻസ്, ഇലക്ട്രോണിക് ഗുഡ്സ് എന്നിവയ്ക്കുമാത്രം 2,500 കോടി രൂപയുടെ നഷ്ടം വരുമെന്നാണ്. അങ്ങനെ വരുമ്പോൾ 10,000 കോടി രൂപ വന്നാൽ ഈ വർഷം മുന്നോട്ട് പോകുമ്പോൾ നാലായിരം-അയ്യായിരം കോടി രൂപ വരും. എങ്ങനെ നിങ്ങൾ മാനേജ് ചെയ്യുമെന്ന് അങ്ങ് ചോദിച്ചത് ശരിയാണ്.

നമ്മൾ ചർച്ച ചെയ്യേണ്ടതാണ്. ഒരു സംസ്ഥാനത്തിന് ലഭിക്കേണ്ട പണം കിട്ടാതെ വന്നാൽ അത് ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കും, നമ്മുടെ സ്വാതന്ത്ര്യത്തെ ബാധിക്കും, സംസ്ഥാനങ്ങളിൽ അസ്വസ്ഥതയുണ്ടാകും. ഈ പ്രശ്നം പ്രതിപക്ഷവും ഭരണപക്ഷവും തമ്മിലുള്ള ചെറിയൊരു തർക്കമായി തീരേണ്ടതല്ല. ജി.എസ്.ടി. നടപ്പിലാകുന്ന വർഷം അതിനുമുമ്പ് നമുക്കുണ്ടായിരുന്ന VAT-ഉം സെയിൽടാക്സും സമ്പ്രദായവും തുടർന്നിരുന്നെങ്കിൽ, അന്നത്തെ ആ ടാക്സിന്റെ ഗ്രോത്ത് തുടർന്നിരുന്നെങ്കിൽ നമുക്ക് കഴിഞ്ഞവർഷം ലഭിക്കേണ്ടത് 51,500 കോടി രൂപയാണ്. ജി.എസ്.ടി. നല്ലതാണെന്നല്ല ഞാൻ പറഞ്ഞത്. അങ്ങനെയൊരു സംശയം പ്രതിപക്ഷത്തിനുവേണ്ട. ജി.എസ്.ടി. നിലവിൽവന്നപ്പോൾ കേന്ദ്ര സർക്കാർ പറഞ്ഞത് സംസ്ഥാന വരുമാനവും വാർഷിക വരുമാനത്തിന്റെ 40 ശതമാനവും നൽകാമെന്നാണ്. അങ്ങനെയൊരു സംരക്ഷണമുണ്ടായിരുന്നെങ്കിൽ 54,000 കോടി രൂപ ലഭിക്കേണ്ടതായിരുന്നു. യഥാർത്ഥത്തിൽ കഴിഞ്ഞ വർഷം ലഭിച്ചത് 32,500 കോടി രൂപയാണ്. പഴയ സെയിൽസ് ടാക്സോ വാറ്റോ നിലവിലുണ്ടായിരുന്നെങ്കിൽ കേരളത്തിന് ലഭിക്കേണ്ടതിനേക്കാൾ

ഇരുപതിനായിരത്തിലധികം കോടി രൂപയാണ് ജി.എസ്.ടി. നിലവിൽ വന്നപ്പോൾ നഷ്ടമായത്. ഇക്കാര്യങ്ങൾതന്നെയാണ് എല്ലാ സംസ്ഥാനങ്ങളും പറയുന്നത്. ആന്ധ്രപ്രദേശിലെ കോൺഗ്രസിന്റെ വർക്കിങ് കമ്മിറ്റി മെമ്പറും ആന്ധ്രപ്രദേശിലെ ഉപമുഖ്യമന്ത്രിയും അവിടുത്തെ പി.സി.സി. പ്രസിഡന്റുമായിരുന്ന അദ്ദേഹം ഉൾപ്പെടെ കഴിഞ്ഞ ദിവസം ഇക്കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. ഇത് എല്ലാ സംസ്ഥാനങ്ങളുടെയും ആഭ്യന്തര കാര്യങ്ങളെ ബാധിക്കുകയാണ്. ഹിമാചൽപ്രദേശിലാണ് ജീവനക്കാരുടെ ശമ്പളം നൽകാൻ ബുദ്ധിമുട്ടുണ്ടായത്. അതെല്ലാം ഹിൽ സ്റ്റേറ്റുകളാണ്. ഈ പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴാണ് ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത്. സംസ്ഥാനം ഫണ്ടുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ആകെ മോശമാണെന്ന് ഇവിടെ പ്രതിപക്ഷം പറഞ്ഞില്ലേ? സി. ആൻഡ് എ.ജി.-യുടെ 2022-23-ലെ സ്റ്റേറ്റ് ഫൈനാൻസസ് റിപ്പോർട്ടാണിത്. ഇതിലാണ് കേരളത്തിന് സന്തോഷകരമായ റിപ്പോർട്ട് വന്നത്. കേരളം കടക്കെണിയിലാണെന്നാണ് പ്രതിപക്ഷം പറയുന്നത്. ഏറ്റവും കൂടുതൽ കടമുള്ള സംസ്ഥാനം കേരളമാണെന്ന് പ്രതിപക്ഷം പറയുന്ന സാഹചര്യത്തിലാണ് ഈ റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. ഞാൻ അതിന്റെ

കണക്കുകളൊന്നും പറയുന്നില്ല. നവകേരള സദസ്സ് കഴിഞ്ഞപ്പോൾ 'നവകേരള കടം' എന്ന തലക്കെട്ടിൽ 'സംസ്ഥാന കടം ആറ് ലക്ഷം കോടിയിലേക്ക് എന്ന് മനോരമ ദിനപത്രം ഏതാനും മാസങ്ങൾക്കുമുമ്പാണ് വാർത്ത നൽകിയത്. അതിനുള്ള അവകാശം നമുക്കുള്ളതുകൊണ്ടാണ് അവർ അങ്ങനെ എഴുതിയത്. സാധാരണ അതിന്റെ ഇരട്ടിയാണാകേണ്ടത്. നമ്മൾ എത്ര കടമെടുത്താലും 4,70,000 കോടി രൂപയെ ലഭിക്കുകയുള്ളൂവെന്ന് ഡാറ്റയെല്ലാം പരിശോധിച്ചതിനുശേഷം ഞാൻ പറഞ്ഞു. ഈ പറഞ്ഞ ആറ് ലക്ഷം കോടി രൂപ കടമെടുത്തിരുന്നെങ്കിൽ ഒന്നേകാൽ ലക്ഷം കോടി രൂപ അധികമായി ലഭിക്കുമായിരുന്നു. അതിന് കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. ടാക്സിന്റെ വിഹിതമാണെങ്കിലും സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ലഭിക്കുന്നില്ല. കഴിഞ്ഞ ദിവസം ഈ കടം സംബന്ധിച്ച് സി. & എ.ജി. പറഞ്ഞത് കേരളം വലിയ അപകടാവസ്ഥയിലല്ലെന്നാണ്. ഇത് ചെറിയ കോളത്തിലാണെങ്കിലും വാർത്തയായിവന്നിട്ടുണ്ട്. ഇന്ത്യൻ സംസ്ഥാനങ്ങളെ നാല് വിഭാഗങ്ങളായി തിരിച്ചു. അതിൽ രണ്ടാമത്തെ വിഭാഗത്തിലാണ് ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ വന്നിട്ടുള്ളത്. കേന്ദ്ര സർക്കാരിൽനിന്ന് വലിയ തോതിൽ

ധനസഹായങ്ങൾ ലഭിക്കുന്ന സംസ്ഥാനമായതുകൊണ്ടാണ് ഗുജറാത്തിന്റെ കാര്യം ഞാൻ എടുത്തുപറഞ്ഞത്. ജി.എസ്.ടി.പി.-യുടെ 25 ശതമാനത്തിൽ താഴെ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഞാൻ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയായതുകൊണ്ട് എന്റെ തറവാട് സ്വത്തായിട്ടാണോ കേരളത്തിന്റെ ധനകാര്യത്തെ കാണുന്നത്. കേരളത്തിലെ ജനങ്ങളുടെ പൊതുപ്രശ്നമാണിത്. കേരളത്തിന്റെ അവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന പ്രശ്നമുണ്ട്. ജി.എസ്.ടി. തീരുമാനം വന്നതിനുശേഷം അവിടെ ഞങ്ങൾ എതിർപ്പ് അറിയിച്ചു. ഈ എട്ട് സംസ്ഥാനങ്ങൾ അതിൽ രണ്ട് അജണ്ട ചർച്ച ചെയ്യണമെന്ന് പറഞ്ഞിട്ട് അത് ചർച്ച ചെയ്തില്ല. റേറ്റ് റാഷണലൈസേഷന്റെ കാര്യത്തിൽ ഞങ്ങൾ എതിർത്തില്ല. കാരണം, റേറ്റ് കുറയണം. റേറ്റ് കുറയുമ്പോൾ സംസ്ഥാനങ്ങളുടെ വരുമാനം കുറയാൻ പാടില്ല. അതിന് കോമ്പൻസേഷൻ വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അത് ചർച്ച ചെയ്തില്ല. അതിനുശേഷം 16-ാം ധനകാര്യ കമ്മീഷനെ കാണാൻ പോകുകയും ഒരു മെമ്മോറാണ്ടം നൽകുകയും ചെയ്തു. ജി.എസ്.ടി.-യുടെ ഭാഗമായി സംസ്ഥാനങ്ങളുടെ നികുതിയിൽ വലിയ തോതിൽ കുറവുണ്ടാകുന്നതിന് ഒരു

പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടാനാണ് 16-ാം ധനകാര്യ കമ്മീഷനെ കാണാൻ പോയത്. ഒരു വശത്തുകൂടി അതിന് പരിഹാരം കാണാൻ ശ്രമിക്കുകയും മറുവശത്തുകൂടി ഇവിടെ ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും സാമ്പത്തിക രംഗത്ത് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. സംസ്ഥാനത്തിന്റെ കാര്യങ്ങൾ നല്ല രീതിയിൽ ചെയ്യാൻ സാധിക്കുന്നുണ്ട്. ഇവിടെ പറഞ്ഞ പല കാര്യങ്ങളും അടിസ്ഥാനപരമായി ശരിയല്ലാത്തതിനാൽ ചില കണക്കുകൾ ചൂണ്ടിക്കാണിക്കണമെന്നാണ് ഞാൻ കരുതുന്നത്. ഓരോ മേഖലയിലെ ചെലവ് സംബന്ധിച്ച് നോക്കുമ്പോൾ സംസ്ഥാനത്തിന്റെ നികുതി വരുമാനം 47,660 കോടി രൂപയിൽനിന്ന് 76,682 കോടി രൂപയായി വർധിച്ചു. ആ വർധനവുകൊണ്ടാണ് നമുക്ക് ഇന്ന് പിടിച്ചുനിൽക്കാൻ സാധിച്ചത്. നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലും 7,377 കോടി രൂപയിൽനിന്നും പതിനാറായിരത്തിലധികം കോടി രൂപയായി വർധിച്ചു. റവന്യൂ കമ്മി കുറഞ്ഞു. ധന കമ്മി നേരത്തെ 4.56 ശതമാനമായിരുന്നത് 3.78 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി.പി.-യും ലോണും തമ്മിലുള്ള കടത്തിന്റെ അനുപാതത്തിലും വ്യത്യാസം വന്നിട്ടുണ്ട്. കോവിഡ്

മഹാമാരിക്കാലത്ത് 38 ശതമാനത്തിനടുത്ത് വന്നത് 34 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഫണ്ട് ട്രാൻസ്ഫറിന്റ കാര്യം നേരത്തെ ഞാൻ പറഞ്ഞതാണ്. അതിൽ 78 ശതമാനത്തിന്റെ കുറവാണ് വന്നിട്ടുള്ളത്. സംസ്ഥാനത്തിന്റെ സ്ഥിതി നേരത്തെയുള്ളതിനേക്കാൾ വളരെ മോശമായി എല്ലാം അടച്ചുപൂട്ടപ്പെട്ടുവെന്നാണ് പ്രതിപക്ഷം ഇവിടെ പറഞ്ഞത്. താരതമ്യം ചെയ്ത് പറയുന്നതിൽ എനിക്ക് താൽപര്യമില്ല. എന്നാലും പറയാതിരിക്കാൻ കഴിയില്ല. കേരളത്തിലെ ട്രഷറി പൂട്ടാനുള്ള റിസർവ് ബാങ്കിന്റെ ഉത്തരവാണ് 2002 ഫെബ്രുവരി 14-ലെ Times of India-യുടെ പ്രധാന വാർത്ത. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ആണ്. അതിൽ പറയുന്നത് Chief Minister Antony had sought Union Finance Minister **Sinha's** help on wednesday. The government had also approached the LIC for a loan...... 2002 ഫെബ്രുവരി 14-ലെ Times of India-ൽ വന്ന വാർത്തയാണ്. അതിനുശേഷം 2014, 2015 എന്നീ വർഷങ്ങളിലും ട്രഷറി നിയന്ത്രണങ്ങൾ വന്നിട്ടുണ്ട്. ഇവിടെ ട്രഷറി അടച്ചുപൂട്ടാതിരിക്കാനുള്ള ഫിസ്കൽ മാനേജ്മെന്റ് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ട്രഷറിയിൽനിന്ന് ഒറ്റത്തവണ പിൻവലിക്കാൻ സാധിക്കുന്ന തുക പത്ത് ലക്ഷം രൂപയാണെന്ന്

ഒരു ആരോപണമായിട്ടാണ് പറഞ്ഞത്. നേരത്തെ ഒറ്റത്തവണ പിൻവലിക്കാവുന്ന തുക ഒരു ലക്ഷം രൂപയും അഞ്ച് ലക്ഷം രൂപയുമൊക്കെ ആയിട്ടുണ്ടല്ലോ? ഏതെങ്കിലും കോൺട്രാക്ടർക്ക് പണം ലഭിക്കാതിരിക്കുന്ന സ്ഥിതിയുണ്ടോ? ബിൽ ഡിസ്കൗണ്ടിങ് എന്ന സംവിധാനമുണ്ട്. അതനുസരിച്ച് ആർക്കും പണം ലഭിക്കാത്ത സ്ഥിതിയില്ല. കോൺട്രാക്ടർമാരുമായി ഭരണപക്ഷവും സഹകരിക്കുന്നതാണ്. കോൺട്രാക്ടർമാർക്ക് പണം നൽകുന്നതിൽ തടസ്സമില്ല. ബിൽ ഡിസ്കൗണ്ടിങ്ങുണ്ട്. ഇടയ്ക്ക് ചെറിയൊരു നിയന്ത്രണം വരുമെന്നല്ലാതെ പണത്തിന്റെ കാര്യത്തിൽ തടസ്സമില്ല. കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ കണക്കനുസരിച്ച് പേമെന്റിന്റെ കാര്യത്തിലുണ്ടായ വർധനവിനെക്കുറിച്ച് പറയുകയുണ്ടായി. ആകെയുള്ള കടത്തിൽ 90 ശതമാനം വരെ capital expenditure-നുവേണ്ടി ചെലവാക്കിയെന്ന് ഇതേ റിപ്പോർട്ടിൽ പറയുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം അനുവദിക്കുന്നില്ലെന്ന് ഇവിടെ പ്രതിപക്ഷം പറയാൻ ശ്രമിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ നല്ല രീതിയിൽ വർധനവ് വന്നിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ട് എൽ.എസ്.ജി.ഡി.-ക്ക് നേരത്തെ സ്റ്റേറ്റ് ഓൺ ടാക്സ് റവന്യൂവിന്റെ 3.5

ശതമാനമായിരുന്നു നൽകിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ കഴിഞ്ഞ സംസ്ഥാന ധനകാര്യ കമ്മീഷൻ നാല് ശതമാനമായി വർധിപ്പിച്ചിട്ടുണ്ട്. അതുപോലെ മെയിന്റനൻസ് ഗ്രാന്റ് ആറ് ശതമാനത്തിൽനിന്ന് 6.5 ശമാനമായി ഉയർത്തിയിട്ടുണ്ട്. 2016-17-ൽ പ്ലാൻ ഫണ്ടിന്റെ 22.92 ശതമാനമായിരുന്നു എൽ.എസ്.ജി.ഡി.-കൾക്ക് നൽകുന്നത്. 2024-25 സാമ്പത്തികവർഷത്തിൽ അത് 28.35 ശതമാനമായി വർധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പേമെന്റ് 110 ശതമാനത്തിലധികമാണ്. കഴിഞ്ഞ സാമ്പത്തികവർഷം മാർച്ച് മാസത്തിനുശേഷമുള്ള കണക്കാണ് 110 ശതമാനത്തിലധികം നൽകിയിട്ടുണ്ടെന്നത്. അതിൽ 10 ശതമാനത്തോളം ക്യാരി ഓവറായിരിക്കും. ഈ വർഷത്തെ പേമെന്റിന്റെ കാര്യം ഇവിടെ പറഞ്ഞു. ഇതുവരെ നൽകാനുള്ള പണത്തിൽ രണ്ട് ഗഡു മെയിന്റനൻസ് ഗ്രാന്റും മാസംതോറുമുള്ള ചെലവിന്റെ ഭാഗമായി നൽകുന്ന ആറ് ഗഡു തുകയുമെല്ലാം നൽകിക്കഴിഞ്ഞു. പഞ്ചായത്ത് തിരഞ്ഞെടുപ്പിനുമുമ്പ് ഫണ്ട് നൽകണമെന്നത് എല്ലാവർക്കും അറിയാം. അക്കാര്യത്തിൽ ഒരാശങ്കയുടെയും ആവശ്യമില്ല. കഴിഞ്ഞ വർഷം 110 ശതമാനം നൽകിയ സർക്കാർ എന്തായാലും

പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ കാലത്ത് ഫണ്ട് നൽകാതിരിക്കില്ല. അതിൽ വലിയ വിഷമം യു.ഡി.എഫ്.-ന് വേണ്ട എന്നത് ഞാൻ ആവർത്തിച്ച് പറയുകയാണ്. അതിന് ആവശ്യമായ മുഴുവൻ പണവും സർക്കാർ നൽകും. ഗ്രാമീണ റോഡുകളെല്ലാം അതിനകം പൂർത്തീകരിക്കും. ഗ്രാമീണ റോഡുകളുടെ നിർമ്മാണം ആരംഭിച്ചു. അതിന്റെ കോൺട്രാക്ടർമാർക്ക് നൽകാനുള്ള പണത്തിന് തടസ്സമില്ല. എം.എൽ.എ. ഫണ്ടിന്റെയും എ.ഡി.എസ്.-ന്റെയും എസ്.ഡി.എഫ്.-ന്റെയും കാര്യങ്ങൾ പ്രതിപക്ഷം ഇവിടെ പറഞ്ഞു. അതിലും അതത് സമയത്ത് നൽകേണ്ട പണം 150 കോടി രൂപയും 70 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അടുത്ത ഗഡുവിനും തടസം വരില്ലെന്ന് എം.എൽ.എ.-മാരോട് നേരിട്ട് പറഞ്ഞിട്ടുള്ളതാണ്. ഭരണപക്ഷം ഇതിൽ വേർതിരിവ് കാണിച്ചിട്ടില്ല. നവകേരള സദസ്സിനോട് സഹകരിക്കാത്തവരാണല്ലോ പ്രതിപക്ഷാംഗങ്ങൾ. അവരുടെ നിയോജകമണ്ഡലങ്ങൾക്ക് ഫണ്ട് അനുവദിക്കാതിരുന്നിട്ടില്ല. അങ്ങനെയൊരു വ്യത്യാസം അവിടെ കാണിച്ചിട്ടില്ല. പലരും ബോർഡ് വച്ചതിലും ഫ്ലക്സ് വച്ചതിലും അവരവരുടെ ഫോട്ടോ മാത്രമാണ് വച്ചിട്ടുള്ളത്. നവകേരള സദസ്സ് എന്നുപോലും പറഞ്ഞില്ലെന്ന വിഷമം നമുക്കുണ്ട്. കാരണം

സി.എം.എൽ.ആർ.ആർ.പി.-2, എൽ.എസ്.ജി.ഡി.-യുടെ പ്രത്യേകം പദ്ധതിയായി സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പദ്ധതിയായാണ് അത് ആരംഭിച്ചിരിക്കുന്നത്. ആ സ്കീമിന്റെ പേരെഴുതിയ ബോർഡുണ്ടെങ്കിലെ ഫണ്ട് റിലീസ് ചെയ്യുകയുള്ളൂ. വികസനത്തിന്റെ കാര്യത്തിൽ ഒരു റോഡ് നിർമ്മിക്കുമ്പോൾ ഒരു നിയോജകമണ്ഡലത്തിലെ റോഡിന് വീതി കൂട്ടാതെ അടുത്ത നിയോജകമണ്ഡലത്തിലെ റോഡിന് വീതി കൂട്ടാൻ സാധിക്കുമോ? ഇവിടെ പല കണക്കുകൾ പറയുകയുണ്ടായി. പലതും ആവർത്തനമായതുകൊണ്ട് അതിനെക്കുറിച്ച് സംസാരിക്കുന്നില്ല. ഇത് ഹൃദയമില്ലാത്തൊരു സർക്കാരാണെന്ന് പ്രതിപക്ഷാംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത്. യു.ഡി.എഫ്. ഭരണകാലത്ത് കാർഡിയാക് പ്രൊസീജിയറിന് പണം ലഭിക്കാതെ ആളുകൾക്ക് വിഷമിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ലെന്ന് പറയുകയുണ്ടായി. അതുശരിയാണ്. കാരണം അന്നത്തെ കാലത്ത് കാത്ത് ലാബുകളുണ്ടായിരുന്നില്ല. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ കാത്ത് ലാബുകൾ ഉണ്ടെങ്കിലല്ലേ ഹൃദയശസ്ത്രക്രിയ സംബന്ധിച്ച് ചിന്തിക്കേണ്ടതുള്ളൂ. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ മാത്രം 4000 ഹൃദയശസ്ത്രക്രിയകളാണ് നടത്തിയത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് പാരിപ്പള്ളി മെഡിക്കൽ

കോളേജ് ഉദ്ഘാടനം ചെയ്തത്. എന്നാൽ അവിടെ ക്ലിനിക്കൽ പരിശോധന നടത്താൻ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരേണ്ടിവന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചറായിരുന്നു അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി. സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറിയെന്ന നിലയിൽ എനിക്കും അവിടത്തെ കാര്യങ്ങൾ വ്യക്തമായി അറിയാം. സ്റ്റെതസ്കോപ്പും ബ്ലഡ് പ്രഷർ നോക്കാനുള്ള ഉപകരണവും ഉൾപ്പെടെ ഒരു ഡോക്ടർ എത്തി അവിടെ ചികിത്സ ആരംഭിച്ചത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ്. നിലവിൽ കാസർഗോഡ്, വയനാട് ജില്ലകളിൽ മെഡിക്കൽ ഫീൽഡിൽ ആവശ്യമായ പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്യൽ മാത്രമല്ല നടക്കുന്നതെന്ന് ഓർക്കണം. മഞ്ചേരി നിയോജകമണ്ഡലത്തിന്റെ കാര്യം നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടെ ഉൾപ്പെടെ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആകെ എത്ര തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ടെന്നും എത്ര നഴ്സിങ് കോളേജുകൾ നിലവിൽ വന്നിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. ഞങ്ങൾക്ക് ഇതൊന്നും കാണാതിരിക്കാൻ കഴിയില്ലല്ലോ? എല്ലാ സ്ഥലത്തും കഴിയുന്ന രീതിയിലുള്ള

പ്രവൃത്തികൾ ചെയ്യുന്നുണ്ട്. അന്ന് മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ ആകെ അഞ്ച് കാത്ത് ലാബുകളാണ് ഉണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏഴ് കാത്ത് ലാബുകൾ വീതം പുതുതായി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹൃദയസംബന്ധമായ ചികിത്സ ഏറ്റവും കൂടുതൽ നടത്തുന്നത് തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലാണ്. അതുകൊണ്ടുതന്നെ ഈ സർക്കാരിന് ഹൃദയമില്ലെന്ന് അഭിപ്രായപ്പെടരുത്. ഹൃദയപൂർവം ആളുകളെ ചേർത്തുനിർത്തുന്ന ഒരു സമീപനമാണ് ഞങ്ങൾ സ്വീകരിക്കുന്നത്. I don't care എന്നല്ല ഈ സർക്കാരിന്റെ സമീപനം. We care എന്നാണ്. ഞങ്ങൾ എല്ലാവരുടെയും കാര്യം നോക്കും. എല്ലാവരുടേയും കാര്യം നോക്കുന്ന സർക്കാരാണിത്. ആയിരക്കണക്കിന് ജനങ്ങളുടെ ഹൃദയം കവർന്ന സർക്കാരാണെന്നാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് അഭിപ്രായപ്പെടുന്നത്. അതുകൊണ്ടുതന്നെയാണ് ആളുകളുടെ പിന്തുണ ലഭിക്കുന്നതും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധാരാളം കാര്യങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. അന്ന് പ്രതിപക്ഷം എന്താണ് അഭിപ്രായപ്പെട്ടത്? എൽ.ഡി.എഫ്.

അധികാരത്തിലെത്തിയാൽ ലൈഫ് പദ്ധതി നടപ്പാക്കാൻ പോകുന്നില്ല, ഞങ്ങൾ ശമ്പള പരിഷ്കരണം പുനഃസംഘടിപ്പിക്കും, കിഫ്ബി ഇല്ലാതാക്കും എന്നൊക്കെയാണ്. ഇല്ലാതാക്കുന്ന കാര്യമല്ലാതെ ഒന്നും ആവിഷ്കരിക്കുന്ന കാര്യം നിങ്ങൾ എവിടെയും പറയുന്നില്ല. ഞങ്ങൾ അധികാരത്തിലെത്തിയാൽ എല്ലാ കാര്യങ്ങളും നടപ്പാക്കും എന്നതുകൊണ്ടുതന്നെയാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയത്. ഇത്രയധികം ബുദ്ധിമുട്ടുകൾക്കിടയിലും ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് ആളുകൾക്ക് വിശ്വാസമുണ്ട്. വയനാട്ടും മറ്റ് മേഖലകളിലും എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് ഓരോ അംഗങ്ങളും ചോദിക്കുകയുണ്ടായി. സർക്കാരിനെ വളരെയധികം മോശപ്പെടുത്തിയും ആക്ഷേപിച്ചുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിച്ചത്. ഇങ്ങനെ വേഷമൊക്കെ കെട്ടി നടക്കും, ഒന്നുമില്ല. ഇങ്ങനെ പറഞ്ഞില്ലെന്നേയുള്ളൂ, 'കരിവളയിട്ട് നടക്കാൻ മോഹം, അരിമണിയൊട്ട് കൊറിക്കാനില്ല' എന്ന പാട്ടങ്ങ് പാടിയില്ലെന്നേയുള്ളൂ. പിണറായി സർക്കാർ അല്ലായിരുന്നെങ്കിൽ വിഴിഞ്ഞം തുറമുഖം

കേരളത്തിലുണ്ടാകുമായിരുന്നോ? കോഴിക്കോട്, എറണാകുളം, കണ്ണൂർ, തിരുവനന്തപുരം എന്നീ എയർപോർട്ടുകളിലേക്കുള്ള റോഡുകളും പാലങ്ങളും ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ചു. ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. സംസാരിച്ചപ്പോൾ ഡോണാൾഡ് ട്രംപിന്റെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം നമ്മുടെ സമൂഹത്തിൽ ചർച്ച ചെയ്യണം.

കേരളത്തിലെ വിദ്യാർഥികൾ മുഴുവൻ മറ്റ് രാജ്യങ്ങളിലേക്ക് ഒഴുകിപ്പോകുകയാണെന്നും അത് ഇവിടത്തെ വിദ്യാഭ്യാസം മോശമായത് കൊണ്ടാണെന്നും ഈ സഭയുടെ ആദ്യ വർഷം പരസ്യമായ പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച ധാരാളം റീലുകളും പ്രചരിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസം അത്രയും മോശപ്പെട്ടതല്ലെന്ന് അന്നും ഞങ്ങൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. ലോകമാകെ വെല്ലുവിളിക്കുമ്പോഴും നമ്മുടെ നാട്ടിൽ വിവിധ ഉൽപാദനങ്ങൾ വർധിപ്പിക്കുന്നുണ്ട്. കൂടാതെ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് ജോലി ലഭിക്കണമെന്നത് പ്രധാനമാണ്. കേരളത്തിന്റെ ജനസംഖ്യാരംഗത്തും പുതിയ പ്രതിഭാസങ്ങൾ കാണാൻ കഴിയുന്നുണ്ട്. ജപ്പാനിലെ ഫെർട്ടിലിറ്റി നിരക്ക് 1.3-ഉം കേരളത്തിന്റേത്

1.4-ഉം എന്നതാണ് ഇതുസംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികൾ, ഗവേഷണ കേന്ദ്രങ്ങൾ, ഉൽപാദന കേന്ദ്രങ്ങൾ എന്നിവയെല്ലാം ശക്തിപ്പെടുത്തണമെന്നാണ് ഞങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. വർണ്ണവെറിയും വംശീയവെറിയും അധികമില്ലാത്ത ഒരു രാഷ്ട്രമാണ് ഇംഗ്ലണ്ട് എങ്കിൽപ്പോലും വിവിധ സ്ഥലങ്ങളിൽനിന്നുമുള്ള കുടിയേറ്റക്കാരെ പുറത്താക്കാനുള്ള ശ്രമം ഇപ്പോൾ നടക്കുകയാണ്. ഇന്ന് പഴയതുപോലെ ആളുകൾ പുറം രാജ്യങ്ങളിലേക്ക് പോകുന്നില്ല. പണ്ടുകാലങ്ങളിൽ വിദ്യാഭ്യാസം, ജോലി എന്നീ ആവശ്യങ്ങൾക്കാണ് വിവിധ രാജ്യങ്ങളിലേക്ക് പോകുന്നത്. അതിൽ പ്രധാനമായും ജോലി തേടുന്നതിനാണ് മറ്റുരാജ്യങ്ങളെ തിരഞ്ഞെടുത്തിരുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ നമ്മുടെ നാട്ടിൽ ധാരാളം നൂതനമായ വ്യവസായ സംരംഭങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. വിഴിഞ്ഞം തുറമുഖം, റോഡ്, റെയിൽവെ എന്നിവയുടെ വികസനമെല്ലാം ഇതിനോടനുബന്ധിച്ചുള്ള കാര്യങ്ങളാണ്. വെറുതെ വാചകമടിച്ച് സംസാരിക്കാൻ വേണ്ടി മാത്രമല്ല ഓരോ കാര്യങ്ങളും

ഞങ്ങൾ പറയുന്നത്. ഭരണ-പ്രതിപക്ഷ രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ഒരുമിച്ച് ഇക്കാര്യങ്ങൾ ചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

ജൽജീവൻ മിഷനെക്കുറിച്ച് സംസാരിച്ചപ്പോൾ കേന്ദ്രത്തിന്റെ പണം തിരിമറി നടത്തിയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അഭിപ്രായപ്പെടുകയുണ്ടായി. അത് പിൻവലിക്കേണ്ടതായിരുന്നു. ആ സമയത്ത് അക്കാര്യം ഉന്നയിച്ചില്ലെന്നേയുള്ളൂ. രേഖയിൽ ഉണ്ടാകണമെന്നാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ അക്കാര്യം അങ്ങനെതന്നെ നിൽക്കട്ടെ. ജൽജീവൻ മിഷൻ എന്നത് 40,000 കോടി രൂപയുടെ കേന്ദ്രസർക്കാർ പദ്ധതിയാണ്. കേന്ദ്രസർക്കാർ പദ്ധതികളുടെ ചില രീതികളെ സംബന്ധിച്ച് എനിക്കും വ്യത്യസ്ത അഭിപ്രായമാണുള്ളത്. ഇന്ത്യ മുഴുവൻ പദ്ധതി പ്രഖ്യാപനം ചെയ്യുകയും പൈപ്പ് സ്ഥാപിക്കുകയും ചെയ്തശേഷം ഒരിടത്തും തുക അനുവദിക്കാത്ത സ്ഥിതിയാണുള്ളത്. പദ്ധതി നടത്തിപ്പിന് 500 കോടി രൂപ സംസ്ഥാനസർക്കാർ വിഹിതമാണെങ്കിൽ അതേ 500 കോടി രൂപ കേന്ദ്രസർക്കാർ വിഹിതമായിരിക്കണമെന്നാണ് കണക്ക്. നിലവിൽ സംസ്ഥാനസർക്കാർ വിഹിതമായ 500 കോടി രൂപ നൽകിട്ടും കേന്ദ്രസർക്കാർ തുക നൽകാത്തതുകൊണ്ടാണ് പണി

പൂർത്തിയാക്കാൻ കഴിയാത്തത്. എന്നാൽ ആരംഭിച്ച പദ്ധതിയിൽനിന്നും ഞങ്ങൾ പുറകോട്ട് പോകില്ല. പദ്ധതി അടുത്തൊരു വർഷംകൂടി നീട്ടുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ കഴിഞ്ഞ ബജറ്റിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെയും ഇതുസംബന്ധിച്ച കാബിനറ്റ് തീരുമാനമായിട്ടില്ല. നിലവിൽ കേരളസർക്കാർ 5,000 കോടി രൂപ നബാർഡ് മുഖേന ലോണെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 5,000 കോടി രൂപ വിഹിതം നൽകുമ്പോൾ കേന്ദ്രസർക്കാരും വിഹിതത്തിന് തുല്യമായ തുക അനുവദിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ 10,000 കോടി രൂപയുടെ പ്രവൃത്തി ചെയ്യാൻ കഴിയും. കാരണം കേന്ദ്രത്തെ വിശ്വസിച്ച് റോഡുകളെല്ലാം വെട്ടിപ്പൊളിച്ചിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം തിരിമറി എന്ന പദം ഉപയോഗിച്ചത് വിഷമകരമായി എന്നതുകൊണ്ടുതന്നെയാണ് ഇത്രയധികം കാര്യങ്ങൾ ഇവിടെ വിശദീകരിക്കേണ്ടിവന്നത്. ഞങ്ങൾ ഒരു രൂപ പോലും വകമാറ്റി ചെലവഴിച്ചിട്ടില്ല. കേന്ദ്രസർക്കാർ 500 കോടി രൂപ നൽകുകയാണെങ്കിൽ 1,000 കോടി രൂപയുടെ പദ്ധതിയാണ് ഇവിടെ ആവിഷ്കരിച്ചിട്ടുള്ളത്.

ചില പോസ്റ്റുകളുടെ കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മൾ സ്കൂളിൽ പഠിക്കുന്ന സമയത്ത് വർഷാവർഷം ഏകദേശം ആറ് ലക്ഷം കുട്ടികളാണ് ഒന്നാം ക്ലാസിൽ പ്രവേശം നേടുന്നത്. എന്നാൽ ഇപ്പോൾ മൂന്ന് ലക്ഷം പേരിൽ താഴെയാണത്. കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമാക്കിയ കണക്കനുസരിച്ച് 2,86,000 കുട്ടികൾ മാത്രമാണ് ഈ വർഷം എയ്ഡഡ്/ അൺഎയ്ഡഡ്/സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുള്ളത്. എന്നാൽ നിലവിലുള്ള പോസ്റ്റുകൾ അനുവദിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്യുമെന്നതിൽ യാതൊരു തർക്കവുമില്ല. സംസ്ഥാന സർക്കാരിന് മുമ്പിൽ നിലവിലുള്ള റെഗുലർ പോസ്റ്റുകളിൽ നിയമനം നടത്താൻ തടസ്സമില്ല. ഭിന്നശേഷി അധ്യാപക സംവരണവുമായി ബന്ധപ്പെട്ട വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലുള്ളതാണെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ ഒൻപതര വർഷം കൊണ്ട് മൂന്ന് ലക്ഷം പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയ ഒരു സർക്കാരാണിത്. ഇന്ത്യയിലെ ആകെ നിയമനങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ അതിൽ അറുപത് ശതമാനം നിയമനങ്ങളും

കേരളത്തിൽ നടന്നിട്ടുള്ളതാണെന്ന് മനസ്സിലാക്കാം. ഏത് സംസ്ഥാനത്താണ് കൃത്യമായി ഉദ്യോഗസ്ഥരെ നിയമിക്കുന്നത്? മറ്റുസംസ്ഥാനങ്ങളിൽ അത്രയും കുറവ് എണ്ണം നിയമനങ്ങൾ മാത്രമാണ് നടത്തുന്നതെന്നാണ് മനസ്സിലാകുന്നത്.

എല്ലാ മേഖലകളിലും തുക വകയിരുത്തിയതിന്റെ കൃത്യമായ കണക്കുകളുണ്ട്. നികുതിയുടെ കാര്യത്തിൽ പെർഫോമൻസ് മോശമായെന്ന അഭിപ്രായം സർക്കാരിനില്ല. ജി.എസ്.ടി. വന്നതിനുശേഷം പരിമിതികളുണ്ട്. ഈ വർഷത്തെ നികുതി ഫാക്ട് ഷീറ്റിൽ സൂചിപ്പിച്ച 2.5 ശതമാനത്തിന്റെ കണക്ക് സംബന്ധിച്ച് ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും സൂചിപ്പിച്ചത് വളരെ ശരിയാണ്. നികുതിയിൽ കളക്ഷനും റവന്യൂവും ഉൾപ്പെടുന്നുണ്ട്. കളക്ട് ചെയ്ത നികുതിയിൽ അഡ്ജസ്റ്റ്മെന്റ് വരുത്തിയശേഷം ലഭിക്കുന്നതാണ് റവന്യൂ. സംസ്ഥാനത്ത് ലഭ്യമായ കളക്ഷനിൽനിന്ന് 965 കോടി രൂപ കേന്ദ്രം പിടിച്ചെടുത്തു. ഐ.ജി.എസ്.ടി. പൂളിൽ നിന്ന് 36,000 കോടി രൂപ മറ്റു സംസ്ഥാനങ്ങൾ അധികമായി എടുത്തിട്ടുണ്ട്. ഐ.ജി.എസ്.ടി. വിഷയത്തിൽ കേരളത്തിന് വലിയ നഷ്ടമാണുണ്ടാകുന്നതെന്ന് ഞങ്ങൾ ആദ്യമേ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും പരിഹരിച്ചിട്ടില്ല.

ഇക്കാര്യവും ബജറ്റ് അവതരിപ്പിച്ചതിനുശേഷമാണ് സംഭവിച്ചത്. കേരളത്തിൽ നിന്ന് പിടിച്ചെടുത്ത ടി തുക തിരിച്ചുനൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക കൂടി ഉണ്ടായിരുന്നെങ്കിൽ പത്ത് ശതമാനത്തോളം അധികം വളർച്ച കേരളത്തിനുണ്ടാകുമായിരുന്നു. സംസ്ഥാനത്തെ ജി.എസ്.ടി. കളക്ഷനിൽ വർധനവ് വന്നിട്ടുണ്ടെന്നത് ഈ അവസരത്തിലും എടുത്തുപറയേണ്ട കാര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിലുള്ള കാര്യങ്ങളിലും ചെലവിനത്തിനും കുറവൊന്നും വന്നിട്ടില്ലെന്ന കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ക്ഷേമ പെൻഷൻ ഇനത്തിലാണ് ഏറ്റവും കൂടുതൽ ചെലവുണ്ടാകുന്നത്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ ചെലവായിരുന്ന തുക 9,011 കോടി രൂപയായിരുന്നു. എന്നാൽ ഒന്നാം പിണറായി സർക്കാർ 35,054 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷൻ ഇനത്തിൽ നാളിതുവരെ 42,841 കോടി രൂപ ചെലവായി. ഇത് വരും നാളുകളിൽ 50,000 കോടി രൂപയിലേക്കെത്തുമെന്ന് പ്രതീക്ഷിക്കുന്നു. ക്ഷേമപെൻഷൻ വിതരണത്തിൽ യാതൊരു രീതിയിലും

കുറവോ കുടിശ്ശികയോ ഉണ്ടാകില്ല. അവർക്ക് ഗുണംചെയ്യുന്ന തീരുമാനമെടുക്കാതെ ഈ സർക്കാർ മുന്നോട്ടുപോകില്ലെന്നതിൽ യാതൊരു സംശയവുമില്ല.

യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് 1,466 കോടി രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 5,002 കോടി രൂപയും രണ്ടാം പിണറായി സർക്കാർ നാളിതുവരെ 7,830 കോടി രൂപയും നൽകിയിട്ടുണ്ട്. അത് 10,000 കോടി രൂപയിലേക്കെത്തുമെന്നതിൽ സംശയമില്ല. പല സ്ഥലത്തും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളുടെ പണി പുരോഗമിക്കുന്നുണ്ട്. മുൻകാലങ്ങളിലെപോലെ ഓണക്കാലത്ത് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും ലഭിച്ചില്ല എന്ന തരത്തിൽ എവിടെയെങ്കിലും സമരം നടത്തിയതായുള്ള വാർത്ത നിലവിൽ ശ്രദ്ധിക്കപ്പെട്ടോ?

എസ്.സി./എസ്.റ്റി. സ്കോളർഷിപ്പ് സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. എസ്.സി./എസ്.റ്റി. സ്കോളർഷിപ്പിൽ പ്രോത്സാഹന സമ്മാനമായി സ്വർണ്ണനാണയമല്ല പകരം തുകതന്നെയാണ് നൽകുന്നത്.

മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, സ്കോളർഷിപ്പിൽ പണം നൽകിയതുസംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രചരണങ്ങൾ നടത്തരുത്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ അഞ്ച് വർഷം കൊണ്ട് 2,069 കോടി രൂപയാണ് എസ്.സി./എസ്.ടി. മേഖലയിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ സമയത്ത് 3,853 കോടി രൂപ നൽകുകയുണ്ടായി. നിലവിലെ സർക്കാർ നാലേകാൽ വർഷം കൊണ്ട് 5,126 കോടി രൂപയാണ് എസ്.സി./എസ്.ടി. മേഖലയിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകിയിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിപ്പിക്കരുതെന്ന് പറഞ്ഞതിന്റെയടിസ്ഥാനത്തിലാണ് ഞാൻ ഇപ്പോൾ സംസാരിക്കുന്നത്. 18-09-2025-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളു നിയമസഭയിൽ നൽകിയ മറുപടിയിന്മേലുള്ള കുടിശ്ശിക വിവരമാണ് ഞാൻ വായിച്ചത്. നിങ്ങളുടെ മന്ത്രിസഭയിലെ മന്ത്രി ബന്ധപ്പെട്ട വകുപ്പിലെ സ്കോളർഷിപ്പിന്റെ

കുടിശ്ശികയെക്കുറിച്ചുതന്നെ കണക്ക് എങ്ങനെയാണ് തെറ്റിദ്ധരിപ്പിക്കലാകുന്നത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ഭീമമായ തുക കുടിശ്ശികയെന്ന് പറയുകയുണ്ടായി. അങ്ങ് സൂചിപ്പിച്ച കുടിശ്ശിക തുകകൾ കൂട്ടുമ്പോൾ ഇരുന്നൂറ്റി ചില്വാനം കോടി രൂപയുണ്ടാകും. ഈ സമയത്ത് പ്രത്യേകിച്ച് അവസാന മാസത്തേത് 200 കോടി രൂപയോളം കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടാകും, അത് അംഗീകരിക്കുന്നു. ആകെ നൽകിയ കുടിശ്ശിക പരിശോധിക്കുമ്പോൾ അറിയാൻ കഴിയും. അങ്ങനെ മാറ്റി വയ്ക്കുമോ? നാല് വർഷം കൊണ്ട് കുടിശ്ശിക ഇനത്തിൽ 5,126 കോടി രൂപ നൽകിയ സർക്കാർ ഇപ്രകാരം 100-200 കോടി രൂപ അനുവദിക്കാതിരിക്കുമോ? ടി വിഷയവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയോടും വകുപ്പുദ്യോഗസ്ഥരോടും ചർച്ച ചെയ്തിട്ടുള്ളതാണ്. ബിൽ വരുന്ന മുറയ്ക്ക് പ്രസ്തുത തുകയും സർക്കാർ നൽകും. നിലവിൽ പല വകുപ്പുകളും തുക മാറുന്നതിന് പഴയ ബില്ലുകൾ വളരെയധികം ലേറ്റായി നൽകുന്ന പ്രവണതയുണ്ട്. അക്കാര്യം ശ്രദ്ധിക്കണം. ഇത്രയും വലിയ തുകയായ 5,126 കോടി രൂപ നൽകാൻ ഓരോ വർഷവും 1,250

കോടി രൂപ വീതം നൽകിയിട്ടുണ്ടെന്നതാണ് വസ്തുത. എസ്.സി., എസ്.ടി., ഒ.ഇ.സി. എന്നീ വിഭാഗത്തിലുള്ളവരുടെ സ്കോളർഷിപ്പും e-Grantz-ഉം ഉൾപ്പെടെ നൽകുന്നതിന് യാതൊരുവിധ തടസ്സവും വരുത്തുകയില്ലെന്ന് ഈ അവസരത്തിൽ ഞാൻ ഉറപ്പുനൽകുകയാണ്. സ്കൂൾ പാചക തൊഴിലാളികൾ, പ്രീ പ്രൈമറി, നെല്ല് സംഭരണം എന്നീ വിഷയങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചതുകൊണ്ട് ഞാൻ അവയെക്കുറിച്ച് പറയുന്നില്ല. വിപണി ഇടപെടൽ, റേഷൻ സബ്സിഡി ഉൾപ്പെടെ എല്ലാ മേഖലയിലും വലിയ തോതിൽ തുക അധികം കൊടുത്തതിന്റെ കണക്കുകളുണ്ട്. എല്ലാ മേഖലയിലും ആവശ്യാനുസരണം തുക എത്തിക്കാൻ ശ്രമിക്കുന്ന സർക്കാരാണിത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ വളരെയധികം ഉള്ളപ്പോഴും രാഷ്ട്രീയഭേദമില്ലാതെ നമ്മൾ ഒറ്റക്കെട്ടായി നേരിടേണ്ടതുണ്ട്. വരുന്ന ആഴ്ചയിലെങ്കിലും ജി.എസ്.ടി.-യെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇന്ത്യയിലെ ഒട്ടുമിക്ക എല്ലാ സംസ്ഥാനങ്ങൾക്കും ജി.എസ്.ടി. വിഷയത്തിന്മേൽ ഇടപെടാൻ താൽപര്യമുണ്ടെങ്കിലും പ്രതിപക്ഷ സംസ്ഥാനമെന്ന നിലയ്ക്ക് എട്ട് സംസ്ഥാനങ്ങൾ മാത്രമേ ഞങ്ങളോടൊപ്പം ചേർന്നുള്ളൂ. ടി വിഷയത്തിൽ

ഒറ്റക്കെട്ടായി മുന്നോട്ടുപോകണമെന്നാണ് എന്റെ അഭിപ്രായം. സംസ്ഥാനങ്ങൾക്ക് നികുതി വരുമാനം കുറയുന്നതിനനുസൃതമായി കേന്ദ്രത്തിൽനിന്നും കോമ്പൻസേഷൻ ലഭിച്ചില്ലെങ്കിൽ ഏത് സർക്കാരായാലും പ്രതിസന്ധിയിലാകും. നിലവിൽ നമ്മൾ അനുഭവിക്കുന്ന പ്രതിസന്ധിയെ അഡ്ജസ്റ്റ് ചെയ്യുന്നുണ്ടെങ്കിലും അതിനും പരിധിയുണ്ട്. കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന നികുതി വിഹിതം 3.82 ആയിരുന്നെങ്കിൽ അതിൽ കുറവുവരുത്തി ഇപ്പോൾ 1.92 മാത്രമാണ് ലഭിക്കുന്നത്. 1.92 എന്നത് 27,000 കോടി രൂപയാണെന്ന് ഓർക്കണം. കേരളത്തിന് കിട്ടേണ്ടതിന്റെ ഇരട്ടി തുകയാണ് ലഭിക്കാതെയാകുന്നത്. പതിനാറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് 2025 ഒക്ടോബർ 31-ന് വരും. സാധാരണഗതിയിൽ ഒക്ടോബർ മാസത്തോടുകൂടി റിപ്പോർട്ട് വരുന്നതാണ്. വരുന്ന അഞ്ച് വർഷത്തേക്കുറിച്ചുള്ള ഒരു അവലോകനം റിപ്പോർട്ടിലൂടെ അറിയാൻ സാധിക്കും. നികുതിയുടെ കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് 41 ശതമാനം വീതം തരുമ്പോൾ കളക്ട് ചെയ്യുന്ന സെസ്സിന്റെയും സർചാർജിന്റെയും വിഹിതം കേന്ദ്ര ഗവൺമെന്റ് നമുക്ക് തരുന്നില്ല. അങ്ങനെ വരുമ്പോൾ നമുക്ക് 31-32 ശതമാനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇത്തരം വിഷയങ്ങൾ

രാഷ്ട്രീയഭേദമില്ലാതെ സജീവമായി സഭയിൽ ചർച്ച ചെയ്യേണ്ടതാണ്. ഇവിടെ നമ്മൾ ഇതിനകത്തൊരു വലിയ ബാലൻസിങ് ട്രപ്പീസ് ആണെന്ന് പറയാം. ഇത്തരം സാഹചര്യത്തിൽ എങ്ങനെയാണ് ഒരു സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയുന്നത്? കേന്ദ്രം ഇങ്ങനെ കീഴ്പ്പെടുത്താൻ ശ്രമിക്കുമ്പോഴും കേരളീയനെന്ന നിലയിൽ പ്രതീക്ഷയോടെ കേരളത്തിലെ ഓരോരുത്തരുടെയും താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട്, അത്തരം ശ്വാസംമുട്ടിക്കലിനുമുമ്പിൽ കീഴടങ്ങാൻ പാടില്ല. ടി വിഷയത്തിൽ നമുക്ക് യാതൊരു രാഷ്ട്രീയഭേദവുമില്ല. വയനാട് ദുരന്തമുണ്ടായപ്പോൾ കേന്ദ്രത്തിൽനിന്നും കടമായിട്ടാണ് സഹായധനം ലഭിച്ചത്. കടം ലഭിക്കുന്നതിനുമുമ്പേ ആദ്യത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 750 കോടി രൂപയാണ് വയനാട് റീഹാബിലിറ്റേഷനുവേണ്ടി മാറ്റിവയ്ക്കുന്നുവെന്നാണ് പറഞ്ഞത്. ഓരോരുത്തരും പണം കണ്ടെത്തേണ്ട അവസ്ഥയാണ്. ഇത്രയധികം ബുദ്ധിമുട്ട് നേരിടുന്നെങ്കിലും സാമൂഹിക ക്ഷേമ പെൻഷൻ, ലൈഫ് പദ്ധതി തുടങ്ങിയ പദ്ധതികൾക്കും ആശുപത്രികൾക്കും സ്കൂളുകൾക്കും നൽകുന്നതുമായ ധനസഹായം, സ്കൂളുകളിൽ നൽകുന്ന ഉച്ചഭക്ഷണം എന്നിവ നിർത്തുകയില്ല. പക്ഷേ ഈ പ്രതിസന്ധി തരണംചെയ്യണമെങ്കിൽ ഇന്ത്യാ

ഗവൺമെന്റിന്റെ നയം മാറണം. ടി വിഷയത്തിൽ ഞങ്ങൾ അഭിപ്രായം പറയണമോ വേണ്ടയോ എന്നൊക്കെ ഇവിടെ ചോദിച്ചു? ശ്രീ. എ. പി. അനിൽ കുമാറിനെപ്പോലെ സീനിയറായ ഒരംഗം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഒരൊറ്റ അക്ഷരം പറഞ്ഞിട്ടുണ്ടോയെന്ന് ചോദിക്കാൻ പാടില്ലായിരുന്നു. ഏതെങ്കിലും സംസ്ഥാനത്തെ മുഖ്യമന്ത്രി ഡൽഹിയിൽ പോയി ബി.ജെ.പി. സർക്കാരിനെതിരെ സമരം ചെയ്യാൻ തയ്യാറായിട്ടുണ്ടോ? കേരളത്തിൽ പറയുന്നതിനേക്കാൾ നിലവാരം താഴ്ന്നതാണോ ഡൽഹിയിൽ പറയുന്നത്? പ്രധാനമന്ത്രിയുടെ മൂക്കിനുകീഴിൽ പാർലമെന്റ് സീറ്റിൽ, കേരളത്തിലെ മന്ത്രിമാരും എം.എൽ.എ.-മാരും അണിനിരക്കുന്നതിന് ഞങ്ങൾ നിങ്ങളെയും ക്ഷണിച്ചിരുന്നു, മറ്റുള്ള സംസ്ഥാനങ്ങളിൽനിന്ന് നിങ്ങളുടെ ഘടകകക്ഷികളിലുള്ള പ്രതിനിധികൾ വന്നിട്ടുണ്ടായിരുന്നു. ഞങ്ങൾക്ക് വ്യക്തമായ രാഷ്ട്രീയ നിലപാടുകളുണ്ട്, അവ ഓരോ ദിവസവും പറയുന്നതുമാണ്. കേരളത്തിലെ എൽ.ഡി.എഫ്.-നോട് മത്സരിക്കാനാണോ പ്രമുഖ നേതാക്കളായ ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്ക ഗാന്ധിയും തയ്യാറാകേണ്ടത് എന്നുകൂടി എനിക്ക് ചോദിക്കേണ്ടതായി വരും.

ഇന്ത്യയിലെ എൽ.ഡി.എഫ്.-ന്റെയും ഇന്ത്യാമുന്നണിയുടെയും ഭാഗമാണ് ഞങ്ങൾ, ആ സഖ്യത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവരുമാണ്. എന്നാൽ ഞങ്ങൾ മുന്നണിയെ ദുർബലപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ല. ഞങ്ങൾ അഭിപ്രായം പറയുന്നവരാണ്. കേരളത്തിൽ ശ്രീ. അമിത് ഷാ-യെ പോലെ ഇന്ത്യാ മുന്നണി നേതാക്കന്മാർ വന്നപ്പോഴും നമ്മൾ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഞങ്ങൾക്ക് നിലപാടുകളിൽനിന്നുകൊണ്ട് ശക്തമായി മുന്നോട്ടുപോകണം. അതിൽ ഞങ്ങൾ കോംപ്രമൈസ് ചെയ്യേണ്ടതില്ല. സംസ്ഥാന ഗവൺമെന്റ് അക്കാര്യം പറഞ്ഞിട്ടുണ്ട്. ആ നിലപാടിനകത്തുതന്നെയാണ് നിൽക്കുന്നത്. നമുക്ക് ശക്തമായി ആ നിലപാടുകൾ കൊണ്ടുപോകണം.

നികുതി വിഷയത്തെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ലെങ്കിലും ഇവിടെ പറഞ്ഞ കണക്കുകളെക്കുറിച്ച് ഓരോന്നും എടുത്ത് പറയാം. സർക്കാർ കഴിഞ്ഞ നാല് വർഷമായി ടാക്സ് വർധിപ്പിച്ചിട്ടില്ല. മദ്യത്തിന് നികുതി വർധിപ്പിക്കാത്ത കാലയളവായിരുന്നു ഇത്. മുൻകാലങ്ങളിൽ രണ്ടുവർഷം കൂടുമ്പോൾ മദ്യത്തിന് നികുതി വർധിപ്പിക്കുമായിരുന്നു. മദ്യത്തിന് സെസ്സ് ഏർപ്പെടുത്തിയതല്ലാതെ നികുതി വർധിപ്പിച്ചിട്ടില്ല.

നികുതി വെട്ടിപ്പ് തടയുന്നതിനായി ഗോൾഡ്, മദ്യം എന്നിവയിൽ വൻതോതിലുള്ള റെയ്ഡുകൾ സർക്കാർ നടത്തിയിട്ടുണ്ട്, നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഉപനേതാവ്, മറ്റ് എം.എൽ.എ.-മാർ, ആരൊക്കെ എതിർത്താലും സർക്കാർ ഓരോ വിഷയവും ഗൗരവത്തോടെ കൈകാര്യം ചെയ്യുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കാരണം സംസ്ഥാനത്തിന്റെ വരുമാനമാണ് നികുതി. നികുതി വെട്ടിപ്പിലൂടെയും മറ്റും വഞ്ചിക്കാൻ ഏതൊരു വ്യക്തി മുതിർന്നാലും കീഴ്പ്പെടുന്ന പ്രശ്നമില്ല. പക്ഷെ ഇവിടുത്തെ പ്രശ്നം കേന്ദ്ര സർക്കാർ ഇങ്ങനെ സാമ്പത്തികമായി ഞെരുക്കി ശ്വാസംമുട്ടിച്ചാൽ, നമ്മൾ എങ്ങനെ മുന്നോട്ടുപോകുമെന്നുള്ളതാണ്? അതിനുള്ള മാർഗം കേന്ദ്ര ഗവൺമെന്റ് നയം മാറണം. നമുക്ക് ഒരുമിച്ചുനിന്ന് പോരാടാം.

ഹിന്ദു പത്രത്തിന്റെ ഒരു ചർച്ചയിൽ തൃണമൂൽ കോൺഗ്രസിന്റെ പ്രതിനിധികളുൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും എട്ട് മന്ത്രിമാർ പങ്കെടുത്തു. പൊതുപ്രവർത്തന കാര്യത്തിൽ കേരളത്തിൽ നിങ്ങൾ എങ്ങനെയാണെന്ന് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, കേരളത്തിൽ ഞങ്ങൾക്ക് രാഷ്ട്രീയപരമായി വ്യത്യസ്ത അഭിപ്രായമാണുള്ളത്, ആ നയം

തുടരും. എന്നാൽ കേരളവും മറ്റു സംസ്ഥാനങ്ങളും ഇന്ത്യയും എന്നും നിലനിൽക്കണം. കേരളത്തിന് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട കോടിക്കണക്കിന് തുകയ്ക്കുവേണ്ടി രാഷ്ട്രീയ ഭേദമന്യേ ഞങ്ങൾ ഒരുമിച്ച് പോരാടും. കേരളത്തിലെ ചെറുപ്പക്കാർ ലോകത്തെല്ലായിടത്തും ജോലിചെയ്യുന്നു. എന്നാൽ ഇന്ന് കേരളത്തിനകത്ത് ജോലി ചെയ്യാനും വ്യവസായം നടത്താനും മികച്ച അന്തരീക്ഷമാണുള്ളത്. സംസ്ഥാനത്തെ ഇക്കണോമിക് ആക്റ്റിവിറ്റി വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ആവശ്യമായ സഹായം നൽകാനാണ് ധനകാര്യ വകുപ്പ് ശ്രമിക്കുന്നത്. ഇനിയും ധാരാളം ജനകീയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനാണ് ആഗ്രഹിക്കുന്നത്. ചർച്ചകളുടെ അടിസ്ഥാനത്തിൽ വന്ന സ്പിരിറ്റ് നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ ജനകീയമായ കാര്യങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യുന്നതാണ്. അതിന് ധനകാര്യവകുപ്പ് പൂർണ്ണമായ പിന്തുണയും നൽകും. ഈ ഉപക്ഷേപത്തിന്റെ ഭാഗമായി നടന്ന ചർച്ചയിൽ അടിയന്തര പ്രാധാന്യം നൽകേണ്ട പ്രശ്നങ്ങൾ ഒന്നുംതന്നെ കാണുന്നില്ലെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

Uncorrected/Not for publication
29-09-2025

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, അങ്ങ് അവതരിപ്പിച്ച ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... നേരത്തെ നിയമനിർമ്മാണ ചർച്ചയിൽ ശ്രീ. ഡി. കെ. മുരളി അഞ്ച് മിനിറ്റ് സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം സമയകൃത്യത പാലിച്ചുകൊണ്ട് ചെയറുമായി സഹകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.